L. No. 290. Dd. 28-11-1933 Reg. No. T. 105 of 1120

# സുപ്രഭാതം

## കേരളരാജ്യം കേരളഭാഷ
## കേരളസംസ്കാരം

ഇത്രയുമാണ് മലയാളികളുടെ യഥാർത്ഥവും ശാശ്വതവുമായ സ്വകാര്യസ്വത്തുക്കൾ. ഇവയുടെ പരിരക്ഷണവും പരിപോഷണവും ഓരോ കേരളീയന്റെയും ആയുഷ്കാലധർമ്മമാണെന്ന് ബോദ്ധ്യം വരുമ്പോൾ അവന്റെ ജനനമരണങ്ങൾപോലും ഒരു നിശ്ചിതവ്യവസ്ഥയിൽപെട്ട മഹനീയസംഭവങ്ങളായി മാറുകതന്നെചെയ്യും.

പത്രാധിപന്മാർ { ബോധേശ്വരൻ
കെ. സി. പിള്ള

# വിഷയവിവരം.


| | | | |
|---|---|---|---|
| | | | പുറം. |
| 1. | മാതൃസ്മരണം | ഴഖാദേശ്വരൻ | 1 |
| 2. | പത്രാധിപക്കുറിപ്പുകൾ | | 2 |
| 3. | വിദ്യാഭ്യാസപദ്ധതിയുടെ ചില വശങ്ങൾ | എൻ. ചന്ദ്രശേഖരപിള്ള ബി. ഏ., എൽ. ടി. | 10 |
| 4. | ആതിഥേയി | എം. പ്രഭ ബി. ഏ., ബി. എൽ. | 12 |
| 5. | യന്ത്രയുഗവും സത്യഗ്രഹവും | ഏ. ജി. കൃഷ്ണവാര്യർ എം. ഏ., ബി. റ്റി. | 17 |
| 6. | അതിഥി | പട്ടം, എൻ. ഗോപാലൻനായർ ബി. ഏ., ബി. എൽ. | 24 |
| 7. | നിരൂപണത്തെപ്പറ്റി | പി. ശ്രീധരൻപിള്ള ബി. ഏ. | 25 |
| 8. | മായ | പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി | 29 |
| 9. | സ്വാഗതം | കീഴ്ക്കുളം രാമൻപിള്ള എം. ഏ. | 34 |
| 10. | നൃത്യകല | ഗോപിനാഥ് | 36 |
| 11. | ഗ്രന്ഥനിരൂപണം | | |
| I. | പരിണാമം | ഞാറ്റുവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. ഏ., ബി. എൽ. | 41 |
| II. | വിചാരവിപ്ലവം | സരോജകുമാർ | 43 |
| III. | വാർദ്ധക്യത്തിലും യൌവനം | പി. കെ. പരമേശ്വരൻനായർ ബി. ഏ. | 46 |
| 12. | പ്രത്യാഖ്യാനത്തിനു മറുപടി | സി. കേ. കേശവൻ ബി. ഏ. | 47 |



Printed at the "Bharath Press"—Puthenchanthai, Trivandrum.

# സുപ്രഭാതം

പുസ്തകം 7 | 1121 കന്നി | ലക്കം 2

## മാതൃസ്മരണം.

(ബോധേശ്വരൻ)

കേരളം, അതു് മലയാളിയുടെ കുടുംബം.

മധുരസ്മരണകൾ ഒളിഞ്ഞുകിടക്കുന്ന ഒരു പുരാതന മാനവസമുദായത്തിൻെറ ഭൂവിഭാഗം. നൈസർഗ്ഗികതയുടെ മനോഹരവീചികൾ നവംനവങ്ങളായി തത്തിക്കളിക്കുന്ന ഒരു മഹാരാജ്യം. ധിഷണാശക്തിയും ആകാരസുഷമയും കൈകോർത്തുനിന്നു് ശോകഹാസ്യാദിരസങ്ങൾ അഭിനയിച്ചുകൊണ്ടിരിക്കുന്ന ഒരു കലാക്ഷേത്രം.

മഹത്വത്തിൻെറ വിശുദ്ധാസ്ഥിപഞ്ജരങ്ങൾ സമാഹരിക്കപ്പെട്ട വീര്യത്തിന്റെ വിനോദഭൂമി. ശിഥിലീകരിക്കപ്പെട്ട മഹിതാഭിലാഷങ്ങളുടെ മഹച്ചരിതങ്ങൾ തളൎന്നുനിന്നു് തണലേൽക്കുന്ന കുളൎമയേറിയ ഛായാതലം.

കടലും, കായലും, കുന്നും, മേടും, ആറും, തോടും, കാവും, കുളവും നിറഞ്ഞു് ത്തുടൎന്നുകിടക്കുന്ന കൈരളിയുടെ കളിത്തോപ്പ്. ആട്ടിൻപററങ്ങളും കാലിക്കൂട്ടവും അതിനോടൊപ്പം ആനക്കുട്ടികളും ഗാൎഹികമാക്കപ്പെട്ട നമ്മുടെ ശ്രീഭൂയിഷ്ഠമായ തറവാട്.

ഹൈന്ദവക്ഷേത്രങ്ങൾ, ക്രൈസ്തവ മുസ്ലീം മതാലയങ്ങൾ ഇവ ഓരോന്നമൊത്തിണങ്ങി നൂററാണ്ടുകളായി വളൎന്നുതഴച്ചു് അഭിന്നവും ഏകാന്തദവുമായ സംസ്കാരസൌരഭ്യം [illegible] ഏതൊരു ഭൂവാടികയെ അനന്യഭാസുരമാക്കിത്തീൎക്കുന്നുവോ അവിട [illegible] ഇക്കിടാങ്ങളുടെ ശ്രദ്ധാഭക്തികൾ!

# പത്രാധിപക്കുറിപ്പുകൾ

## മഹാത്മാവിനു മംഗളം

ഗാന്ധിജിയുടെ എഴുപത്തേഴാമത്തെ ജന്മദിനവും യഥാശക്തി കൊണ്ടാടുവാൻ നമുക്കു കഴിഞ്ഞിരിക്കുന്നു. ഇത്രവലിയൊരു ജനവിഭാഗത്തെ തന്റെ ആയുഷ്ക്കാലത്തു തന്നെ അനുയായികളായി ലഭിക്കുവാനും ലോകത്തിന്റെ ചിന്താഗതിയെ ആസകലം ഇളക്കിമറിക്കുവാനും ശക്തി സമാർജ്ജിച്ച മറെറാരു വ്യക്തിയെപ്പററി ലോകചരിത്രം ഇതേവരെ രേഖപ്പെടുത്തിക്കാണുന്നില്ല. മഥിതമായ ഒരു മഹാരാജ്യത്തിന്റെ പരിദേവനങ്ങളിൽക്കൂടിയും മാനവസമുദായത്തിന്റെ സാംസ്കാരികാഭിലാഷങ്ങളുടെ പ്രശ്നാവലികളിൽക്കൂടിയും മുഖരിതമായിത്തീൎന്ന ഒരു മധുരശബ്ദമാണു് ഗാന്ധി. ലോകത്തിന്റെ കണ്ണപുടങ്ങളിൽ ഏററവും ഗംഭീരമായി കാൽ ശതാബ്ദകാലമായലതല്ലിക്കൊണ്ടിരിക്കുന്ന മറെറാരുനാമധേയം മനുഷ്യമനസ്സിന്റെ അഗാധതലങ്ങളെസ്പർശിക്കത്തക്കതായി ഇതേവരെ ആവിർഭവിച്ചിട്ടില്ല എന്നു് നിവ്വിശങ്കം അഭിപ്രായപ്പെടാം.

ലോകം കടന്നുപോകുന്ന എല്ലാവേദനകളുടേയും അളവു് അന്നന്നുള്ള മഹാപുരുഷന്മാരിൽ തെളിഞ്ഞുകാണും. അഥവാ ലോകത്തിന്റെ വളർച്ചയുടെ യഥാകാലമുള്ള ശരിയായ പരിമാണമാണു് മഹാപുരുഷന്മാർ എന്നു പറയുന്നതായിരിക്കും കൂടുതൽ ശരിയായിട്ടുള്ളതു്. ഓരോ കാലഘട്ടങ്ങളിലും അനന്തങ്ങളായ പ്രശ്നങ്ങളുടെ സംഘട്ടനവേളകളിൽ ആവിർഭൂതരാകുന്ന ജനനേതാക്കന്മാരിലാണു് മനുഷ്യന്റെ പൊതുവേയുള്ള വളർച്ചയുടെ ആകത്തുക നമുക്കു കണ്ടെത്തുവാൻ കഴിയുന്നതു്.

അവരവർ ജന്മമെടുത്ത, അത്യന്തസമീപ പരിസരങ്ങളുടേയോ സ്വവർഗ്ഗത്തിന്റെയോ ദേശത്തിന്റെയൊ താല്പര്യങ്ങളെ അതിലംഘിച്ചു നിൽക്കുന്ന, മാനവപ്രശ്നങ്ങളുണ്ടെന്നു കാണുകതന്നെ കൃച്ഛ്റസാദ്ധ്യമായ ഒരു സംഗതിയാണല്ലോ. അതിനാൽ അമാനുഷത്വം ആരോപിച്ചിരുന്ന മതസ്ഥാപകന്മാരെയും ആവക സാഹിത്യങ്ങളെയും ആശ്രയിച്ചു മാത്രമാണു് മനുഷ്യന്റെ പൊതുപ്രശ്നങ്ങൾ ഇന്നലെവരെ കഴിഞ്ഞുപോന്നതു്. എന്നാൽ ആധുനികശാസ്ത്രങ്ങളുടെ വമ്പിച്ച നേട്ടങ്ങൾമൂലം മനുഷ്യവിഭാഗങ്ങളും ലോകവും ഒരേ ദൃഷ്ടിപഥത്തിൽ വന്നുചേരുകയും തന്മൂലം പല പുതിയ പ്രശ്നങ്ങളും ഉയർന്നുവരുകയും ചെയ്തു. പക്ഷെ എല്ലാപ്രശ്നങ്ങളെയും ഉദരലൈംഗികാദിക്ഷുത് പ്രശ്നങ്ങളാക്കി ക്ഷുദ്രങ്ങളാക്കി സാമ്പത്തിക സീമയ്ക്കുള്ളിൽപെടുത്തിക്കൂട്ടിക്കുഴയ്ക്കുന്ന പ്രസ്ഥാനഭേദങ്ങളുടെ ആവിർഭാവത്തോടുകൂടി സാംസ്കാരികമണ്ഡലങ്ങൾക്കു ഒരു പ്രകമ്പനം സംഭവിച്ചതുപോലെ കണ്ടു. അതിൽ നിന്നുദയം ചെയ്തതോ എന്നു സംശയിക്കാവുന്ന ഒരു പ്രത്യാഘാതമാണു് ഭാരതസ്വാതന്ത്ര്യപ്രസ്ഥാനത്തിൽനിന്നും ഗാന്ധിജിയുടെ ജീവിതത്തിൽ നിന്നും ഉണ്ടായ പുതിയ വെളിപാടുകൾ. ജീവിതം ജീവിതത്തിനുവേണ്ടി ആയിരിക്കുകയില്ല, അതിനു് അജ്ഞേയങ്ങളായ അൎത്ഥങ്ങളും ഉദ്ദേശങ്ങളുമുണ്ടായിരിക്കാം. ഉപായം, ഉപാധി, ലക്ഷ്യം ഇവകൾ എപ്പോഴും ഭിന്നങ്ങളാണു്, പക്ഷെ വിരുദ്ധങ്ങളായിരിക്കരുതു്, എന്നിങ്ങനെ

ഉള്ള ചിന്താഗതികളുടെ മുമ്പിൽ ലക്ഷ്യം ഉപായത്തെ ന്യായീകരിക്കുന്നു, ജീവിതം ജീവിതത്തിനുവേണ്ടിയാണു് സാമ്പത്തിക ഘടകം മാത്രമാണു് മനുഷ്യൻ എന്നിങ്ങനെ ഉള്ള മുറവിളിയുമായി ഭൗതികാൎത്ഥവാദികളുടെ സാമ്പത്തിക ഘോഷയാത്രകൾ ഒന്നായി കടന്നുപോകുവാൻ തുടങ്ങി. അതിനു നേരെ "ഇങ്ങോളം കടക്കണ്ടാ" എന്നുള്ള ഒരാജ്ഞാശക്തി വിദ്യുത്പ്രവാഹം പോലെ വിസ്ഫുരിച്ചതു് ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽനിന്നും ഗാന്ധിജിയിൽ നിന്നുമാണെന്നു് നിസംശയമായി പറയാവുന്നതാണു്.

ഒരസത്യം പറഞ്ഞോ ഒരധൎമ്മം ചെയ്തോ ഒരു മഹാരാജ്യത്തിന്റെ ഭൗതിക സ്വാതന്ത്ര്യം സമ്പാദിക്കുന്നതിൽ ഭേദം അതു വേണ്ടെന്നുവെയ്ക്കുന്നതാണു് അതിന്റെ ആത്മസ്വാതന്ത്ര്യ സംരക്ഷണത്തിനു കൂടുതലുപകരിക്കുന്നതെന്നു ബോദ്ധ്യമുള്ള ഒരു മനുഷ്യവ്യക്തിയിൽ ഒരു രാജ്യത്തിന്റെ നേതൃത്വം ചെന്നുചേരുകയെന്നുള്ള സംഭവം അത്ഭുതകരമോ അന്യാദൃശമോ ആണെന്നിരുന്നാലും അതു ഒരു വലിയ പരമാൎത്ഥമായിത്തീൎന്നിരിക്കുന്നു. ഗാന്ധിജി ആധുനികലോകത്തിന്റെ എല്ലാവിധ പ്രശ്നങ്ങളെയും ഉന്നയിച്ചുകൊടുക്കയും അവയെല്ലാം ന്യായമായവിധി കല്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിലും കാലപദ്ധതിയിലും നിൎവ്വചനങ്ങളിലുമൊക്കെ പഴയ ലോഹങ്ങളും പഴയമൂശകളും പഴയ കൂട്ടിച്ചേൎപ്പുകളുംതന്നെ പകൽപോലെ തെളിഞ്ഞുകാണുവാൻ ആൎക്കും വൈഷമ്യമില്ല. എങ്കിലും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഉല്പാദനകേന്ദ്രത്തിൽ നിന്നിറങ്ങുന്ന പദാൎത്ഥങ്ങളേയും കാലത്തിന്റെ കേന്ദ്രസങ്കേതത്തിൽ പണിതു പൂൎത്തിയായിക്കഴിഞ്ഞിട്ടില്ലാത്ത അമൂല്യമായ ഏതോ പുതിയ വസ്തുതകളായി സങ്കല്പിക്കുന്നതു് കൂടുതൽ യുക്തമായിരിക്കുമെന്നു തോന്നുന്നു.

ഗാന്ധിജിയെ ഒരു വലിയ യശോവൃക്ഷമായി സങ്കല്പിക്കാമെങ്കിൽ അതിനു വളവും വെള്ളവുമായി പരിണമിച്ച മനുഷ്യവ്യക്തികൾ എണ്ണത്തിൽ മാത്രമല്ല ഗുണപൌഷ്കല്യങ്ങളുടെ അളവിലും ഗണ്യതയുടെ ഉപരിസീമകളെ അതിലംഘിച്ചുപോയിരിക്കുന്നു. സത്യാന്വേഷകനായ് രംഗപ്രവേശംചെയ്ത ആ മഹാവ്യക്തിയെ സത്യാന്വേഷണാൎത്ഥം നിയത്കല്പിച്ചിരിക്കുന്ന ഒരു ഗവേഷണശാലയായി സങ്കല്പിക്കാമെങ്കിൽ അതിനുള്ളിൽ നിത്യമെന്നപോലെ പ്രവഹിച്ചുകൊണ്ടിരിക്കുന്ന മാനവദ്രവ്യങ്ങൾ അനന്യസാധാരണങ്ങളും അപ്രമേയപ്രഭാവങ്ങളുമാണെന്നേ പറയേണ്ടതുള്ളു. എന്തായാലും അസത്യപ്രലപനംകൂടാതെയും അക്രമപ്രവൎത്തനംകൂടാതെയും ഗാന്ധിജി സ്ഥാപിക്കുന്ന സ്വരാജ്യത്തിൽ താമസിക്കുവാൻ കൊള്ളാവുന്ന പൌരന്മാരുണ്ടാകുന്നതുവരെ സ്വരാജ്യം അതിന്റെ യഥാൎത്ഥമായ അൎത്ഥത്തിൽ വിദൂരസ്ഥമായിത്തന്നെയിരിക്കും. പക്ഷേ അതിൽ അദ്ദേഹത്തിനു വേദനയുണ്ടെന്നുവരുന്നതല്ല. പ്രായോഗികങ്ങളെന്നു കണ്ടെത്തിയ മാൎഗ്ഗങ്ങളിൽകൂടി, കുറുക്കുവഴികളിൽകൂടി വേഗത്തിലെത്താമെന്നു വിചാരിച്ച അനുയായികൾ, തോൽവിയുടെ മുൾകിരീടംധരിച്ച സാമ്രാട്ടിന്റെ പുറകിൽ കുരിശ്ശും പേറിനടക്കുവാൻ അധികംപേരുണ്ടാവുകയില്ലെന്നു വന്നേക്കാം. അദ്ദേഹം അതിലും ഖേദിക്കുമെന്നുതോന്നുന്നില്ല. ലക്ഷോപലക്ഷം ജനങ്ങളെ വെടിവെച്ചുകൊന്നും വെട്ടിക്കൊന്നും സഹപ്രവൎത്തകന്മാരെ കോടാലികൊണ്ടടിച്ചുകൊന്നും കള്ളക്കേസ്സുകളുണ്ടാക്കി തൂക്കിക്കൊന്നും സത്യധൎമ്മാദിക

ളെ കഴിച്ചുമൂടി ലോകത്തിന്റെ കിരാതത്വവും അജ്ഞതയുമാകുന്ന വളത്തിൽ വളർന്നുതടിച്ച് സ്വേച്ഛാധികാരികളായി കാലുറച്ചുനിൽക്കുന്ന മനുഷ്യസ്വാതന്ത്ര്യപ്രണയികളുടെ പടച്ചട്ടയുടെ പ്രഭാപൂരത്തിൽ കണ്ണുമഞ്ചിപ്പോകുന്ന ഭാരതീയരുണ്ടെങ്കിൽ അവർ ആ വഴിക്കു തിരിഞ്ഞുകൊള്ളട്ടെ. അതിലും അദ്ദേഹത്തിനു പരിഭവമില്ല. എന്തായാലും ആധുനികമനുഷ്യന്റെ മുന്നിൽ അവന്റെ എല്ലാആവേശങ്ങളുടെയും വേഗതയുടെയും മുമ്പിൽ കാലുറച്ച് വിലങ്ങനെനിൽക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ഗാന്ധിജി നിലകൊള്ളുകയാണ്. മനുഷ്യാവശ്യങ്ങൾ എന്ന് ലോകം ഉച്ചത്തിൽ നിലവിളിക്കുമ്പോൾ മനുഷ്യന്റെ സ്വധർമ്മങ്ങൾ എന്ന പല്ലവി അദ്ദേഹം ആവർത്തിച്ചൂന്നിപ്പറയുന്നു.

മനുഷ്യന്റെ ഇന്നേവരെയുള്ള എല്ലാവിധസമ്പാദ്യങ്ങളുടെയും വില ഒന്നൊന്നായി മാററിഎഴുതപ്പെടുന്ന ഒരു കാലഘട്ടത്തിന്റെ മുമ്പിലാണ് പുതിയ ഒരു ത്രാസും കണക്കുപുസ്തകവുമായി നമ്മുടെ വണിക്പ്രവരൻ ഹാജരായിനിൽക്കുന്നത്. പരസ്പരസംഹാരികളായ ആയുധങ്ങളുടെ വിലകല്പിക്കുവാൻ ഭയവിവശമായി നോക്കിനിൽക്കുന്ന ലോകത്തിന്റെമുമ്പിൽ അദ്ദേഹത്തിന് സംശയമുണ്ടായില്ല. ഭക്ഷണസാധനങ്ങളും വസ്ത്രാദ്യാവശ്യങ്ങളും ഉല്പാദിപ്പിക്കുവാൻ നിങ്ങളുടെ ആയുധങ്ങൾ രൂപാന്തരപ്പെടുത്തണമെന്ന് വി[illegible]തമായ ഭാഷയിൽ അദ്ദേഹം ആവർത്തിച്ചു[illegible]ഞ്ഞു. ആയുധസംഘട്ടനകളുടെ ഭീകരാ[illegible]ത്തിൽ ലോകം അതു ചെവിക്കൊണ്ടില്ല. [illegible]വിക്കൊണ്ടില്ലെങ്കിൽ നിങ്ങളുടെ [illegible]എന്നു് എന്നൊരുചോദ്യചിഹ്നമ[illegible] ന്ധിജിനിൽക്കുന്നു.

മാതൃഭൂമിയുടെപേരിൽ ഏതുക്രമമാർഗ്ഗത്തിൽക്കൂടിയും മനുഷ്യവംശത്തിന്റെ അഞ്ചിലൊന്നവകാശികളായ ഞങ്ങൾ ഞങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുമെന്ന് സ്വസഹോദരങ്ങളിൽ ചിലർതന്നെ ഗംഭീരമായി ഗർജ്ജിച്ചു നിങ്ങൾക്ക് ആ വഴിതന്നെ മുന്നോട്ടുപോകണമെങ്കിൽ എന്റെ ശവശരീരത്തിൽ ചവുട്ടിക്കൊണ്ടു അതു നിർവഹിക്കേണ്ടിവരുമെന്ന് ചില മുത്തശ്ശികളുടെ പരിഭവസ്വരത്തിൽ, അദ്ദേഹം പലവുരു പറഞ്ഞുകഴിഞ്ഞു.

മുസ്ലീമിൻഡ്യയുടെ നേതൃത്വം താങ്കളിൽ നിക്ഷിപ്തമായിരിക്കുന്നില്ല എന്ന് ഒരു കൂട്ടർ അട്ടഹസിക്കുന്നു. ഹൈന്ദവഭാരതത്തിന്റെ താല്പര്യം സന്ധിമനോഭാവക്കാരനായ താങ്കളുടെ കയ്യിൽ സുരക്ഷിതമല്ലെന്ന് വേറൊരുകൂട്ടർ അപഹസിക്കുന്നു. ഈ രണ്ടു താല്പര്യങ്ങളും ഭിന്നങ്ങളല്ലെന്ന് ബോദ്ധ്യംവന്നിരിക്കുന്ന ആ മഹാപുരുഷൻ അങ്ങിനെ ഇരുവശങ്ങളിൽ നിന്നും വർഷിച്ചുകൊണ്ടിരിക്കുന്ന ആഗ്നേയശരങ്ങളുടെ നേർക്ക് മന്ദഹസിക്കാതിരിക്കുന്നെങ്കിലെ നമുക്കാശ്ചര്യത്തിനവകാശമൊള്ളൂ. ആഗ്ലേയാധിപത്യം ഇൻഡ്യയിൽ നിന്നു പിന്മാറണം എന്നുമാത്രമെ ഇന്നത്തെ എല്ലാ ഇൻഡ്യൻപ്രശ്നങ്ങളുടെയും മുമ്പിൽ അദ്ദേഹത്തിനു പറയുവാനൊള്ളൂ.

ഗാന്ധിജിയെ ഇന്നത്തെ ലോകം ഇതേവരെ കുരിശിൽ തറയ്ക്കാതിരുന്നതു് കഴിഞ്ഞ രണ്ടായിരം വർഷങ്ങൾകൊണ്ടു് മനുഷ്യസമുദായം അല്പവും പുരോഗമിച്ചിട്ടില്ലാ എന്നൊരപവാദം ഉണ്ടാകാതിരിക്കുവാനോ, കുരിശിന്റെ മാതൃകയ്ക്കു് കാലാനുസൃതമായ മാററങ്ങൾ സംഭവിച്ചു[illegible]കൊണ്ടോ ആയിരിക്കാം.

അദ്ദേഹത്തെ ഹിന്ദുക്കളും മുസ്ലീമിങ്ങളും ഇൻഡ്യയുംകൈവിട്ടാലും സാംസ്കാ

രികലോകത്തിൻെറ ശാശ്വതസ്തംഭങ്ങൾ ഗാന്ധിജിയെ സ്നേഹാദരസമന്വിതം താങ്ങിഎടുത്തുകഴിഞ്ഞിരിക്കുന്നു എന്നു് തീർച്ചയായും നമുക്കു സമാശ്വസിക്കാം.

---

## കാൺഗ്രസ്സും മുസ്ലിംലീഗും.

---

ഈ ദക്ഷിണോത്തരധ്രുവങ്ങൾ ഒരുമിച്ചു യോജിക്കണമെന്നു് പല രാജ്യകാര്യധുരന്ധരന്മാരും അഭിപ്രായപ്പെടുന്നുണ്ടു്. അവർ ഒന്നുകിൽ അജ്ഞതയുടെ പൊതുക്കാര്യവേഷങ്ങൾ, അല്ലെങ്കിൽ നിരുത്തരവാദികളായ സ്വകാര്യതാല്പര്യക്കാർ, അല്ലാതെ ഇൻഡ്യൻസ്വാതന്ത്ര്യത്തേയും തൽസംബന്ധമായ ഇതര പ്രശ്നങ്ങളേയും പററി ഗാഢമായി പഠിച്ചിട്ടുള്ള ദേശാഭിമാനികൾ കാൺഗ്രസ്സിനെയും ലീഗിനെയും ഒരേ നുകത്തിൽ കെട്ടുവാൻ സന്നദ്ധരാകുമെന്നു തോന്നുന്നില്ല. കാൺഗ്രസ്സിനെ ഹൈന്ദവസംഘടനയെന്നു് ലീഗുകാർ വിളിക്കുന്നു. അതു് ഞാൻ തന്നെ തെമ്മാടി എന്നു വിളിച്ചാൽ താൻ എന്തു ചെയ്യുമെന്നു് ഒരാൾ ചോദിച്ചതുപോലെ ഇരിക്കുന്നു. അതിനുത്തരം മറെറാന്നുമല്ല, താനോളം ഞാൻ തെമ്മാടിയായിരുന്നെങ്കിൽ താൻ എന്നെ അങ്ങിനെ വിളിക്കുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു എന്നു മാത്രം. കാൺഗ്രസ്സ് ഹൈന്ദവസംഘടനയെന്നുള്ള വിളി ദേശാഭിമാനികളും സംസ്കാരസമ്പന്നരുമായ മുസ്ലിമങ്ങളേയും മററ എല്ലാ ജാതിമതസ്ഥരേയും എത്രയധികം ഖേദിപ്പിക്കുന്ന ഒരു സംഗതിയാണെന്നു് സമുദായവാദപ്പിച്ചുപിടിച്ച ഒരു കൂട്ടർ മനസ്സിലാക്കുന്നില്ല. എന്തായാലും എല്ലാ ജാതികൾക്കും ചേരാനുള്ള ഒരു സംഘടനയാണു് കാൺഗ്രസ്സ് എന്നുള്ള കാര്യമെങ്കിലും അവർ വിസ്മരിക്കാതിരിക്കട്ടെ. ലീഗോ മുസ്ലിമിൻെറ മാത്രം.

മുസ്ലിംലീഗും കാൺഗ്രസ്സും ഇംഗ്ലണ്ടിലെ യാഥാസ്ഥിതികകക്ഷിയും തൊഴിലാളികക്ഷിയും പോലെ രണ്ടു രാഷ്ട്രീയാദർശങ്ങളുടെ ഭിന്നകക്ഷികളല്ല. പ്രത്യുത, ഇൻഡ്യൻസ്വരാജ്യത്തിനായി എല്ലാ ജാതിമതസ്ഥരേയും ഉൾക്കൊണ്ടു് ബ്രി: ഗവമെൻറുമായി ന്യായമായ സമരത്തിലേർപ്പെട്ടിരിക്കുന്ന കാൺഗ്രസ്സും അതിൻെറ ത്യാഗഫലങ്ങളിൽ കഴിവുള്ളടത്തോളം കയ്യിടക്കാൻ മുന്നോട്ടു വന്നിരിക്കുന്ന ഒരു ജാതിക്കാർക്കു മാത്രമുള്ള ലീഗുംതുല്യ നിലയിലുള്ള സംഘടനകളെന്ന നിലയിൽ സംസാരിക്കുന്നതു തന്നെ ജനസാമാന്യത്തിൻെറ അജ്ഞതയേയും ന്യായബോധക്കുറവിനെയും ചിലർ ദുഷ്പ്രയോജനം ചെയ്യുന്നതാണു്. ലീഗു ബ്രിട്ടീഷ് മേൽക്കോയ്മയോടു് സഹകരിക്കുന്നില്ല എന്നു് ഉറക്കെപ്പറയുന്നതു തന്നെ ഈയിടയാണു്. പക്ഷെ ബ്രിട്ടീഷ് ആധിപത്യത്തിൻെറ ഇന്നത്തെ നിലനില്പിനു് ലീഗിനെപ്പോലെ സഹായിച്ചിട്ടുള്ള മറെറാരു സ്ഥാപനവും ഇൻഡ്യയിലില്ല. ഒരുവൻ തൻെറ സാധനങ്ങളെ മറെറാരാൾ അപഹരിച്ചുകൊണ്ടുപോകുമ്പോൾ അയാളുമായി പിടികൂടുകയും അവ തിരിച്ചുവാങ്ങുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ആ സാധനങ്ങളുടെ ഒരു പങ്കിനവകാശി എന്നുള്ളനിലയിൽ മറെറാരാൾ ഉണ്ടെങ്കിൽ അയാൾ എന്തുചെയ്യണം. അപഹരിച്ചുകൊണ്ടു പോകുന്നവനിൽനിന്നു് അതു പിടിച്ചെടുക്കുവാൻ ശ്രമിക്കുന്നവനെ സഹായിക്കണമൊ പങ്കിൻെറ കൂടുതൽകുറവിനെപ്പററി വാദപ്രതിവാദം ചെയ്യാനുള്ള അവസരങ്ങളുണ്ടാക്കി ഉടമസ്ഥന്മാർ തമ്മിൽ പിടികൂടണമൊ

ഏതാണു യുക്തമെന്നു ബുദ്ധിയുള്ള മനുഷ്യക്ക് ബോദ്ധ്യമായിരിക്കും. കാൺഗ്രസ്സും ഗവർമ്മെൻറുമായുള്ള പിടിയിൽ ഗവർമ്മെൻറിനല്പമെങ്കിലും പഴുതുകിട്ടിയതു് ലീഗു കാൺഗ്രസ്സുമായി പിടിവീണപ്പോൾ മാത്രമാണു്.

ഇനി മറെറാരുവശത്തുക്കൂടി ഈ പ്രശ്നത്തെ അഭിമുഖീകരിക്കാം. ലീഗിൻെറ അഭിപ്രായങ്ങൾ കാൺഗ്രസ്സ് വകവെച്ചുകൊടുക്കുന്നു എന്നിരിക്കട്ടെ. ഇൻഡ്യയിൽ മുസ്ലീം ഭൂരിപക്ഷമുള്ള ഒരു ഗവർമ്മെൻറും ഹൈന്ദവഭൂരിപക്ഷമുള്ള വേറൊരുഗവർമ്മെൻറും ഇങ്ങിനെ രണ്ടുഗവർമ്മെൻറുകൾ! ഇൻഡ്യയുടെ ഏകീകൃതാവസ്ഥയെ കണ്ടാനന്ദിക്കുവാൻ പരമ്പരയാ പ്രയത്നിച്ചിട്ടുള്ളവരും വമ്പിച്ചത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുള്ളവരുമായ ഹിന്ദുക്കൾക്കും മുസ്ലിമങ്ങൾക്കും ഇത്ര ഖേദകരമായ ഒരു പ്രമേയം ഒരിക്കലും ആവിർഭവിച്ചിട്ടില്ല. അതിൽ ഭേദം ഏകീകൃതമായ ഒരടിമ ഇൻഡ്യയാണെന്നു് ഒട്ടനേകംപേർ വിചാരിക്കുന്നു. എത്ര ദയനീയമായ പതനം. അവരെ വലിച്ചെറിഞ്ഞിട്ടു് ഇൻഡ്യയെ പങ്കുവെയ്ക്കുന്നു എന്നിരിക്കട്ടെ. പങ്കുവയ്ക്കുന്ന കാര്യത്തിൽ തന്നെ മുസ്ലീം ഭൂരിപക്ഷമുള്ള പ്രദേശങ്ങളിലെ ഹിന്ദുക്കളുടെ അഭിപ്രായം അറിയേണ്ട ആവശ്യമില്ലാ എന്നു് മി: ജിന്നാ തീരുമാനപ്പെടുത്തുന്നു. തങ്ങളുടെ ഗവർമ്മെൻേറതായിരിക്കണമെന്നു് അഭിപ്രായപ്പെടാൻ അവകാശമില്ലാത്ത കന്നുകാലികളായി അവർ കഴിഞ്ഞുകൂടണമെന്നാണു് ആ വാദത്തിൻെറ അർത്ഥം. അതും സമ്മതിക്കുന്നതിൽഭേദം ഇപ്പോൾ സമ്മതിദാനാവകാശികളോടു് ഉത്തരവാദിത്വം അല്പമെങ്കിലും കാണിച്ചുകൊണ്ടിരിക്കുന്ന ബ്രി. ഗവർമ്മെൻറു് ഇൻഡ്യ വിടാതിരിക്കുന്നതല്ലേ എന്നുള്ള ചോദ്യം അവിടെയും ഉദിക്കാതിരിക്കയില്ല. പക്ഷേ പഞ്ചാബിലേയും ബങ്കാളിലേയും സിൻഡിലെയും ആസ്സാമിലെയും ഹിന്ദുക്കൾ അവരുടെ ഗവർമ്മെൻേറതായിരിക്കണമെന്നു് പറയാൻ അവകാശമില്ലാത്തവരായിത്തീരുന്നതായി വിചാരിക്കുക. അടുത്തപടി മുസ്ലിംലീഗിൻെറ സ്വേച്ഛാധികാരത്തിനുപററിയ ഒരു ഗവർമ്മെൻറു സ്ഥാപിക്കുക എന്നുള്ളതാണു്. അതു വന്നാൽതന്നെ പ്രാവിൻസുകളിലെ ഭരണഘടനാനിർമ്മാണംതൊട്ടു് പ്രജാപ്രഭുത്വ തത്വങ്ങളുടെ നിർദ്ദയമായ കത്തിക്കൊല നടന്നില്ലെങ്കിൽ മുസ്ലിംനേതൃത്വത്തിനു് അഭംഗുരമായി മുന്നോട്ടുപോകുവാൻ സാധിക്കുന്ന പരിതസ്ഥിതികളല്ല അവിടെയും കാണുന്നതു്. ഇതെല്ലാം ഒരുവിധം സാധിച്ചാൽ തന്നെയും മതവിഭാഗങ്ങളെ മുൻനിർത്തി പങ്കുവെച്ചേടുത്ത ഗവർമ്മെൻറുകൾക്കു് മതകക്ഷികളെയല്ലാതെ രാഷ്ട്രീയകക്ഷികളെക്കൊണ്ടു് ഗവർമ്മെൻറു രൂപീകരിക്കാൻ ഒരിക്കലും സാധിക്കുന്നതല്ല. മതകക്ഷികൾ ഗവർമ്മെൻറിൻെറ ഘടകങ്ങളാകുമ്പോൾ— അവിടെ ന്യായവും സമാധാനവും നടത്താൻ ഭൗതികാവശ്യങ്ങളിൽ മതത്തെ പുറംതള്ളിയിട്ടു് രാഷ്ട്രബോധത്തോടുകൂടി മുന്നോട്ടുവന്ന യൂറോപ്യൻജനതയുടെ നീതിന്യായത്തിനും ആജ്ഞാശക്തിക്കും കീഴ്വണങ്ങുകയല്ലാതെ ശരണമില്ലെന്ന നില വന്നുചേരും.

മതകക്ഷികളെക്കൊണ്ടുമാത്രം ഭരണം നടത്താൻ സാധിക്കുന്ന രണ്ടു ഇൻഡ്യയെ സൃഷ്ടിക്കുവാനാണു് ലീഗു പരിശ്രമിക്കുന്നതെന്നു് ആരെങ്കിലും പറയുമ്പോൾ പറയുന്നതു മുസ്ലിമങ്ങളാണെങ്കിൽ അവർ വിലയ്ക്കുപോയവരായി ലീഗുകാർ കല്പിക്കുന്നു; ഹിന്ദുക്കളാണെങ്കിലൊ മുസ്ലിമങ്ങൾ ഹൈന്ദവഭൂരിപക്ഷത്തിൻെറ അടി

മകളായി കഴിച്ചുകൂട്ടണമെന്നാണോ നിങ്ങളുടെ വാദം എന്നവർ ചോദിക്കുന്നു. ആളൊന്നിനോരോ വോട്ടും, ന്യൂനപക്ഷത്തിനു മതം മുതലായ പ്രത്യേക താല്പര്യങ്ങളെ ആസ്പദമാക്കി മററു സംരക്ഷണ വ്യവസ്ഥകളും ഉണ്ടാക്കി, മുസൽമാന്റേയും ഹിന്ദുവിന്റേയും അവകാശങ്ങളെ സംരക്ഷിച്ച് ജീവിതാവശ്യങ്ങളെ നേടി മാനമായി കഴിഞ്ഞുകൂടാമെന്നുള്ള ദേശീയബോധത്തിനു ഒരുകാശു വിലയില്ലെന്നും അതിനെ ചുട്ടുകളയണമെന്നുമാണ് അവർ പറയുന്നതു്.

യഥാർത്ഥത്തിൽ പക്കിസ്ഥാനെന്നുവെച്ചാൽ അതിന്റെ പൂർണ്ണമായ ഒരു വിവരം ലീഗുകാർക്ക് ഇനിയും അവരുടെ ഭാവനയിൽ എത്തിയിട്ടില്ല. ആ ഭയങ്കര പ്രശ്നത്തിൽ മനസ്സമാധാനത്തോടുകൂടി പ്രവേശിക്കാൻ കഴിയുന്ന മനുഷ്യൻ മനുഷ്യന്റെ ഭാവിയെപ്പററിയൊ, ലോകമുസ്ലീമിന്റെ ഭാവിയെപ്പററിയൊ ഗാഢമായി ചിന്തിക്കുകയൊ പഠിക്കുകയൊ ചെയ്യുവനായിരിക്കുമെന്നും തോന്നുന്നില്ല. തല്ക്കാലം ഇൻഡ്യൻ ദേശീയതയെ വഴിമുട്ടിക്കാൻ ചില സ്ഥാപിതതാല്പര്യങ്ങൾ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന അവസരംനോക്കി ഹിന്ദുക്കൾക്കു തുല്യമായ ഒരു പങ്ക് ഇൻഡ്യൻ രാജ്യഭരണവിഷയത്തിൽ വേണമെന്നുള്ളതാണ് ഈ കീറാമുട്ടിവാദത്തിന്റെ അടിയിൽ കിടപ്പുള്ളതെങ്കിൽ അതു സഹനീയമായ ഒരു ന്യായം മാത്രമാണ്. ഇൻഡ്യൻ മുസ്ലീമങ്ങൾ ഇൻഡ്യൻഭരണമണ്ഡലത്തിൽ ഭൂരിപക്ഷമായിത്തീരുന്ന ഒരു കാലമുണ്ടായിരുന്നാലും ഇൻഡ്യയിലെ ദേശീയവാദികൾ അതിൽ ഭയപ്പെടുമെന്നു തോന്നുന്നില്ല. പക്ഷെ ജാതിടിക്കററിലും മതടിക്കററിലുംവന്ന് ബ്രി: ഭരണത്തിന്റെ ഫലമായൊ ആധുനികവെളിച്ചത്തിന്റെ ഫലമായൊ ഇൻഡ്യയ്ക്കുണ്ടായിരിക്കുന്ന രാഷ്ട്രീയബോധത്തേയും പുരോഗതികളേയും ഉന്മൂലനംചെയ്യുവാൻ അവർ സമ്മതിക്കയില്ലെന്നുമാത്രം. ഹൈന്ദവഭൂരിപക്ഷത്തെ ന്യൂനപക്ഷമായിക്കണക്കുതീർക്കുവാനും, ഹിന്ദുസ്ഥാനത്തെ രണ്ടായിപങ്കുവയ്ക്കുവാനും ഹിന്ദുക്കൾ സമ്മതിക്കയില്ല, ദേശീയമുസ്ലീമങ്ങളും അതിനു് സാക്ഷ്യംവഹിക്കുകയില്ല.

## ഇൻഡൊനേഷ്യ

ജാവായിലെ ഡച്ച് ആധിപത്യത്തിൽനിന്നു് അതിനെ മോചിപ്പിക്കുവാൻ അവിടത്തെ ജനങ്ങൾ ഒരു സമരത്തിലേപ്പെട്ടിരിക്കയാണ്. എന്നാൽ ഡച്ച് അധീശത്വം അവിടെ സംരക്ഷിക്കുവാനും എല്ലാ ജനങ്ങൾക്കും അവരുടെ സ്വാതന്ത്ര്യം നൽകാനും നിയതിയാൽ നിയമിയ്ക്കപ്പെട്ട ഇംഗ്ലീഷ്ജനത ഈ ഭിന്നതാല്പര്യങ്ങൾക്കു വേണ്ടി കഴിവുള്ള ത്യാഗങ്ങൾചെയ്യുകയാണുപോലും. ഇൻഡ്യൻസൈന്യത്തെ അതിനായി നിർല്ലോഭമായി വിനിയോഗിക്കുന്നുമുണ്ടു്. രണ്ടു ലോകമഹായുദ്ധങ്ങൾമൂലവും അവസാനംകാണാത്ത സാമ്രാജ്യദുഷ്പ്രഭുത്വം അതിന്റെ പല പുതിയവാദഗതികൾകൊണ്ടും ആ പഴയ ദുർമ്മോഹങ്ങളെ ന്യായീകരിക്കുകയാണ്. ഒരു മൂന്നാംലോകമഹായുദ്ധത്തിന്റെ പൊട്ടിപ്പുറപ്പാടു് കാത്തുകൊണ്ടിരിക്കുന്ന കിരാതത്വം ഒന്നുകൊണ്ടും അടങ്ങുവാൻപോകുന്നില്ല. യഥാർത്ഥത്തിൽ ഈ സാമ്രാജ്യവ്യവസായികൾക്കു ഈ കാളനികളിൽനിന്നും അവരുടെ മുടക്കുമുതലിനെ സൂക്ഷിക്കുവാനൊ കൊണ്ടുപോകുവാനോ ഉള്ള ആഗ്രഹത്തേക്കാൾ അതിന്റെ സ്ഥിരദായത്തിലുള്ള പിടിവിടുവാനുള്ള വൈമന

സ്യമാണ് ഈ എല്ലാ വ്യാജപ്രസ്താവനങ്ങളുടേയും അടിത്തട്ടിൽ തെളിഞ്ഞുകാണുന്നതു്. അയൽപക്കത്തു് ന്യായംനടത്താൻ ഇന്ത്യക്കാരും, അതുനടക്കണമെ, എന്നുള്ള ഭയമാണ് ബ്രിട്ടനല്ലതെന്നു തോന്നുന്നു. ഇൻഡ്യയെപ്പട്ടിണിയിട്ടാൽ ഏഷ്യയിലും ആഫ്രിക്കയിലും സമരംചെയ്യുവാൻ കുറഞ്ഞകൂലിക്ക് ഇൻഡ്യൻഭടന്മാരെ കിട്ടാതിരിക്കയില്ല. നിസ്സഹായരായ ജനങ്ങളെ ഈശ്വരൻ രക്ഷിക്കട്ടെ എന്നല്ലാതെ ഞങ്ങൾക്കൊന്നും പറയുവാനില്ല.

## നമ്മുടെ പ്രാഥമിക വിദ്യാഭ്യാസപദ്ധതി.

തിരുവിതാംകൂറിൽ സാക്ഷരത്വം സമ്പൂർണ്ണമാക്കുക എന്ന ലക്ഷ്യത്തെ ആസ്പദമാക്കി പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കുവാനും എല്ലാപ്രാഥമിക വിദ്യാലയങ്ങളും ഗവമ്മെൻറധീനതയിൽ കൊണ്ടുവരുവാനും ഉള്ള മഹത്തരമായ ഒരു വിദ്യാഭ്യാസപദ്ധതിക്കു് മഹാരാജാവുതിരുമനസ്സുകൊണ്ടു അനുമതി നൽകിയിരിക്കയാണല്ലൊ.

നിർബന്ധിത വിദ്യാഭ്യാസനയത്തിന്റെ പ്രായോഗികതയെപ്പററി ആശങ്കകൾ ഉണ്ടെങ്കിലും ഏതൊരു ഗവമ്മെൻറിനും വേണ്ടതായ ധീരമായ ഒരു ഉദ്യമം എന്നുള്ള നിലയിൽ അതു് തികച്ചും അനുമോദനാർഹമെന്നു തന്നെയാണ് ഞങ്ങളുടെയും വിശ്വാസം. എന്നാൽ ഈപദ്ധതി ആലോചനയിൽ വന്നതോടുകൂടി ജനവിഭാഗത്തിൽനിന്നും ഉണ്ടായ വമ്പിച്ചപ്രതിഷേധങ്ങളും അിതിനെത്തുടർന്നുള്ള ആരവാരങ്ങളുംകൊണ്ടു് അനാശാസ്യമായ ഒരന്തരീക്ഷം ആവിർഭവിച്ചിരിക്കുന്നു. ഓരോ സമുദായജിഹ്വകളും അതതിൻെറ സംസ്കാരത്തിനൊത്തവണ്ണമൊ ഒരു സംസ്കാരത്തോടും ഉത്തരവാദിത്വമില്ലാതെയൊ പല പ്രചരണങ്ങളും നടത്തുന്നുണ്ടു്. വിദ്യാഭ്യാസവിഷയകമായ ചർച്ചകൾക്കോ അതിന്റെ പ്രായോഗികമായ ഫലപ്രാപ്തിക്കോ സഹായകമായ പ്രക്ഷോഭണങ്ങളെക്കാൾ സമുദായങ്ങളെ അകററാനോ ജനങ്ങൾതമ്മിൽ കൂട്ടതൽ കൂട്ടതൽ തെററിദ്ധരിക്കുവാനോ അല്ലാതെ ഇരുപക്ഷത്തുനിന്നും വരുന്ന വാദമുഖങ്ങൾക്കു യാതൊരുദ്ദേശ്യവും കാണുന്നില്ല. ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിടത്തോളം ചില ക്രൈസ്തവജനവിഭാഗങ്ങൾക്കു സിദ്ധിച്ചുകൊണ്ടിരുന്ന ധനസഹായം അവസാനിച്ചു പോകുമെന്നുള്ളതിൽ അധികമായി യാതൊരു മതപീഡനവും ഈ പദ്ധതിയിൽ പ്രത്യക്ഷപ്പെട്ടുന്നില്ല. ഏതെങ്കിലും പൊതുപ്രശ്നങ്ങൾ മുന്നോട്ടു കൊണ്ടുവരുമ്പോഴും പുരോഗമനപരമായ കാര്യങ്ങൾ തലപൊക്കുമ്പോഴും പിൻതിരിപ്പന്മാരുടെ പാരമ്പര്യങ്ങൾ മതവും സമുദായവും വലിച്ചിഴച്ചു മുമ്പിലിട്ടു് വഴിമുട്ടിക്കുന്ന സമ്പ്രദായം നാശഗർത്തത്തിൽ പതിച്ചുകൊണ്ടിരിക്കുന്ന എല്ലാ നാട്ടുകൾക്കും പൊതുവെയുള്ള ഒരു ശാപംതന്നെയാണ്. എന്തായാലും വിദ്യാലയവും മദ്യശാലയും സ്വകാര്യലാഭത്തിനുള്ള വ്യവസായങ്ങളായി നടത്തിവരുന്ന മാനേജരന്മാരുള്ള ഈരാജ്യത്തു് ഗവമ്മെന്റപൊതുവെ ഒരു പദ്ധതിരൂപീകരിക്കുമ്പോൾ ഒരു വിഭാഗക്കാരെമാത്രം തിരിച്ചുനിറുത്തുന്നതെങ്ങിനെ എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. "ക്രൈസ്തവാന്തരീക്ഷത്തിൽകൂടി ക്രിസ്ത്യാനികളെ പഠിപ്പിക്കാൻ ഉതകുന്ന വിദ്യാലയങ്ങൾ ക്രിസ്ത്യാനികൾക്കു വേണമെങ്കിൽ അതിനു് ഗ്രാൻറുകൊടുക്കുകയില്ല" എന്നു മാത്രമാണു് ഗവമ്മെൻറിനു്

ശാറ്റ്യമുള്ളതു്. ഈ വമ്പിച്ച വിദ്യാഭ്യാസ പദ്ധതി താങ്ങാൻകഴിയാത്ത സാമ്പത്തി കഭാരത്തെ രാജ്യത്തിനുണ്ടാക്കുമെന്നുള്ള വാദവും ഇന്നത്തെഗവമ്മെൻറു് വേണ്ടുവോ. ളം പൊതുജനസമ്മതി ലഭിക്കുവാൻ ത ക്കപരിതസ്ഥിതികൾ സൃഷ്ടിച്ചിട്ടില്ല എ ന്നുള്ളവാദവും സർവ്വോപരി, സർ. സി. പി. യുടെ ഭരണനയത്തോടുള്ള പ്രതിഷേധ ഭാവവും മനസ്സിലാക്കാൻ കഴിവുള്ളവ ക്കുപോലും ഒരു ദേശീയഗവമ്മെൻറിനും ക്രസ്ത്യാന്തരീക്ഷത്തിൽ കൈകടത്തുവാൻ അധികാരമില്ല എന്നുപറയുന്ന വാദ ത്തിൽ പൊന്തിക്കാണുന്ന അജ്ഞതയേയും ധിക്കാരത്തേയും സഹിഷ്ണുതാപൂവ്വം വീക്ഷി ക്കുവാനൊക്കുമെന്നു തോന്നുന്നില്ല.

## കാളേജുകൾ.

ഇന്നത്തെ വിദ്യാഭ്യാസരീതിയെ ഉത്തര വാദിത്വമുള്ള എല്ലാജനങ്ങളും ആക്ഷേപി ക്കുന്നുണ്ടു്. ഭാവിയെ ശരിയായിനോക്കി ക ണ്ടുകൊണ്ടു ഒരു പുതിയപദ്ധതി നിമ്മിച്ച ല്ലാതെ ഇന്നത്തെ രീതിയിലുള്ള കാളേജുകൾ വൎദ്ധിപ്പിക്കുന്നതു് ഒന്നുകൊണ്ടും പ്രയോ ജനകരമായിരിക്കുമെന്നു തോന്നുന്നില്ല. എ ന്തായാലും എല്ലാക്കാലത്തും വിദ്യാഭ്യാസം സമ്പൂൎണ്ണമായും ഗവമ്മെൻറധീനതയിൽ ഇരിക്കേണ്ടതും ഭിന്നസാമുദായിക താല്പയ്യ ങ്ങൾക്കു വിധേയമാകുവാൻ പാടില്ലാത്തതു മാണെന്നാണു് ഞങ്ങളുടെ അഭിപ്രായം. ചിലരുടെ സാമുദായികവ്യവസായശാലക ളായി കാളേജുകളെയും പ്രകൃതഭേദംചെയ്യു ന്നതിൽ എല്ലാ പുരോഗമനേച്ഛുക്കളും പ്രതിഷേധിക്കുകതന്നെ ചെയ്യും. പൊതു വേയുള്ള രാഷ്ട്രീയതാല്പയ്യങ്ങളെ ക്രയവിക്ര യംചെയ്യുന്ന വിപണികൾ ആൎജ്ജിക്കുവാൻ സമുദായങ്ങൾ മുന്നോട്ടു വരുന്നതുകാണു മ്പോൾ, രാഷ്ട്രീയവ്യഭിചാരംചെയ്തു് ആ ൎജ്ജിക്കുന്ന യാതൊരു സാമുദായികസ്വത്തും ഒരു സമുദായത്തേയും മുന്നോട്ടു കൊണ്ടു പോകുവാനൊ അഭിമാനപൂവ്വം കാത്തുര ക്ഷിപ്പാനൊ പോകുന്നില്ല എന്നുപറയു വാൻ ഞങ്ങൾ ധൈയ്യപ്പെടുന്നു.

## അനുമോദനം.

മലയാളസാഹിത്യത്തിൽ ഉത്തമഗ്രന്ഥ ങ്ങൾ നിമ്മിക്കുന്നതിനെ പ്രോത്സാഹിപ്പി ക്കുന്നതിനു വേണ്ടി തിരുവിതാംകൂർ സവ്വ കലാശാലയിൽ ശ്രീ ചിത്തിരതിരുനാൾ മ ഹാരാജാവു തിരുമനസ്സുകൊണ്ടു ഏപ്പെടു ത്തിയിട്ടുള്ള 'മഹാരാജാ മാത്താണ്ഡവമ്മ പ്രൈസ്' ഇക്കൊല്ലം 'സാഹിത്യ പഞ്ചാ നന'ന്റെ കത്താവായ ശ്രീ. പി. കേ. പരമേശ്വരൻ നായക്കു ലഭിച്ചിരിക്കുന്നു. 1940 നു ശേഷമുണ്ടായിട്ടുള്ള മലയാള ഗ്ര ന്ഥങ്ങളിൽവച്ചു് സാഹിത്യപഞ്ചാനനനാ ണു് അത്യുത്തമമെന്നു് സവ്വകലാശാലയി ലെ പണ്ഡിതസമിതി തീരുമാനിച്ചതി ന്റെ ഫലമായി അതിന്റെ. കത്താവിനു് കഴിഞ്ഞ കാൺവോക്കേഷനിൽവച്ചു് മ ഹാരാജാവു തിരുമനസ്സുകൊണ്ടു സമ്മാന ദാനം ചെയ്യുകയുണ്ടായി. ഉത്തമമായ ഒരു ജീവചരിത്രഗ്രന്ഥം നിമ്മിച്ചു പ്രസ്തുത സമ്മാനത്തിനു അൎഹനായിത്തീൎന്ന ആ യുവസാഹിത്യകാരനെ ഞങ്ങൾ അനുമോ ദിച്ചുകൊള്ളുന്നു.

# വിദ്യാഭ്യാസപദ്ധതിയുടെ ചില വശങ്ങൾ

കൊല്ലൂർ എൻ. ചന്ദ്രശേഖരപിള്ള

വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശത്തെപ്പററി പലേ അഭിപ്രായങ്ങളുമുണ്ടു്, ഉത്തമപൌരരെ സൃഷ്ടിക്കുന്നതാണു വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യമെന്നു പറഞ്ഞാൽ അതിൽ പാരമാർത്ഥ്യവും, ആദർശശുദ്ധിയും, പ്രായോഗികത്വവും വേണ്ടുവോളം കാണാവുന്നതാണു്. പൊതുനന്മയെലാക്കാക്കി ആത്മസംയമനത്തോടുകൂടി പ്രയത്നിക്കുകയും ത്യാഗങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാനുള്ള സന്നദ്ധതയും ശേഷിയുമുണ്ടാകുമ്പോഴാണു് ഒരു വ്യക്തി ഉത്തമപൌരനായിത്തീരുന്നതു്. ഇപ്രകാരമുള്ള പ്രാഗത്ഭ്യം സിദ്ധിക്കണമെങ്കിൽ ബുദ്ധിപരവും, കായികവുമായ സംസ്കാരം വിദ്യാഭ്യാസംകൊണ്ടു ലഭിക്കേണ്ടതാണു്. വ്യക്തിയുടെ ശ്രേയസ്സ് സമുദായത്തേയും, സമുദായത്തിന്റെ ശ്രേയസ്സ് വ്യക്തിയേയും ആശ്രയിച്ചിരിക്കുന്നു എന്നുള്ള ബോധം വ്യക്തിക്കും സമുദായത്തിനും ജനിക്കേണ്ടതാണു്. മനുഷ്യരെ പരസ്പരം അകററിനിറുത്തുന്നതിനും, പരസ്പരം വിദ്വേഷിക്കുന്നതിനും, പുച്ഛിക്കുന്നതിനും ഇടയാക്കിത്തീർക്കുന്ന വിചാരധാരകളേയും വിദ്യാശാലകൾക്കകത്തു് കടത്തിവിടാവുന്നതല്ല. ഈ ഘട്ടത്തിൽ മതപഠനത്തെപ്പററി അല്പം ആലോചിക്കാം.

മനുഷ്യരെ എല്ലാപേരേയും ഇണക്കി ഒരു ചരടിൽ കോർത്തുകെട്ടുവാനുള്ള ഒരു ദിവ്യമൂലിയാണു് മതമെന്നു പലരും ഉറക്കെ പറയുന്നു. എന്നാൽ പരമാർത്ഥത്തിൽ മനുഷ്യരെ പലേ ഖണ്ഡങ്ങളായി വേർതിരിച്ചു നിറുത്തിയിരിക്കുന്ന ഉറച്ച കോട്ടകളാണു് മതങ്ങൾ. ഇതരമതങ്ങളെക്കാൾ ശ്രേഷ്ഠമാണെന്നു തെളിയിക്കുവാൻ ഓരോ മതവും ശ്രമംചെയ്യുന്നു. മോക്ഷം വേണമെങ്കിൽ ഈ വാതലിൽക്കൂടി പോകണമെന്നു് ഓരോമതവും വിളിച്ചു പറയുന്നു. അതോടുകൂടെ മതഭ്രാന്തു് മനുഷ്യനെ ഗ്രസിക്കുന്നു. മതഭ്രാന്തു് തുള്ളിച്ചാടിത്തുടങ്ങുമ്പോൾ പരസ്പരസ്നേഹവും സൗഹാർദ്ദവും നാടുവിട്ടകലുന്നു. ബാലഹൃദയങ്ങളിൽ മതഭ്രാന്തു് കുത്തിവെച്ചാൽ അതൊരു അസാധ്യരോഗമായി നിലകൊള്ളുന്നു. രോഗിയേയുംകൊണ്ടുമാത്രമേ രോഗം പോകുകയുള്ളു. ഒരു കൂട്ടം കുട്ടികളെ ഹിന്ദുമതമാണു് സത്യമതമെന്നും, വേറൊരു കൂട്ടം കുട്ടികളെ ക്രിസ്തുമതമാണു് സത്യമതമെന്നും, മറെറാരുകൂട്ടം കുട്ടികളെ മഹമ്മദുമതമാണു് സത്യമതമെന്നും, പ്രത്യേക യോഗ്യതയുള്ള അധ്യാപകന്മാർ പഠിപ്പിച്ചു വിശ്വസിപ്പിച്ചു പുറത്തിറക്കിവിട്ടാൽ ആ പള്ളിക്കൂടത്തിലെ അന്തരീക്ഷവും, ഈ വിദ്യാർത്ഥികൾ പൗരന്മാരാകുമ്പോൾ ആ നാട്ടിലെ അന്തരീക്ഷവും മനുഷ്യർക്കു സഹിക്കാൻ വയ്യാത്തവിധം വിഷസമ്മിളിതമായിത്തീർന്നുപോകും; നാടുമുഴുവൻ ഒരു ഭ്രാന്താലയമായി തീർന്നുപോകും. അതിനാൽ എല്ലാപേർക്കും ഒരുപോലെ സ്വീകാര്യവും, പരസ്പരസ്നേഹ വിശ്വാസജനകവും, സന്മാർഗ്ഗ പ്രചോദന പരവുമായ ഒരു

ധാർമ്മികപ്രസ്ഥാനം മാത്രമേ പൊതു വിദ്യാശാലകളിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

പ്രൈവററ് പള്ളിക്കൂടങ്ങളുടെ പ്രധാനമായ ധനാഗമമാർഗ്ഗം രണ്ടാണു്. ഇംഗ്ലീഷ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം, വിദ്യാർത്ഥികളിൽ നിന്നു പിരിക്കുന്ന ഫീസും, സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാൻറുമാണു് പ്രധാന ധനാഗമമാർഗ്ഗങ്ങൾ. ഓരോ പള്ളിക്കൂടത്തിലും നാനാജാതി മതസ്ഥരായ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്. അവരിൽ നിന്നും പിരിച്ചയയ്ക്കുന്ന ധനംപരമാർത്ഥത്തിൽ പൊതുമുതലാണു്. പ്രൈവററ് പ്രാഥമിക പാഠശാലകൾക്കു വരവിനം സർക്കാർ നൽകുന്ന ഗ്രാൻറുമാത്രമാണു്. സർക്കാർ മുതൽ പൊതുമുതലത്രെ. അതിനാൽ പ്രൈവററു് പാഠശാലകളിലും, സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന സംഖ്യാനുപാതികമായ തത്വത്തെ ആസ്പദമാക്കിവേണം അദ്ധ്യാപകന്മാരെ നിയമിക്കുവാൻ. നാനാജാതി മതസ്ഥന്മാർ ഏകയോഗക്ഷേമത്തെ മുൻനിറുത്തി ജീവിക്കേണ്ട ഒരു നാട്ടിൽ സങ്കുചിതമായ വർഗ്ഗീയ മനോഭാവംവച്ചു് ഒരു ജാതീയരേയോ മതസ്ഥരേയോമാത്രം ഒരു പള്ളിക്കൂടത്തിലെ അദ്ധ്യാപകന്മാരായിനിയമിക്കുന്ന നയം ഗർഹണീയമത്രെ. പൊതുമുതൽ വാങ്ങിക്കൊണ്ടു മാനേജരന്മാരുടെ സ്വേച്ഛപോലെ സ്വമതസ്ഥരെ മാത്രം അദ്ധ്യാപകന്മാരായി നിയമിക്കുന്നതു പൗരാവകാശവിധ്വംസകമത്രെ. പൗരാവകാശങ്ങളെ സുരക്ഷിതമാക്കിത്തീർക്കുന്ന നിയമങ്ങൾക്കു വിധേയമായി മാത്രമേ പ്രൈവററു് സ്കൂളുകൾക്കു ഗ്രാൻറു കൊടുക്കുവാൻ സർക്കാരിനവകാശമുള്ളൂ. പ്രൈവററ് സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുവാനുള്ള അധികാരം ഗവർമ്മെണ്ടിൽ സ്ഥിതിചെയ്യേണ്ടതാണു്. ഈവക കരാറിൻപടി മാത്രമേ പ്രൈവററു സ്കൂളുകൾക്കു ഗ്രാൻറു അനുവദിക്കാവൂ. അങ്ങിനെ ചെയ്താൽ പൗരാവകാശം പരിപാലിക്കുന്നതോടുകൂടി അദ്ധ്യാപകൻെറ നിലയ്ക്കു ഒട്ടൊരുറപ്പും ലഭിക്കുന്നതാണു്. വിജ്ഞാനവാണിഭം, നാട്ടിൻെറ പുരോഗമനാർത്ഥം നിയന്ത്രിക്കേണ്ടതാണു്.

# ആതിഥേയി

എം. പ്രഭ

താറിൽ നനഞ്ഞെന്നപോലെ ലോകം മുഴുവൻ കറുത്തിരുണ്ടിരിക്കുന്നു. കണ്ണുകൾ തുറന്നിരിക്കുന്നോ അടഞ്ഞിരിക്കുന്നോ എന്നും അറിയുക സാദ്ധ്യമല്ല. മജ്ജകളെക്കൂടെ വിറപ്പിക്കുന്ന ഒരു ശീതക്കാററു 'ചൂൾ' എന്നുഗ്രമായി വീശുന്നുണ്ടു്.

ഒരു സ്നേഹിതന്റെ ഗൃഹത്തിൽ പോയിട്ടു ഞാൻ മടങ്ങുകയായിരുന്നു. നഗരത്തിന്റെ അപരിചിതമായ കോണിലുള്ള ആ വീട്ടിൽ ഞാനന്നു ആദ്യമായാണു് ചെല്ലുന്നതു്. വഴി നേരേ അറിഞ്ഞുകൂടാ. എന്റെ വീട്ടിലെത്താൻ ഏതാണ്ടു ഒരു മൈലോളം പോകാനുണ്ടു്. ഒരു അരമണിക്കൂറിനു മുൻപു് ആകാശം സുചരിതയായ ഒരുയുവതിയുടെ കണ്ണുകൾപോലെ പ്രസന്നമായിരുന്നു.

പെട്ടെന്നു ലോകത്തെമുഴുവൻ ക്ഷണനേരത്തേക്കു അത്യുജ്ജ്വലപ്രകാശത്തിൽ മഗ്നമാക്കിക്കൊണ്ടു ഒരു കൊള്ളിയാൻമിന്നി. അതിനെത്തുടർന്നു അസ്ഥിബന്ധത്തെ ശിഥിലമാക്കുന്ന ഒരുഗ്രമായ മേഘഗർജ്ജനവും. കോഴിമുട്ടയുടെ വലിപ്പത്തിൽ, വെടിയുണ്ടയുടെ ശീഘ്രതയിൽ മഴത്തുള്ളികൾ വീഴുവാനും തുടങ്ങി. കയ്യിലൊരു കുടയില്ല, അടുത്തെങ്ങും അറിയുന്ന ഒരു വീടുമില്ല. മഴക്കോളുണ്ടെന്നുകണ്ടു ഒരു കുട തരാമെന്നു സ്നേഹിതൻ പറഞ്ഞിട്ടു മിണ്ടാതെപോന്നതിൽ കാണിച്ച ബുദ്ധിശൂന്യതയിൽ, ഞാൻ പശ്ചാത്തപിച്ചു. യൌവ്വനം മസ്തിഷ്ക്കത്തിനു് നൽകുന്ന സാഹസികത!

ഒരു നീർക്കുമിള ഉടയുന്നതിനു് വേണ്ട സമയത്തിനുള്ളിൽ എന്റെ ഹൃദയംവരെ നനഞ്ഞുകഴിഞ്ഞു. ഒരു മിന്നലെങ്കിലും ഉണ്ടായെങ്കിൽ എന്നും ഞാൻ ആഗ്രഹിച്ചു. വഴിയെങ്കിലും നേരെ മനുകണ്ടാൽ, അടുത്തെങ്ങാനും ഒരു വീടുണ്ടോ എന്നു നോക്കാൻ. ഭാഗ്യമെന്നേപറയേണ്ടു, അതുണ്ടായി. വളരെ അകലെയല്ലാതെ ഒരു വീടുകണ്ടുവെന്നു തോന്നി. വിദ്യുത്ലതികകളെ പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ വീണ്ടും നടന്നു. അതും ഭാഗ്യമായി. പിന്നെയും ഒരു മിന്നൽപിണർ. ഗേററു തുറന്നുകിടക്കുന്നു. ഞാൻ ഓടി അകത്തേക്കു കയറി. എന്നാൽ ആ ഗൃഹത്തിനു് പുറന്തിണ്ണയില്ല. പക്ഷേ മുൻവശത്തു, അകത്തേക്കു കടക്കാനുള്ള വാതിലിലേക്കുള്ള കൽപടികൾ നനയാതെയിരിക്കാൻവേണ്ടി മേല്പുര രണ്ടോ മൂന്നോ വാരിയിറക്കിക്കെട്ടിയിട്ടുണ്ടു്. ഞാൻ കതകിനോടെ ചേർന്നുനിന്നു നോക്കി. വലിയ ഫലമൊന്നുമില്ലെങ്കിലും തല വളരെ നനയാതെയിരിക്കും. ആ വീട്ടിലാരെങ്കിലുമുണ്ടോ എന്നു വിളിച്ചുനോക്കാമെന്നു വിചാരിച്ചു. അപരിചിതമായ ആളുകളോടു ഔദാര്യം അർത്ഥിക്കുന്നതിന്റെ അനൗചിത്യം എന്നെ അതിൽനിന്നും പിൻതിരിയിച്ചു. അറിയാത്ത ഒരു വീട്ടിൽ, രാത്രിസമയത്തു് ചെന്നു കതകുതുറക്കണമെന്നു ആവശ്യപ്പെടുക എത്ര തെററായ ഒരു പ്രവൃത്തിയാണു്?

മഴത്തുള്ളികൾ വീഴുന്നതുസഹിക്കാൻവയ്യ. ഊക്കേറിയ ആ കാററും. പെട്ടെന്നു ഒരബദ്ധംപററി. ഞാൻ അറിയാതെ, ഞാൻ ചാരിനിന്നിരുന്ന വാതിലിൽ വച്ചുപിടിപ്പിച്ചിരുന്ന ലോഹവളയത്തിൽ

എൻെറ ശരീരം തട്ടി, അതു ഒരൊച്ചയുണ്ടാക്കി. മേഘനിനാദത്തെക്കാൾ അതു എന്നെ ഭയപ്പെടുത്തി അകത്താരെങ്കിലും അതു കേട്ടുഎന്നുവരുക, അവർ കതകുതുറന്നു നോക്കുക, തന്നെക്കാണുക, ഹോ! എത്ര അഭിമാനഭഞ്ജകമായ ഒരു സംഗതിയായിരിക്കും അതു്.

എന്തു്? കതകിൻെറ തഴുതുനീക്കുന്ന ശബ്ദമാണോ കേൾക്കുന്നതു്? എടുത്തുചാടി ഓടിക്കളഞ്ഞാലെന്തെന്നു എനിക്കു തോന്നി. പെരുമഴ, കൂരിരുട്ടു. അല്ലായിരുന്നുവെങ്കിൽ ആകാമായിരുന്നു.

വാതിൽ കുറഞ്ഞൊന്നു തുറന്നു. ഞാൻ ഒരുവശത്തേക്കു മാറാൻ ശ്രമിച്ചു.

"ആരാ അതു്? അകത്തേക്കു വരാമല്ലോ"

"ഞാൻ സ്തംഭിച്ചുപോയി, ഒരുസ്ത്രീയുടെ ശബ്ദമായിരുന്നു അതെന്നു തോന്നി!"

"മഴയായതുകൊണ്ടു കയറിനിന്നതാണു്" ഞാൻ വിശദീകരിച്ചു, അഥവാ ക്ഷമായാചനം ചെയ്തു.

"അകത്തേക്കു വരൂ", ആ ശബ്ദം ആവർത്തിച്ചു.

ചെയ്യുന്നതെന്താണെന്നുള്ളതിനെപ്പററി തീരെ മനസ്സിലാക്കാതെ, അകത്തേക്കു ഞാൻ കയറി.

ഒരു യന്ത്രത്തെപ്പോലെ എനിക്കു കടക്കാൻവേണ്ടി വാതിൽ തുറന്നതോടുകൂടി അകത്തേക്കു ആഞ്ഞുകയറിയ കാററിൻെറ കുസൃതി ഉത്തരക്ഷണത്തിൽ മേശപ്പുറത്തു കത്തിക്കൊണ്ടിരുന്ന ഒരു നിലവിളക്കിലെ ദീപത്തെ അണച്ചുകളഞ്ഞു.

"ഓ:" സ്ത്രീകൾക്കുമാത്രം പുറപ്പെടുവിക്കാവുന്ന, ഹൃദയാവർജ്ജകമായ ഒരു ശബ്ദം! കൂരിരുട്ടു. ആ വാതിൽ അടച്ചു തഴുതിട്ട ആ ശബ്ദം ഞാൻ കേട്ടു. ഞാൻ അവിടെത്തന്നെ നിന്നു, നീങ്ങുവാനാകാതെ, ശബ്ദിക്കാനാകാതെ, ചിന്തിക്കുവാനും കഴിയാതെ.

"വിളക്കുവരട്ടെ"

കാൽപെരുമാററം ഞാൻ കേട്ടു. എൻെറ ഹൃദയത്തിൽ കൊടുങ്കാററും മഴയും ഉണ്ടാകുന്നു എന്നു ഞാനറിഞ്ഞു.

കുറെക്കഴിഞ്ഞു ഒരു റാന്തലുമായി അവൾ മടങ്ങിവന്നു. വിളക്കു മേശമേൽ വച്ചിട്ടു എൻെറനേരേ നോക്കി. ഹൃദയത്തെ തീപിടിപ്പിക്കാൻ ആ കണ്ണുകൾക്കു കഴിയും. നല്ല കറുത്ത പുരികക്കൊടികൾ, വിശാലമായി, ജ്വലിക്കുന്ന കണ്ണുകൾ.

"പെരുമഴ"

ആ വാക്കുച്ചരിക്കുവാൻ വേണ്ടി ആ ചുണ്ടുകൾ വിടർന്നു വിഭ്രാന്തിജനകമായ ഒരു വശ്യതയോടെയാണു്. പുഞ്ചിരിക്കു മാററുകൂട്ടുവാൻവേണ്ടി നിർമ്മിച്ചിട്ടുള്ള ചെറിയ പല്ലുകളും.

എനിക്കുത്തരം പറയാൻ അഥവാ എന്തെങ്കിലും പറയാൻ നാവുപൊങ്ങിയില്ല.

"നിങ്ങൾ വളരെ നനഞ്ഞിരിക്കുന്നുല്ലോ" ആ കണ്ണുകൾ എൻെറ തലമുതൽ കാൽവരെയും അവിടെ നിന്നു തിരിയെ തലയിലേക്കും നീങ്ങുന്നതു ഞാൻ കണ്ടു. എൻെറ ഷർട്ടു ശരീരത്തോടു വളരെ പററിക്കിടക്കുകയാണു്. നേരിയ ആ തുണിയിൽകൂടി ബനിയനും, നെഞ്ചിലെ രോമവും അവ്യക്തമായെങ്കിലും കാണാമായിരുന്നു എന്നെനിക്കുതോന്നി. അതുപോലെതന്നെ കാൽവരെ, മുണ്ടിൽ നിന്നും ചില അരുവികൾ ഒഴുകുന്നുണ്ടായിരുന്നു.

"ഇതാ വന്നേച്ചു" അവൾ തിരിയെ നടന്നുപോയി. നല്ല മാംസളമായ ശരീരം. ആ നടത്തയ്ക്കു എന്തെന്നില്ലാത്ത ചന്തമുണ്ടു്. ആ ഓരോ കാലും പതിക്കുന്നതു എൻെറ ഹൃദയത്തിലാണെന്നു തോന്നിപ്പോവും. പക്ഷേ, ഒരു കന്യകയുടെ ആ

പ്രഗത്ഭതയേക്കാൾ വേറേ എന്തോന്നോ അല്ലേ ആ നിതംബബിംബങ്ങളുടെ താളമേളത്തിൽ തത്തിക്കളിക്കുന്നതു്. ആരാണിവൾ, എന്തിനാണിവൾ അകത്തേക്കു പോയതു്? ഇവൾ മാത്രമേ ഈ ഗൃഹത്തിൽ ഉള്ളു എന്നു വരുമോ. എങ്ങനെയുള്ള വീടാണിതു്? ശുഭ്രവസ്ത്രങ്ങളാണു ധരിച്ചിരിക്കുന്നതു്. പെട്ടെന്നു വാതിൽ തുറന്നു ഓടിക്കളഞ്ഞാലെന്തു്?

മഴ കോരിച്ചൊരിയുന്നു. പ്രചണ്ഡമായ കൊടുങ്കാററിന്റെ ശീൽക്കാരം കേൾക്കുന്നു.

ആ മുറിയിൽ അധികം ഗൃഹോപകരണങ്ങൾ ഒന്നുമില്ല. ഒരു ചെറിയ മേശ. അതിന്റെ ചുററുമായി മൂന്നു കസേരകൾ. ചുവരിൽ കണ്ണാടിയിട്ട നാലു ഫോട്ടോകൾ.

കുറച്ചുകഴിഞ്ഞു അവൾ മടങ്ങിവന്നു.

“തലതോർത്തണ്ടേ?” എനിക്കു മനസ്സിലാക്കാൻകഴിയാത്ത എന്തോ ഒന്നു ആ പുഞ്ചിരിയിൽ ഉണ്ടായിരുന്നില്ലേ?

തലതോർത്തണമെന്നു ഒരു ആവശ്യമുണ്ടെന്നു എനിക്കു അപ്പോൾമാത്രമാണു തോന്നിയതു്.

മേശപ്പുറത്തിരുന്ന റാന്തൽ ചെന്നെടുത്തു ‘വരൂ’ എന്നാജ്ഞാപിച്ചുകൊണ്ടു അവൾ അകത്തേക്കു നടന്നുപോയി. നിർവ്വചനവിധേയമല്ലാത്ത ഒരു നൂറു വികാരങ്ങൾ എന്റെ അന്തരംഗത്തിൽ ലഹളകൂട്ടുവാൻ തുടങ്ങി. എവിടേയ്ക്കാണവൾ പോകുന്നതു്? താറുടുത്തിട്ടു അതിന്റെമേൽ വളരെ കട്ടിയില്ലാത്ത മുണ്ടാണു് ഉടുത്തിരിക്കുന്നതു്. അധോംശുകത്തിലെ ചുളിവുകൾ എത്താണ്ടറിയാം. നല്ല ഒതുങ്ങിയ അരക്കെട്ടു്. ഒന്നായഞ്ഞലഞ്ഞു പൂർണ്ണമായ നിതംബം.

ഒന്നുരണ്ടുമുറികൾ കടന്നു, വിളക്കു നിലത്തുവച്ചിട്ടു അവൾ പറഞ്ഞു. “കുളിമുറിയാണതു്, അകത്തു തോർത്തുണ്ടു്” കൃതജ്ഞത പറയണമെന്നെനിക്കു തോന്നി. എന്നാൽ നാക്കു പൊങ്ങിയില്ല.

അവൾ തിരിഞ്ഞു നടന്നുപോയി. ഒരു രണ്ടുനാലടിയകലെക്കൂടെ. ഏതോ ഹൃദയാഹ്ലാദകരമായ ഒരു ഗന്ധം എന്നെ ഒരു നിമിഷനേരത്തേക്കു ആശ്ലേഷിച്ചിരുന്നില്ലേ?

ഞാൻ റാന്തലുമെടുത്തു കുളിമുറിയിൽ കടന്നു. ചൂടുവെള്ളത്തിന്റെ മണം അവിടെയുണ്ടു്. അപ്പോൾ അവൾ കുളികഴിച്ചിട്ടു വളരെനേരമായിട്ടില്ല. അയയിൽ അലക്കിയ ഒരു തോർത്തും നനഞ്ഞ മറെറാരു തോർത്തും കിടപ്പുണ്ടു്. റാന്തൽ ഞാൻ മൂലപ്പലകയിൽ വച്ചിട്ടു വാതിൽ അടച്ചു.

ഹാ! അവൾ ഈ മുറിയിൽനിന്നാണു കുളിച്ചതു്. ഇവിടത്തെ അന്തരീക്ഷത്തിനു് അവളെ സുപരിചിതമാണു്. പ്രകൃതിയുടെ മനോഹാരിത ദർശിക്കുന്നതിനു് എന്തിനാണു മനുഷ്യൻ കന്യാകുമാരിയിലും ഹിമാലയത്തിലും സ്വിററ്സർലൻറിലും വെനീസ്സിലും പോകുന്നതു് ?

നനഞ്ഞുകിടന്ന ആ തോർത്തിൽ ഞാൻ തൊട്ടുനോക്കി. അതിൽ ആലക്തികശക്തി ആവാഹിച്ചിരുന്നുവെന്നു തോന്നി. എന്തെന്നാൽ അതു എന്നിൽ രോമാഞ്ചം രചിച്ചു. അതിൽ കൂടുതലായി എന്തോന്നോ ഒക്കെയും. ഹാ! എന്തു പുണ്യംചെയ്ത ഒരു സാധനമാണതു്? നിർജ്ജീവവസ്തുക്കൾക്കും ആനന്ദിക്കാനുള്ള കഴിവുണ്ടാകാതെയിരിക്കുമോ പക്ഷെ എത്രജന്മം കഴിഞ്ഞാലാണു് ഇങ്ങനെ ഒരു തോർത്തായി ഭവിക്കുക. ഒരു കാമുകനുപോലും ഉണ്ടാകാത്ത ആനന്ദാനുഭൂതിയല്ലേ അതിനു സിദ്ധിക്കുക? കുളികഴിഞ്ഞു ശരീരം ആർദ്രമായിരിക്കുന്ന ആ ശുഭമുഹൂർത്തത്തിൽ ആ കമ്രകളേബരത്തെ ആപാദചൂഡം ആശ്ലേഷിക്കുന്നതിനു്, എല്ലാ അവയവ വിശേഷ

ങ്ങളേയും ആലിംഗനംചെയ്യുന്നതിനുള്ള ആ അപൂർവ്വഭാഗ്യം.... ..

ഞാൻ വസ്ത്രങ്ങളെല്ലാം നന്നായി പിഴിഞ്ഞുടുത്തു, തലയൊക്കെ ഒന്നു തോർത്തി, റാന്തലുമെടുത്തു മുൻവശത്തെ മുറിയിലേക്കു മടങ്ങിച്ചെന്നു. നേരത്തെ അണഞ്ഞുകിടന്ന ആ നിലവിളക്കു കത്തിച്ചുവച്ചിരിക്കയാണു്. അവളുമുണ്ടവിടെ.

"ഇരിക്കാമല്ലോ" സംഗീതാത്മകമായ സ്വരമാണവളുടേതു്. അവളുടെ ഉച്ചാരണത്തിനു് അപ്രമേയമായ ഒരു ആകർഷണീയതയാണുള്ളതു്. കഷ്ടം ഒരു യുവതിയുടെ സ്വരത്തിൽനിന്നും അവളെ പ്പററി മനസ്സിലാക്കാനുള്ള കഴിവു അല്പമായെങ്കിലും എനിക്കുണ്ടായിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു.

ഞാൻ നിലത്തുവച്ചറാന്തലുമെടുത്തുകൊണ്ടു അവരം അപ്രത്യക്ഷയായി. പുറത്തു കാററിന്റെ ഇരമ്പൽ കേൾക്കുന്നുണ്ടു്. ഏതോ വൃക്ഷശിഖരം പുരപ്പുറത്തു ഉരസുന്ന ശബ്ദം കേൾക്കാം. ഞാൻ ആലോചിക്കുവാൻ തുടങ്ങി. മററാരുമനുഷ്യനായിരുന്നു എന്റെ സ്ഥാനത്തെങ്കിൽ എന്തായിരിക്കുമായിരുന്നു സംഭവിക്കുക. പെരുമഴ കററാകുററിരുട്ടു് ഒരു അപരിചിതനായ യുവാവിനെ ഗൃഹത്തിനകത്തേക്കു കയററുക, ഉടനെ വാതിൽ അടച്ചു കൊളുത്തിടുക, വേറെ ഒരു മനുഷ്യരുമില്ല ആ വീട്ടിൽ.

എന്തുതരക്കാരിയായിരിക്കും അവരം. കഷ്ടം! പരിതസ്ഥിതികളുടെ ക്രൂരതയിൽ ലോകത്തിന്റെ ദൃഷ്ടിയിൽ യോഗ്യനായി കഴിയാൻ ഇടയാകാതെ ലോകത്തിലിറങ്ങി അതിലെ വൃന്ദാവനങ്ങളിൽ ഒന്നു വിഹരിക്കുവാൻ ശ്രമിക്കാഞ്ഞതു അബദ്ധമായിപ്പോയി എന്നു ഞാൻ ഖേദിച്ചു.

അവരം തിരിയെവന്നു. യാതൊരു വിശദീകരണവും കൂടാതെ ഒരുകപ്പു ചായ അവരം മേശപ്പുറത്തുകൊണ്ടുവച്ചു. വാസ്തവത്തിൽ ഞാൻ വിറയ്ക്കുകയായിരുന്നു. തണുപ്പിന്റെ കാഠിന്യത്താലും, മനസ്സിന്റെ ചാഞ്ചല്യത്താലും.

"വേണ്ടായിരുന്നു" ഞാൻ പറഞ്ഞു. എന്റെ ശബ്ദം വേറേ ആരുടേതോ എന്നപോലെ മാറിയിരുന്നു.

അവരം ഞാൻ ഇരുന്നിട...ന്നും ഒരു ഞ്ചടിദൂരെ, മതിലിൽ ചാരി നിൽക്കുകയാണു്. അവളുടെ ആകൃതിയുടെ മാന്ത്രികമായ ആകർഷണീയത മുഴുവൻ വ്യക്തമാക്കിക്കൊണ്ടു്.

"വലിയ തണുപ്പു്" അവരം പുഞ്ചിരിച്ചു. എന്റെ ഉള്ളൊന്നു കത്തി. അവരം എന്താണുദ്ദേശിക്കുന്നതു്. എന്താണു പ്രതീക്ഷിക്കുന്നതു്? പെട്ടെന്നു എന്റെ ചില സ്നേഹിതന്മാർ, അവർക്കുണ്ടായിട്ടുള്ള അനുഭവങ്ങളെപ്പററി പറഞ്ഞിട്ടുള്ള കഥകളിൽ ചിലതു ഞാനോർത്തു.

ഞാൻ ചായപത്രമെടുക്കുവാനായി അധരങ്ങളിലേക്കുയർത്തി. അവരം എത്ര പ്രാവശ്യം അതുപോലെ ആ കപ്പിന്റെ വെണ്ണൊടികളിലേക്കുയർത്തി അവിടെ, ഞാൻ ചുണ്ടുകൊണ്ടു് തൊട്ടഭാഗത്തുതന്നെ ചുംബിച്ചിരിക്കണമെന്നെനിക്കു തോന്നി. ഞാൻ മോഹാലസ്യപ്പെട്ടില്ല. എന്റെസ്വരം എത്രയും സാധാരണമാക്കാൻ ശ്രമിച്ചുകൊണ്ടു ഞാൻപറഞ്ഞു.

"ഇത്രപെട്ടെന്നു മഴവരുമെന്നു വിചാരിച്ചില്ല."

"അതെ!"

"മഴതീർന്നല്ലോ" ഞാൻ ചായകുടിച്ചു കപ്പു മേശമേൽവച്ചിട്ടു പറഞ്ഞു.

"ഇല്ല, പെയ്യുന്നുണ്ടു്." ആ കണ്ണുകളിൽ സ്ഫുരിക്കുന്നതു എന്താണു്. ഒരു സാധാരണക്കാരിയുടെ വികാരങ്ങളാണോ?

"ഇല്ല തീരുവെന്നു തോന്നുന്നു"

"എന്താ ഇത്രധിറുതി?"

അപ്പോരം ഞാൻ അവിടെ കുറേനേരം

ഇരിക്കണമെന്നാണോ അവളുടെ ആഗ്രഹം. എന്തെങ്കിലും കൂടുതലായി അവൾ എന്നിൽനിന്നും പ്രതീക്ഷിക്കുന്നുവോ? ഞാൻ ഒന്നെഴുന്നേററു രണ്ടടി മുന്നോട്ടുവച്ചാൽ മതി, സുന്ദരമായ ആ കനകവിഗ്രഹം എന്റെ കൈ ആശ്ലേഷത്തിനുള്ളിലാകും, മാദകമായ ആ അധരപുടങ്ങൾ ത്രസിക്കുന്നുണ്ടാവും എന്റെ അധരങ്ങളുടെ സ്പർശത്തിൽ—

ഞാൻ അവളുടെ നേരേനോക്കി. രക്തം തുടിക്കുന്ന കവിൾത്തടങ്ങൾ, മാർനിറഞ്ഞ വക്ഷോരുഹങ്ങൾ.

ലോകത്തു ഒരുമനുഷ്യരും അറിയുകയില്ല, ഒരു പൈശാചികത എന്നിൽ ഞാൻ കണ്ടു.

പെട്ടെന്നു, അകത്തു ഒരു കരച്ചിൽകേട്ടു. ഒരു ശിശുവിന്റെ കരച്ചിൽ.

“ഇതാവന്നേച്ചു” എന്നുപറഞ്ഞിട്ടു അവൾ അകത്തേക്കുപോയി.

ഞാൻ സ്തബ്ധനായിപ്പോയി. ഹാ! ഞാൻ എത്ര ക്രൂരനാണു്, എന്തൊരു രാക്ഷസനാണു്? മഴയിൽനിന്നും അഭയം നൽകിയ കുലീനയായ ഒരു മാതാവിനെപ്പററി ഞാൻ എന്തെല്ലാം വിചാരിച്ചു. ആശിശു അന്നേരം ഉണർന്നു കരയാതിരുന്നുവെങ്കിൽ ഞാൻ എത്ര മഹാപരാധിയായിത്തീരുമായിരുന്നു.

ഒരു ശിശുവിനേയും തോളിലിട്ടുകൊണ്ടു ആദേവത മടങ്ങിവരുന്നു.

ആ പരിപാവനമായ അന്തരീക്ഷത്തെ ഒരു മാത്രകൂടി എന്റെ സാന്നിദ്ധ്യംകൊണ്ടു പങ്കിലമാക്കിക്കൂടാ എന്നു ഞാൻകണ്ടു. ഞാൻ പെട്ടെന്നെഴുന്നേററു അവരുടെമുമ്പിൽ സാഷ്ടാംഗം നമസ്കരിക്കേണ്ടതാണെന്നു എനിക്കുതോന്നി.

“കുഞ്ഞിന്റെ അച്ഛനും വാല്യക്കാരനും വന്നെങ്കിൽ കുടയുംറാന്തലും തന്നയക്കാമായിരുന്നു.”

ഹോ! ഭൂമിയെന്നെയെന്താണു് വിഴുങ്ങിക്കളയാഞ്ഞതു്? കേരളീയ സംസ്കാരത്തിന്റെ ഒരു വൈജയന്തിയായ ആ സ്ത്രീരത്നത്തെപ്പററി ഞാൻ എന്തെല്ലാം ചിന്തിച്ചുപോയി. അതിന്റെ പാപമുക്തിയ്ക്കു ഞാനെന്താണു് ചെയ്യേണ്ടതു്.

“മഴതീർന്നു” ഞാൻ ചാടിയെണീററു. സ്ത്രീത്വത്തിന്റെ ആ മഹനീയമാതൃകയുടെ മുൻപിൽ മുട്ടുകുത്താതെ വെറും അപരിഷ്കൃതനായ ഒരു മൃഗത്തെപ്പോലെ, വാതിൽതുറന്നു പുറത്തിറങ്ങി നടന്നു.

മഴ തീർന്നിരിക്കുന്നു. ആകാശംതെളിഞ്ഞു നക്ഷത്രം പ്രശോഭിതമായിരിക്കുന്നു. അതു ആ മഹതിയുടെ ഹൃദയവിശാലതയേയും ആത്മാവിന്റെ പരിപാവനതയേയും അല്പമായി അനുകരിക്കുകയായിരുന്നില്ലേ?

---

K. JACOB THOMAS MEMORIAL PUBLIC LIBRARY

# യന്ത്രയുഗവും സത്യഗ്രഹവും

എ. ജി. കൃഷ്ണവാര്യർ

ഭാവനയെപ്പോലും അമ്പരപ്പിക്കുന്ന ശീഘ്രതയാണു് എല്ലാ ജീവിതമണ്ഡലങ്ങളിലും ഇന്നു നമ്മേ വെല്ലുവിളിക്കുന്നതു്. കാലനദി ഇന്നത്തേപ്പോലെ ഇത്രവേഗം എല്ലാവഴിക്കും പാഞ്ഞൊഴുകിക്കൊണ്ടിരുന്നിട്ടുണ്ടോ എന്നു സംശയമാണു്. യാന്ത്രികശക്തിയുടെ അത്ഭുതപൂർവ്വമായ ഇന്നത്തെ വികാസത്തിന്റെ ഫലമായി നിരവധി ഭീതികളും ആശങ്കകളും മനസ്സിൽ തിക്കിത്തിരക്കിക്കയറി മനുഷ്യനെ വ്യാകുലപ്പെടുത്തുകയും അക്ഷമനാക്കുകയും ചെയ്യുന്നു. പരമാണുവിൽ ഒളിഞ്ഞുകിടന്നിരുന്ന വമ്പിച്ച ശക്തിയെ ഉണർത്തി മനുഷ്യന്റെ ഹിംസാവാസനയെ പോഷിപ്പിച്ചതോടുകൂടി ഐഹികജീവിതം യഥാർത്ഥത്തിൽ വെറുമൊരു ദുരന്തദുഃസ്വപ്നം മാത്രമായി ചമഞ്ഞിരിക്കുകയുമാണല്ലോ. പ്രകൃതിയുടെ രഹസ്യങ്ങളെ ആകമാനം ചുഴിഞ്ഞെടുത്തു്, മനുഷ്യന്റെ വിജ്ഞാനഭണ്ഡാഗാരത്തെ നിറച്ചു്, ജീവിതത്തോതു് ഉയർത്തി, ഭൂമുഖം സ്വർഗ്ഗമായി രൂപാന്തരപ്പെടുത്തുവാൻ കാപ്പുകെട്ടിപ്പുറപ്പെട്ട ആധുനികശാസ്ത്രം, മനുഷ്യജീവിതത്തെത്തന്നെ പണയപ്പെടുത്തുന്ന ഈ യന്ത്രയുഗത്തെ ആവിഷ്കരിച്ചതെങ്ങനെയെന്നും, തത്ഫലമായി ജീവിതഗതിക്കു നേരിട്ടിട്ടുള്ള കോട്ടങ്ങളും അതിന്റെ സംഭാവ്യമായ ഭാവിയും ഏതുതരത്തിലെന്നും, ആരായുക പ്രയോജനപ്രദമാണു്.

മനുഷ്യയത്നത്തെ ലഘൂപ്പെടുത്തി ജീവിതയാത്ര സുഖതരമാക്കുവാനുള്ള ഇച്ഛയുടെ ഫലമായിട്ടാണു് ശാസ്ത്രഗവേഷണങ്ങളും സിദ്ധികളും ഉണ്ടായിട്ടുള്ളതു്. ജ്ഞാനസമ്പാദനമെന്ന സമുന്നതമായ ലക്ഷ്യത്തെ പ്രാപിക്കുന്നതിനുള്ള ശ്രമമായി അവ രൂപാന്തരപ്പെട്ടതു് ബുദ്ധിവികാസത്തിന്റെ പിന്നീടുണ്ടായിട്ടുള്ള ഒരു അവാന്തരഫലമായിട്ടാണു്. എന്നാൽ പ്രയോജനപരമായ പ്രയത്നങ്ങൾക്കു കൂടുതൽ പ്രാധാന്യം കല്പിച്ചുവരുന്നതുകൊണ്ടു സിദ്ധാന്തപരമായ ശാസ്ത്രീയവികാസങ്ങളും അചിരേണ ഫലപ്രദമാക്കുന്നതിനു ശാസ്ത്രജ്ഞന്മാരും അവരെ നിയന്ത്രിക്കുന്ന ഭരണകൂടങ്ങളും ബദ്ധപ്പെടുന്നതായിക്കാണാം. ആവിയന്ത്രംതുടങ്ങി കാലത്തെയും ദേശത്തെയും അധഃകരിക്കുന്ന വിമാനങ്ങൾവരെയുള്ള ആധുനികശാസ്ത്രത്തിന്റെ പ്രത്യക്ഷവിജയങ്ങളെ അത്യാഹ്ലാദപൂർവ്വം ലോകം സ്വാഗതംചെയ്തു. എന്നാൽ നിരവധിലക്ഷം സാമാന്യജനങ്ങളുടെ ജീവിതത്തിൽ നേരിട്ടു ശാസ്ത്രംകൈവച്ചു അതിന്റെ ആധിപത്യംസ്ഥാപിച്ചതു് വിപുലമായ വ്യവസായീകരണം യൂറോപ്പിലും അമേരിക്കയിലും വന്നുചേർന്നതോടൊപ്പമാണു്. യാന്ത്രികമായ വ്യവസായീകരണത്തിന്റെ ഫലമായി സഹസ്രം മനുഷ്യർ ഒന്നുചേർന്നു ചെയ്തുതീർത്തുപോന്ന ദുർവ്വഹമായ ജോലികൾ അനായാസമായി വ്യവസായശാലകളിൽ ചെയ്തുതീർക്കപ്പെട്ടു. അത്രയുംപേർക്കു് വിശ്രമംമാത്രമല്ല തൊഴിലില്ലായ്മയും വന്നുചേർന്നു. വ്യവസായീകരണംകൊണ്ടുണ്ടാകുന്ന പ്രാഥമികഫലം വ്യവസായശാലകളുടെ

ഉടമസ്ഥന്മാർ പെട്ടെന്നു കുബേരന്മാരായി തീരുന്നു എന്നുള്ളതാണു്. പക്ഷെ അഭികാമ്യമായ ഈ ഫലം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിപണികളേയും, നിർല്ലോപമായി വ്യവസായശാലകളിലേക്കു ഒഴുകിക്കൊണ്ടിരിക്കുന്ന അസംസ്കൃതസാധനങ്ങളേയും, നിസ്സാരമായ കൂലിക്കുവേണ്ടി മടയ്ക്കുന്ന അനേകായിരം കൂലിവേലക്കാരുടെ ദയനീയമായ പാരതന്ത്ര്യത്തെയും, ആശ്രയിച്ചിരിക്കുന്നു. ഇതുകൊണ്ടുതന്നെയാണു് കുബേരസേവയിൽ വ്യാപൃതവും ആദ്യം യൂറോപ്പിൽ വ്യവസായീകരണം സ്ഥാപിതമായിത്തീൎന്നതുമായ രാജ്യങ്ങൾ—ഇംഗ്ലണ്ടു്, ഫ്രാൻസ്, ബെൽജിയം, നെതർലൻഡ്സ്—കച്ചവടം എന്ന വ്യാജേന അസംസ്കൃതസാധനങ്ങളിൽ മികച്ച പിന്നോക്കജനതകളുടെ രാജ്യങ്ങൾ കൈക്കലാക്കുവാൻ, പല ശതകങ്ങളായി മത്സരിച്ചുകൊണ്ടും വരുന്നതും. രാജ്യത്തിനു് അകത്തും പുറത്തുമുള്ള വ്യവസായീകരണംകൊണ്ടു്, അതായതു് ശാസ്ത്രനിർമ്മിതമായ വൻതരയന്ത്രങ്ങൾ സ്ഥാപിച്ചു് കച്ചവടത്തിനായി ഒട്ടേറെസാധനങ്ങൾ ഉണ്ടാക്കി അവയെസുലഭവും പ്രചുരവുമാക്കുന്നതുകൊണ്ടു്, കഴുത്തറുപ്പൻ മത്സരത്തിനും, പാരതന്ത്ര്യത്തിനും, തൊഴിലില്ലായ്മയ്ക്കും, അങ്ങനെക്രമേണ വിപ്ലവത്തിനും വിനാശത്തിനും ഇടയുണ്ടാകുന്നു എന്നുള്ളതും നിസ്തർക്കമാണു്.

കൂടാതെ, യന്ത്രനിർമ്മിതി ജീവിതയാത്ര സുഖതരമാക്കുന്നതിനും വേലക്കാരനു് വിശ്രമം കൈവരുത്തുന്നതിനുമാണെന്നു പ്രസ്താവിച്ചല്ലോ. എന്നാൽ ആ വിശിഷ്ടഫലങ്ങൾ വന്നുചേരണമെങ്കിൽ സ്വീകാര്യമായ ജീവിതലക്ഷ്യവും അതിനനുകൂലമായി വിശ്രമവേള പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരുപരിപാടിയും കൂടിയേയിരു എന്നു സ്പഷ്ടമാണു്. യന്ത്രമേധാവിത്വം നിലവിലിരിക്കുന്ന ഇന്നത്തേ സ്വാതന്ത്ര്യരാജ്യങ്ങളിൽമേൽ സൂചിപ്പിച്ച ജീവത്പ്രശ്നങ്ങൾക്കു് സമാധാനം നേടുന്നതിനുള്ള സംഘടിതമായ യത്നങ്ങൾ ഉണ്ടായിട്ടില്ലെന്നു് ഇതിനകം തെളിഞ്ഞിട്ടുണ്ടു്. യുദ്ധവിജയത്തിനുവേണ്ടി അവിശ്രാന്തം പ്രചരണം നടത്തുമ്പോഴും, ആഴ്ച്ചതോറും ഓരോദിവസം കാര്യമായ വ്യാപാരങ്ങൾ ഒഴിച്ചു് വിശ്രമത്തിനും വിനോദത്തിനുംവേണ്ടി പള്ളികളിൽ പോകുമ്പോഴും (അങ്ങനെ പോകുന്നുണ്ടെങ്കിൽ) ആത്മാവു്, ഈശ്വരൻ, സർവ്വസാഹോദര്യം എന്നുംമററും സ്മരിക്കുന്നു എന്നുള്ളതു് പരമാർത്ഥംതന്നെ. പക്ഷേ ആഴ്ച്ചയിൽ ഏറിയകൂറും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ രീതികളുപേക്ഷിക്കുന്നതിനു് കുറേമണിക്കൂറുകൾമാത്രം കാര്യപ്രധാനമായി പ്രസംഗിക്കുന്നതുകൊണ്ടു സാദ്ധ്യമല്ലെന്നു ബുദ്ധിമാന്മാരായ അക്കൂട്ടർക്കും അറിയാം.

യന്ത്രയുഗം വരുത്തിവച്ചിട്ടുള്ള വിനകളിൽ വമ്പിച്ചതു് മനുഷ്യനെത്തന്നെ അതു ഒരു യന്ത്രമായി രൂപാന്തരപ്പെടുത്തിയെന്നുള്ളതാണു്. മനുഷ്യനു് ചിന്താസ്വാതന്ത്ര്യമോ, ശരീരേതരമായ ആത്മാവിൽ സജീവമായ വിശ്വാസമോ, സർവ്വസാഹോദര്യമെന്ന ആദർശത്തിൽ ഉറച്ചനിലയോ ഉണ്ടായിരുന്നെങ്കിൽ വ്യവസായശാലകളിലേക്കും, ഖനികളിലേക്കും, യുദ്ധക്കപ്പലുകളിലേക്കും, യുദ്ധക്കളങ്ങളിലേക്കും ലക്ഷക്കണക്കിലുള്ള മനുഷ്യമൃഗങ്ങളുടെ ഈ പ്രവാഹമുണ്ടാകുമായിരുന്നോ? മനുഷ്യന്റെ നഷ്ടമായതും യന്ത്രയുഗസമ്മർദ്ദംകൊണ്ടു് കൂടെക്കൂടെ നശിച്ചുകൊണ്ടിരിക്കുന്നതുമായ മനുഷ്യത്വത്തെ വീണ്ടെടുക്കുന്നതിനും അവന്റെ ആത്മാവിനു് യോജിച്ചു് ഉന്നതമായ ഒരുപദവിയിലേക്കു് മനുഷ്യനെ ഉയർത്തുന്നതിനുമാണു് ഗാന്ധിജി ആദ്യന്തം തന്റെ

ജീവിതത്തിൽ യന്തിച്ചിട്ടുള്ളതു്. ആ ജീവിതം കോളിളക്കംകൊണ്ടും കാലപ്പകർച്ചകൊണ്ടും കുലുങ്ങാത്ത പരമാർത്ഥങ്ങളിൽ കെട്ടിയുറപ്പിച്ചിട്ടുള്ളതാകകൊണ്ടു്, മനുഷ്യത്വത്തിനുനേരിട്ടിട്ടുള്ള ഘോരമായ ഈ വിപദ്ഘട്ടത്തിൽ വിമൃശ്യകാരികളായ ഏവരുടേയും സവിശേഷമായശ്രദ്ധയ്ക്കും പരീക്ഷണത്തിനും വിഷയമാകേണ്ടതാണു്.

മനുഷ്യരാശിയുടെ ചരിത്രാരംഭം മുതൽ ഇന്നുവരെ അദൃശ്യമെങ്കിലും അവിച്ഛിന്നമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആദർശധാരകളുടെയും പ്രഭാവം മഹാത്മജിയുടെ മഹനീയജീവിതത്തിൽകാണാം. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോനിമിഷവും നാം മറന്നുപോയ ഏതോ ഒരു ദിവ്യരഹസ്യത്തെ അനുസ്മരിപ്പിക്കുകയും അതു വീണ്ടും നമുക്കു് സ്വായത്തമാക്കാൻ കഴിയുന്നതാണെന്ന വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഗാന്ധിജിയുടേതുപോലെ അസാധാരണമായ ഒരു ജീവിതചര്യ മതിമറന്ന ഭക്ത്യാദരങ്ങളെ ആർജ്ജിച്ചതിനോടൊപ്പം തീവ്രമായ പ്രാതികൂല്യത്തെ ഇളക്കിവിടുകയും ചെയ്തതിൽ അത്ഭുതത്തിനു് അവകാശമില്ല.

ഗാന്ധിജി ഒരു നൂതനവും അതിസാഹസികവുമായ ജീവിതചര്യയിലേക്കു് ലോകത്തെ ആകമാനം—ഭാരതീയരെ മാത്രമല്ല—ആഹ്വാനംചെയ്യുന്നു. ഇന്നത്തെലോകമോ—ശാസ്ത്രജ്ഞാനമദിര മൂക്കോളംപാനംചെയ്തു് മത്തുപിടിച്ചു് അഗാധമായ വിനാശഗർത്തത്തിലേക്കോ, എവിടേക്കോ, വി - വേഗത്തിൽ പാഞ്ഞടുക്കുന്നു. ഇന്നലെവരെ ശാശ്വതങ്ങളെന്നോ, കുറഞ്ഞപക്ഷം സ്ഥിരതരങ്ങളെന്നോ എണ്ണിവന്ന ശക്തികൾ തകർന്നുതരിപ്പണമായി. എങ്കിലും ശാസ്ത്രത്തിന്റെ കഴിവുകളിലുള്ള വിശ്വാസമാകട്ടെ കൂടുതൽ മാംസളമായിത്തീർന്നിട്ടേ ഉള്ളതാനും. ഈ ശാസ്ത്രപ്പിശാചു് മനുഷ്യന്റെ ദുരാഗ്രഹദേവതയ്ക്കു് ഐഹികസാമ്രാജ്യം ഉഴിഞ്ഞുവെച്ചു് അവനെ മാടിവിളിക്കുന്നു.

ഈ വശത്താണെങ്കിൽ, പഴഞ്ചൻവേദാന്തം, അർദ്ധനഗ്നത, ദേഹാധ്വാനം, ആഗ്രഹങ്ങളുടെ കഥയോ നില്ക്കട്ടെ ആവശ്യങ്ങളുടേപോലും നിർദ്ദയമായ വെട്ടിക്കുറയ്ക്കൽ, പോരാ, ഇന്നത്തെ രാഷ്ട്രീയവ്യവസ്ഥിതികളുടെ അടിത്തട്ടുവരെ തോണ്ടിക്കുഴിച്ചു് കുലുക്കിനിലത്തെറിയുന്ന ചിന്താഗതി! അഖിലലോകസമിതിയിൽ 'ഭദ്രലോക്' ആയി കഴിഞ്ഞുകൂടുന്ന ഡെമോക്രസികളിലോ, അഥവാ തൊഴിലാളികളുടെ ഏകശാസനത്തിൽ അമർന്നു ഭൂരിപക്ഷത്തിനു സ്വതന്ത്രമായി ശ്വസിക്കാൻകഴിയുന്നു എന്നു് അവകാശപ്പെടുന്ന റഷ്യമുതലായ രാജ്യങ്ങളിലൊ എവിടെയാണു് വ്യക്തിസ്വാതന്ത്ര്യം പാവനവും ബാഹ്യനിയന്ത്രണത്തിൽ നിന്നു് വിമുക്തവുമായി ശേഷിക്കുന്നതു്? അന്ധകാരനിബദ്ധമായ മദ്ധ്യമയുഗത്തെ (Middle Ages)പ്പോലും പ്രകാശമയമായി മാററുന്ന ഒരു തിമിരമല്ലേ "എന്റെരാജ്യം, തെററായാലും ശരിയായാലും" എന്ന ന്യായത്തെ മുറുകെപ്പുണരുന്ന സകല ആധുനികരാജ്യങ്ങളിലും നേതാക്കന്മാരെയും അനുയായികളേയും ഒരുപോലെ ഗ്രസിച്ചിരിക്കുന്നതു്? അവരുടെ ശാസ്ത്രീയഗവേഷണങ്ങളും, തദ്വാരാ വളർന്നുകൊഴുക്കുന്ന യാന്ത്രികസമ്പത്തും ആ തിമിരഭീതിയെ വർദ്ധിപ്പിക്കുന്നതേയുള്ളതാനും.

സ്വാതന്ത്ര്യത്തിന്റെ ലക്ഷണം അയൽരാജ്യങ്ങളെ കിടുകിടെവിറപ്പിക്കുന്നതിനുള്ള അതിന്റെ കരുത്തായിരിക്കാൻ ഇടയില്ല. ഈ പച്ചപ്പരമാർത്ഥം വെളിയിൽപ്പറയാനും അതിനു് അനുസരണമായി ജീവി

തന്നെ അതിൻെറ രഹസ്യവും പരസ്യവുമായ വശങ്ങളിൽ വ്യവസ്ഥാപിക്കുന്നതിനുമുള്ള കരളുറപ്പും കാഴ്ചയും അസാധാരണവ്യക്തികൾക്കേ ഉണ്ടാകുന്നൊള്ളൂ. മഹത്തുക്കൾ അസാധാരണ സത്യങ്ങളെ ഇദംപ്രഥമമായി ആവിഷ്കരിക്കുകയല്ല; സാധാരണ സത്യങ്ങളെ സ്വജീവിതത്തിൽ ക്രോഡീകരിക്കുകയാണു ചെയ്യുന്നതു്. ഭയവും അസ്വാസ്ഥ്യവും ഉളവാക്കുന്ന അന്ധമായ തന്ത്രശക്തിയെ, മൃഗശക്തിയെ, ഉപാസിക്കുന്നതുകൊണ്ടു് ദാസ്യശൃംഖല മുറുക്കുകയാണു് നാം ചെയ്യുന്നതു് എന്ന ലളിതമായ സത്യം ഹൃദയംഗമമായി മൂർത്തീകരിക്കുന്നതുകൊണ്ടാണു് ഗാന്ധിജി ഇന്ത്യയ്ക്കും, ലോകത്തിനും ഇന്നത്തെ ഇരുളിൽ പ്രകാശം നൽകുന്നതു്.

സ്വാതന്ത്ര്യത്തെ നാം ഇന്നു ആരാധിക്കുന്നു. ആ ദിവ്യമന്ത്രം നമ്മേക്കൊണ്ടു് വമ്പിച്ച അപകടങ്ങളെ അഭിമുഖീകരിപ്പിക്കുന്നു. മൺകോലങ്ങൾക്കു് ലോകോത്തരമായ ഈ വീരത്വം കൈവരുത്തിയ രഹസ്യവിദ്യയൊ? പോക്കളത്തിൽ ഗാന്ധിജി നൽകിയ ആദർശാത്മകമായ മാതൃക നക്ഷത്രങ്ങളെപ്പോലെ അകന്നുനിന്നു വെന്തുനീറി അപൂർവ്വമായിമാത്രം മനുഷ്യരെ ഉത്കണ്ഠരാക്കുന്ന ആദർശങ്ങളെ തപസ്സുചെയ്തു തേടിപ്പിടിച്ചു് മാറോടണച്ചു് തൻെറതാക്കിത്തീർത്ത മറെറാരു വിശ്വനേതാവും ഇന്നത്തെ വഴിപിഴച്ചലോകത്തിനു കതിർവീശി ഉന്മേഷവും ഉത്തേജനവുംനൽകുന്നില്ല. പക്ഷേ ഗാന്ധിജിയിൽ ആവേശിച്ചിരിക്കുന്ന ഈ സ്വാതന്ത്ര്യാദർശം വെറും ഉണ്ണാനുംഉടുക്കാനുമുള്ള കഴിവുകളെ മാത്രമല്ല കുറിക്കുന്നതു്. പട്ടിണിപ്പാവങ്ങൾക്കു് ഊണുംഉടുപ്പും കൂടിയേതീരു. മാർക്സുവേദാന്തം പട്ടുടുപ്പും സദ്യഊണും ഏറെയുള്ള ഒരു ഭൂസ്വർഗ്ഗത്തിലേക്കു മനുഷ്യകൃതയാതനകൾ അനുഭവിക്കുന്ന കൂലിക്കാരെക്ഷണിക്കുന്നു. അവരുടെ പ്രതിയോഗികളായ മുതലാളിമാരോടു നേരിടുന്നതിനുള്ള ആയുധങ്ങൾ അതിശയോക്തികൾ, പാതാളപ്രവർത്തനങ്ങൾ, ബോംബുകൾ—വാഗ്ദാനം ചെയ്യുന്നു. എന്നാൽ ഊണും ഉടുപ്പും കൊണ്ടു മനുഷ്യനു സംതൃപ്തിയുണ്ടാകുന്നില്ല. അധികാരം കൈക്കലാക്കുവാൻ ഉതകിയ ഉപായങ്ങൾ അതിനുശേഷവും നമ്മേ അവയ്ക്കു അടിമപ്പെടുത്തുന്നു. അങ്ങനെ ക്രൂരതയും ഭയവും 'സ്വതന്ത്ര' മനുഷ്യരാശിയുടെ നിത്യസഹചാരികളായിത്തീരുന്നു. മാത്രമല്ല, അധികാരംതന്നെ ഒരു ഊർദ്ധ്വഗതിവരിച്ചു് അധികാരികളുടെ ഒരു സോപാനത്തെ സൃഷ്ടിക്കുകയും, അങ്ങനെപണ്ടത്തെപ്പോലെ പിന്നെയും തൊഴിലാളിലോകം അധഃകൃതവും പരാധീനവുമായി അവശേഷിക്കുകയുംചെയ്യുന്നു. അവരിൽ സ്വാഭിപ്രായമുള്ളവർ, പരക്കെഉള്ളഒഴുക്കിനു എതിരായി നീന്തുന്നവർ, വിശാലതരമായബന്ധനമണ്ഡലികളിൽ കുടുങ്ങുകയും ചെയ്യും.

സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനുള്ള ആത്മാർത്ഥമായ യത്നങ്ങൾക്കും മേൽപ്രകാരം ഉണ്ടാകുന്ന പരിഹാസ്യമായപരിണാമങ്ങൾ ഇന്നു പ്രചുരപ്രചാരം സമ്പാദിച്ചിട്ടുള്ള രാഷ്ട്രീയതന്ത്രങ്ങളിൽ ഗാഢമായ അവിശ്വാസം ജനിപ്പിക്കുന്നതിനു പര്യാപ്തങ്ങളാണു്. ഡെമോക്രാസികളുടെ സ്വാതന്ത്ര്യപക്ഷപാതമാണെങ്കിൽ അതിനുത്തമസാക്ഷ്യം ഇൻഡ്യാ, ഇൻഡോചൈനാ, ജാവാ, ആഫ്രിക്കാ, അമേരിക്കയിൽതന്നെയുള്ള നീഗ്രോജാതിയുടെ ദയനീയസ്ഥിതി തുടങ്ങിയവവഹിക്കുന്നു. അതിനുൽക്രൂരമായ യാന്ത്രികമർദ്ദനത്തിൽനിന്നും എല്ലാമനുഷ്യരെയും ഒന്നുപോലെ രക്ഷനേടാൻ സമർത്ഥരാക്കുന്ന ഉപായങ്ങളിലാണു് ലോകത്തിൻെറ ഭാവിക്ഷേമവും സമാധാനവും സ്ഥിതിചെയ്യുന്നതെന്നു സിദ്ധിക്കുന്നു.

ഇതിനുള്ള പ്രമുഖോപായം ഉപദേശിച്ചും അതിൻെറ പ്രയോഗക്ഷമത പ്രസ്പഷ്ടമാക്കിയും തരുന്നതുകൊണ്ടാണ് ഗാന്ധിജി നിരായുധരും ഹിംസാവിമുഖരുമായ ഭാരതീയർക്ക് വിശേഷിച്ചും, ലോകത്തിനു പൊതുവായും ഹിതകരമായ നേതൃത്വം നൽകുന്നതു്. ജീവജാലങ്ങളുടെ അനുക്രമവികാസത്തിൽ, പരിണാമസരണിയിൽ, താല്ക്കാലികപ്രയോജനങ്ങൾക്ക് ഉതകിയിരുന്ന പല അവയവങ്ങളും കഴിവുകളും ആവിർഭവിക്കുകയും, മററു പരിതഃസ്ഥിതികളിൽ അവ തിരസ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. ധൈര്യം, ത്യാഗം, സഹകരണം, സഹനം സ്വാശ്രയം തുടങ്ങിയ അനേകം ഗുണങ്ങൾ വളർത്തിപ്പോഷിപ്പിച്ചു് മനുഷ്യത്വത്തെ മഹത്താമാക്കിത്തീർത്ത യുദ്ധത്തിനും മാനവസംസ്കാരത്തിൻെറ വികാസത്തിൽ സമർത്ഥമായ ഒരു സ്ഥാനം ഉണ്ടായിരുന്നിരിക്കാം. എന്നാൽ യുദ്ധം ആത്മഹത്യാപരവും മനുഷ്യനിൽ വേരൂന്നിയിട്ടുള്ള പാവനവാസനകൾക്ക് വിരുദ്ധവുമാണെന്ന ബോധം സ്ഫുടതരമായിത്തീരുന്തോറും ആത്മാവിൻെറ നിസർഗ്ഗമഹിമയ്ക്കു് കളങ്കം ബാധിക്കാതെ ഭിന്നതകൾ ഒതുക്കുന്നതിനുള്ള ഏകമാർഗ്ഗമാണ് സത്യഗ്രഹം അഥവാ സഹനപ്രധാനമായ പ്രതിരോധം എന്നു സമ്മതിച്ചേതീരൂ.

ലോകചരിത്രത്തിൽ നൂതനവും സുവർണ്ണാങ്കിതവുമായ ഒരു അദ്ധ്യായമാണ് സത്യാഗ്രഹസമരം രചിച്ചിട്ടുള്ളതെന്നു വ്യക്തമാണ്. അതിൻെറ ഫലങ്ങളും സാദ്ധ്യതകളുമാണെങ്കിൽ അവ ദൂരവ്യാപകങ്ങളും വിപ്ലവകരങ്ങളുമാകുന്നു. പാശ്ചാത്യലോകത്തിൽ സത്യഗ്രഹതത്ത്വം ഉപദേശിക്കുകയും നിഃസഹകരണനയം പ്രയോഗിക്കുകയും ചെയ്ത ഏകമഹാത്മാവായ ക്രിസ്തുവിനെ കുരിശിൽ ഏററി, ആ പാപപരിഹാരത്തിനെന്നോണം നാമമാത്രമായി പാശ്ചാത്യർ അദ്ദേഹത്തിൻെറ അനുയായികളായിത്തീർന്നു. ക്രിസ്തുവിൻെറ ഉപദേശപ്രകാരം ആത്മവത് സർവ്വജനങ്ങളോടും വർത്തിക്കണമെന്നുള്ളതാണല്ലോ. പരസ്പരമുള്ള പെരുമാററത്തിലും ഇതരജനതകളോടുള്ള വ്യാപാരങ്ങളിലും പാശ്ചാത്യലോകം സ്വാധിപത്യം സ്ഥാപിക്കുന്നതിനായിട്ടേ യത്നിച്ചിട്ടുള്ളു എന്നു ചരിത്രം ഉദ്ഘോഷിക്കുന്നു. അതിനുവേണ്ടി സ്വീകരിച്ച ഉപായമാണെങ്കിൽ നിർലജ്ജവും നഗ്നവുമായ മൃഗശക്തി ഒന്നുമാത്രം. വെടിമരുന്നിനും ബൊംബ്‌വിമാനത്തിനും വില്ലിനും മൺകട്ടയ്ക്കു്മേലുള്ള മെച്ചമാണ് പാശ്ചാത്യജനതകൾക്കു പൌരസ്ത്യജനതകളുടെമേൽ ഉള്ളതു്. ഈ ഭയങ്കരമായ യാഥാർത്ഥ്യത്തിൽനിന്നുമുള്ള ഏകമോക്ഷോപായമാണ് സത്യഗ്രഹം, മർദ്ദിതർക്കും ചൂഷിതർക്കുമായിസംഭാവനചെയ്യുന്നതു്. ജാതി, ധനം, വർണ്ണം എന്നീഉപാധികൾ ഉന്മത്തരാക്കിത്തീർത്ത തെക്കേആഫ്രിക്കൻ .വെള്ളക്കാരോടുള്ള ഏററുമുട്ടലിലാണ് സത്യഗ്രഹായുധം ആദ്യമായി അതിൻെറ ദിവ്യമായ കാര്യക്ഷമത പ്രകാശിപ്പിച്ചതു്. ശരീരത്തിൽ കുടുങ്ങിക്കിടക്കുന്നതും, എന്നാൽ അതിനെ അതിക്രമിച്ചു് അനന്തമായി സമുല്ലസിക്കുന്നതുമായ ആത്മശക്തിയെ ഒരു ഭൗതികശക്തിക്കും തകർക്കാൻ കഴികയില്ലെന്നതാണ് ഈ ആയുധത്തിൻെറ മർമ്മം. ഇതു ആർക്കും പ്രയോഗിക്കാം: അതിനുള്ള മനഃസാന്നിദ്ധ്യം വേണം; വിശ്വാസംവേണം; ചങ്കുറപ്പുവേണം. യാതനകൾ സ്വയംവരിക്കുന്നതുകൊണ്ടു മററുള്ളവരിൽ വിശേഷിച്ചും പീഡകന്മാരിൽ നിലീനമായിക്കിടക്കുന്ന ആത്മശക്തികൾ ദയ, ധർമ്മബോധം, സേവാസന്നദ്ധത, മൈത്രി, സ്നേഹം—ഉണർന്നുവിജൃംഭിക്കും എന്നു ദൃഢം

ബോധമാണ് സത്യഗ്രഹായുധം പ്രയോഗിക്കുന്നതിൻെറ യുക്തി.

ഈ സമരതന്ത്രംകൊണ്ട് കാലക്രമത്തിൽ രണാങ്കണങ്ങൾ രക്തപ്പുഴകൾ ഒഴുകി മലിനപ്പെടാതിരുന്നേക്കാം; ദിവാനിശം വ്യവസായശാലകളിൽ നടക്കുന്ന മാരക സാമഗ്രീനിർമ്മാണം. അവയുടെ ക്രൂരമായ പ്രയോഗം, അതിനുവേണ്ടിയുള്ള നീചമായ പരിശീലനക്ലേശം ഇതിൻെറയൊക്കെ ഫലമായി വന്നുചേരുന്ന സാംസ്കാരികാധഃപതനം, ഇവയെല്ലാം ഒഴിവാക്കാം. സത്യഗ്രഹയുദ്ധം പ്രതിയോഗിയുടെയും അനുയോഗിയുടെയും സത്യഗ്രഹണത്തിൽ പരിണമിക്കുന്നു. അങ്ങനെ ഇരുകൂട്ടരും അനുഗൃഹീതരായിത്തീരുന്നു. അപ്രകാരം നടക്കുന്ന ഒരു യുദ്ധം കഴിയുമ്പോൾ യുദ്ധത്തേക്കാൾ വൈഷമ്യംനിറഞ്ഞ ഒരു സമാധാനഘട്ടം ആവിർഭവിക്കാതെയുമിരിക്കും.

ഭടന്മാരുടെയും സേനാനായകന്മാരുടെയുംസമഗ്രമായ ശിക്ഷണത്തെ ആശ്രയിച്ചാണ് നൂതനമായ ഈ യുദ്ധതന്ത്രത്തിൻെറ സാഫല്യം സ്ഥിതിചെയ്യുന്നത്. അതിൻെറ ഏററവും വ്യാപകമായ അർത്ഥത്തിൽ സത്യഗ്രഹം സത്യത്തിനുവേണ്ടിയുള്ള അനവരതമായ ഒരു യുദ്ധമാണ്. സത്യാന്വേഷണങ്ങൾ എന്നും സത്യവിഷയകമായ പരീക്ഷണങ്ങൾ എന്നും സ്വജീവിതവ്യാപാരങ്ങളെ ആകമാനം ഗാന്ധിജി വർണ്ണിച്ചിരിക്കുന്നതും ഈ പരമാർത്ഥത്തെ പുരസ്കരിച്ചാണ്. സത്യപ്രാപ്തിയ്ക്കു അഥവാ ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടിയുള്ള ഈ നിരന്തരസാധന പരിപൂർണ്ണമായ സ്വാർത്ഥത്യാഗമായിട്ടാണ് രൂപമെടുക്കുന്നത്. നേതൃത്വത്തിൻെറ നിറക്കൊഴുപ്പോ, വിഖ്യാതിയുടെ മോഹനഗീതമോ, കൃപണങ്ങളായ ലൌകികലാലസകളോ സത്യാരാധകനെ മൂർച്ചയേറിയ വാൾ വെളുമ്പുപോലുള്ള ത്യാഗമാർഗ്ഗത്തിൽനിന്ന് അണുപോലും വ്യതിചലിപ്പിക്കുകയില്ല. അവനവനെത്തന്നെ കേവലം ശൂന്യപ്രായമാക്കുമ്പോളാണ് സത്യത്തിൻെറ നിതാന്തദീപ്തി നിസ്വാർത്ഥനിൽ നിറയുന്നത്. പരിപൂർണ്ണസത്യത്തിൻെറ നേർക്കുള്ള ഓരോ ചുവടും അങ്ങോട്ടുള്ള ഗതിയെ ത്വരിപ്പിക്കുകയും ആകർഷണത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു. അവസരസേവാധർമ്മത്തെ നിഷ്പ്രഭവും അകിഞ്ചിത്കരവുമാക്കി മാററുന്നു.

“പണ്ടുപണ്ടേ ഭാരതത്തിൽ കേട്ടുവന്നിട്ടുള്ളതും, അതിൻെറ ഐതിഹാസികമായ അധഃപതനത്തിന് ഏകകാരണമായിട്ടുള്ളതുമായ ഈ വേദാന്തം വീണ്ടും പ്രതിഷ്ഠിക്കുന്നതിനും അങ്ങനെ ഭാരതത്തെയും ലോകത്തെയും കാലത്തിൻെറ പാഴ്കുണ്ടുകളിലേക്ക് വലിച്ച് എറിയുന്നതിനുമുള്ള ഒരു സംരംഭമല്ലേ ഗാന്ധിജിയുടെ സത്യഗ്രഹവാദം, അഹിംസാനയം, തപശ്ചര്യാക്രമം, യന്ത്രവിരോധം—ചുരുക്കത്തിൽ പൊയ്പ്പോയകാലങ്ങളിലേക്കുള്ള സാകൂതമായ ഈ നോട്ടം?”

ഈ സന്ദേഹങ്ങളിലും ഭയങ്ങളിലും ഒളിഞ്ഞുകിടക്കുന്നത് പരീക്ഷിച്ചുമാത്രമറിയേണ്ടതായ സംഗതികളുടെവെറും സിദ്ധവത്കരണമാണ്. ഗ്രാമങ്ങളിൽ ലളിതസുന്ദരമായ ഒരു ജീവിതംനയിക്കുന്നതിനും ആവശ്യങ്ങളെ മിതപ്പെടുത്തുന്നതിനും വാസനകളെ പരിശുദ്ധമാക്കുന്നതിനും, ഗാന്ധിജി ഉപദേശിക്കുന്നു. ബാഹ്യമായ ഭരണക്കൂടങ്ങൾ എത്രമാററിമറിച്ചാലും സുഖലോലുപതയും ക്ലേശാസഹിഷ്ണുതയും. സ്വാർത്ഥദീക്ഷയും ഭയവിഹ്വലതയും മനുഷ്യനിലുള്ളടത്തോളം വ്യക്തിക്കോ സമൂഹത്തിനോ സ്വാതന്ത്ര്യംകൈവരുന്നതല്ല. അതു

കൊണ്ടാണ് തിന്മയുമായി നി:സഹകരിക്കുവാൻ അദ്ദേഹം ആജ്ഞാപിക്കുന്നതു്. ആ നി:സഹകരണത്തിന്റെ പൂർണ്ണമായ മാത്രതന്നെയാണ് സ്വരാജ്യവും. പഴയ ചിട്ടയനുസരിച്ച് സത്യാന്വേഷണവും തപശ്ചര്യയുംമററും രഹസ്യമായി വനാന്തരങ്ങളിലോ സന്ന്യാസംതുടങ്ങിയ ചില വിശിഷ്ടാവസ്ഥകളിലോമാത്രം സാദ്ധ്യമായിരുന്നു. എന്നാൽ ഗാന്ധിജിയുടെദർശനം ഈ സത്യസാധനയെ സാർവജനീനമാക്കുന്നു. സ്വാർത്ഥത്യാഗമെന്ന നിഷേധരൂപമായ വ്യാപാരത്തിന് പരാർത്ഥസേവയെന്ന വിധാനരൂപത്തെ നൽകുന്നു. അതുകൊണ്ടാണ് ഹരിജനസേവനത്തിനും, അയിത്തോച്ചാടനത്തിനും, ഗ്രാമശുചീകരണത്തിനും, നൂൽനൂല്പിനും, സ്വയംപര്യാപ്തതയ്ക്കും ഗാന്ധിജിയുടെ പരിപാടിയിൽ പ്രമുഖമായ സ്ഥാനംകിട്ടിയതു്.

“നിരവധിമതങ്ങളുടെ നിരന്തരസംഘട്ടനത്തിൽ ശ്വാസംമുട്ടി ഉഴലുന്ന ഇന്നത്തെ ഭാരതത്തിൽ നൂതനമായ ഒരു ഗാന്ധിമതം ആവിർഭവിച്ച് കുഴപ്പങ്ങളെക്കൂടുതൽ വഷളാക്കിത്തീർക്കയില്ലേ? സ്വതന്ത്രചിന്താശീലം ഒരുകാലത്തും ഇന്ത്യയിൽ ഉദിച്ചുകൂടെന്നോ? ഗാന്ധിഭക്തി അതിന്റെമാർഗ്ഗത്തിൽ വിലങ്ങടിച്ച് കിടക്കുകയില്ലേ? എന്നുംമററും ഭാരതത്തെ ഉന്നമിപ്പിക്കുവാൻ ഉഴറുന്ന ഒരുക്കൂട്ടംആളുകൾ ചോദിച്ചേക്കും. എന്നാൽയഥാർത്ഥത്തിൽ ഗാന്ധിമതം എന്നൊരു സ്വതന്ത്രമതമില്ല. വൈദികകാലത്തും, ബുദ്ധൻ ക്രിസ്തു തുടങ്ങിയ സത്യാന്വേഷകന്മാരുടെകാലത്തും, എക്കാലത്തു് സ്വച്ഛന്ദമായി പരിലസിക്കുന്ന ചിരന്തനസത്യങ്ങളുടെ ഒരു പുതിയ രാഗം ആലപിക്കുകയാണ് ഗാന്ധിസിദ്ധാന്തങ്ങൾ ചെയ്യുന്നതു്. അവയുടെ ഹൃദയംഗമമായ ഒരു പുതിയവ്യാഖ്യാനമാത്രമാണ് ഗാന്ധിജി ഇന്നത്തെ ലോകത്തിൽനൽകുന്നതു്. സത്യത്തിന്റെ പരിധികളേവികസിപ്പിച്ച്, എവിടെയും അസത്യത്തോട് മല്ലിടണമെന്ന് അദ്ദേഹം നിർബന്ധിക്കുന്നു; അതിനുള്ള ഏകായുധമാണ് സത്യസാധന. അതുകൊണ്ട് നേരിടേണ്ടതു് സാർവത്രികമായ ഹിംസാപ്രവണതകളെയാണുതാനും.

“ഇന്ത്യയിലെ നിരക്ഷരലക്ഷങ്ങൾ ഗാന്ധിയെ ഈശ്വരാവതാരമായും അദ്ദേഹത്തിന്റെഉപദേശങ്ങളെ പുതിയഒരു വെളിപാടായുംഎണ്ണി അന്ധവിശ്വാസത്തിൽ മുഴുകും” അതിനുള്ള സംഭാവ്യതയില്ലാതില്ല. എന്നാൽ അന്ധവിശ്വാസത്തിനു ഗാന്ധിജിമാത്രമല്ല ഇരയാകുന്നതു്. മതസ്ഥാപകന്മാരായ വ്യക്തികളെപ്പോലെതന്നെ, ഡെമോക്രസി, ഫാസിസം, കമ്മ്യൂണിസം, പുരോഗമനസാഹിത്യം തുടങ്ങിയ സിദ്ധാന്തങ്ങളും പ്രസ്ഥാനങ്ങളും അന്ധവിശ്വാസത്തെ കൊഴുപ്പിക്കുന്നതായി നാം കാണുന്നു. പക്ഷേ ഗാന്ധി സിദ്ധാന്തങ്ങളിൽ സ്വയംപരീക്ഷണത്തിനും അഹിംസയ്ക്കുമുള്ളമികച്ചസ്ഥാനം വ്യക്തികളെ തത്വപക്ഷപാതികളാക്കിത്തീർക്കുന്നതിനു സഹായിക്കുമെന്ന് സമചിത്തന്മാർക്ക് ബോധപ്പെടുന്നതാണ്.

# അതിഥി

പട്ടം എൻ. ഗോപാലൻനായർ

പേടിപ്പതെന്തിനാണെന്നാത്മനാഥന്റെ
പേരുചൊല്ലീടുമ്പോൾ നിങ്ങളേവം?
തെററിദ്ധരിക്കയാൽ നിർദ്ദയനാണെന്നു-
കുററപ്പെടുത്തുന്ന നിങ്ങൾ കഷ്ടം!
എത്രയൊഴിഞ്ഞുമാറീടിലും തൽസ്നേഹ-
വിസ്തൃതിക്കുള്ളിലൊതുങ്ങുമാരും!
എന്തിനീസംഭ്രമം, ജീവന്റെശാശ്വത-
ബന്ധുവാമദ്ദേഹം കാമ്യനല്ലേ?
എല്ലാത്തിനുംമീതെയാർക്കുമാലംബമാ-
യുല്ലസിച്ചീടുന്ന സത്യമല്ലേ?
മിത്ഥ്യയ്ക്കുംമിത്ഥ്യയായുള്ള പ്രപഞ്ചത്തിൽ-
നിത്യയാഥാർത്ഥ്യമെൻ നാഥൻമാത്രം ...!

ഉന്നതാനന്ദക്കൊടിക്കൂറപാറുന്ന-
പൊന്മയമാം രാജഹർമ്മ്യത്തിലും,
പട്ടിണിതൻ ചവിട്ടേററുപിടയ്ക്കുന്ന-
പൊട്ടക്കുടിലിലുമൊന്നുപോലെ,
ആഗമിച്ചീടുമദ്ദേഹമൊരുദിന-
മാതിഥ്യപൂജകൾ സ്വീകരിപ്പാൻ.
ജീവാധിനാഥനെഴുന്നള്ളിടുന്നേരം
ഭൂവിലാരുണ്ടു വിസമ്മതിപ്പാൻ ...?

ആശാശതങ്ങളു, മന്യബന്ധങ്ങളു-
മോരോതടസ്സമുണർത്തിയാലും,
സ്വസ്ഥതയെന്തെന്നറിയാതുഴലുന്ന-
ഹൃത്തിന്നുശാശ്വത ശാന്തിനൽകി,
നിത്യവിരഹിയാ മാത്മാവിനാനന്ദ-
വിസ്മൃതിയേകും സമാഗമത്തിൽ
എല്ലാമടിയറ വച്ചാത്മനാഥന്റെ-
പല്ലവപാണിയിൽ ചായുമാരും ...!

# നിരൂപണത്തെപ്പററി

പി. ശ്രീധരൻപിള്ള.

ശ്രീ: കെ. ഭാസ്കരൻനായരുടെ, കഴിഞ്ഞ ലക്കം സുപ്രഭാതത്തിലെ ഒരു ലേഖനമാണു് പ്രസ്തുത ലേഖനത്തിനു പ്രേരകം. മനശ്ശാസ്ത്രത്തെക്കുറിച്ചു് അദ്ദേഹം ഉന്നയിച്ചിട്ടുള്ള വിവരങ്ങൾ, ആ ശാസ്ത്രത്തിന്റെ തത്കാലനിലയെ സമഗ്രമായി സംഗ്രഹിക്കുന്നു. എന്നാൽ നിരൂപണകലയിലെ അപഗ്രഥന സമ്പ്രദായത്തോടു് അദ്ദേഹത്തിനുണ്ടെന്നു വെളിവാകുന്ന പ്രാതികൂല്യം സാധുവാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതുസംഗതിക്കും ശാസ്ത്രീയമായും സാങ്കേതികമായും ഉള്ള നിയമങ്ങൾ ഉണ്ടാകണമെങ്കിൽ അതതുസംഗതികളുടെ അപഗ്രഥനവും പരിശോധനയും മുഖാന്തരമേ സാദ്ധ്യമാകയുള്ളു എന്നുള്ള വസ്തുത ശ്രീ: നായർക്കു് സമ്മതമാവാണ്ടുവരാൻ തരമില്ല. ആ സ്ഥിതിക്കു് മററതു സംഗതികളേയുംപോലെ ഒരു കാവ്യത്തിനോ, കലാസൃഷ്ടിക്കോ ഉപോത്ബലകങ്ങളായിത്തീർന്നിട്ടുള്ള വികാരതന്തുക്കളെ പരിശോധിച്ചു് അവയുടെ മൂല്യനിർണ്ണയം ചെയ്യുന്നതിനും, പിൻതുടരുന്നവർക്കു മനസ്സിലാകത്തക്കരീതിയിൽ അവയുടെ അതിരും പ്രകൃതവും കല്പിക്കുന്നതിനും, അങ്ങനെ അവയെസ്സംബന്ധിച്ച ചില ക്ലിപ്തനിയമങ്ങൾ സ്വരൂപിക്കുന്നതിനും, അവയുടെ അപഗ്രഥനംവഴിക്കുള്ള ഒരു പര്യവേക്ഷണം അനുപേക്ഷണീയമാണെന്നു വന്നുകൂടുന്നു. കലാകാരനും വായനക്കാരനും ഇടയ്ക്കുനിന്നുകൊണ്ടു ഒരാളിന്റെ ഭാവത്തെ ഇതരനിൽ പ്രതിഫലിക്കുവാനുള്ള വഴി തെളിക്കയാണല്ലോ നിരൂപകന്റെ പണി. കല കലയ്ക്കുവേണ്ടിയല്ല അതിനു് ഒരുദ്ദേശവും പ്രയോജനവും ഉണ്ടായിരുന്നേ മതിയാവൂ എന്നുള്ളതാണത്രെ ഇന്നത്തെ അഭിജ്ഞലോകം സമാദരിച്ചുകാണുന്ന അഭിപ്രായം. ഏകതാനമല്ലാതെ, പ്രാണധാരണവ്യഗ്രത വരുത്തിക്കൂട്ടുന്ന പലവിധ ബദ്ധപ്പാടുകളിലുംപെട്ടു് സാവകാശം ലഭിക്കാതെ, ഹൃദ്യമായതു കണ്ടറിയാനും സ്വീകരിപ്പാനും ആസ്വദിപ്പാനുംകൂടി പരപ്രേരണയോ വിദഗ്ദ്ധാഭിപ്രായമോ വേണ്ടിയിരിക്കുന്ന സാമാന്യലോകത്തിനു്, കലയെ തങ്ങളുടെ പരിചയസീമകൾക്കുള്ളിൽ, ആസ്വാദനക്ഷമമാക്കിത്തീർക്കാൻ നിരൂപകവർഗ്ഗം എന്ന ഒരു ദല്ലാലിസംഘം ഇല്ലാതെ പററുമെന്നും തോന്നുന്നില്ല. വാസ്തവമാലോചിച്ചാൽ, വിത്തുവിതച്ചാലതു നശിച്ചു നാനാവിധമാകാതെ, ശ്രദ്ധാപൂർവം നിലമൊരുക്കുകയും, ജലസേചനം ചെയ്കയും, വേണ്ടപ്പോൾ വളമിടുകയുംകൂടിച്ചെയ്യേണ്ട കൃഷിക്കാരന്റെ സമാനധർമ്മമാണു് ഒരു നിരൂപകനുമുള്ളതു്.

ശ്രീ: ഭാസ്കരൻനായർ നിരൂപകന്റെ ഇപ്രകാരമുള്ള പ്രായോഗികമായ പ്രയോജനത്തെ സ്മരിച്ചിട്ടില്ല എന്നിവിടെ വിവക്ഷയില്ല. എന്നാൽ "ഈ അപഗ്രഥനങ്ങളെല്ലാം വെറും കഥാപാത്രങ്ങളെക്കുറിച്ചാണെന്നുള്ളതാണു് രണ്ടാമത്തെ വൈകല്യം. ദുഷ്ഷന്തൻ ശകുന്തളയെക്കണ്ടിട്ടു് അറിയാതിരുന്നതിന്റെ കാരണമെന്തെന്നു് ഇല്ലാത്ത മനശ്ശാസ്ത്രത്തെയും ആരും അനുസരിക്കാത്ത സിദ്ധാന്തങ്ങളെയും പ്രമാണമാക്കി ഇത്രവളരെ അന്വേഷിക്കേണ്ടതില്ല. കാളി

ദാസനാണ്‌ കാരണം. അദ്ദേഹമാണ്‌ ദുഷ്ഷന്തനെക്കൊണ്ട്‌ അങ്ങനെ പ്രവർത്തിപ്പിച്ചതു്. ക്ഷിപ്രദൃശ്യമായ ഈ പരമാർത്ഥത്തെ വിസ്മരിച്ചുകൊണ്ടാണ്‌ പലരും കഥാപാത്രങ്ങളുടെ മാനസികവ്യാപാരങ്ങളെ അപഗ്രഥിച്ചപഗ്രഥിച്ചു ശ്വാസംമുട്ടിക്കുന്നതു്........" എന്നിങ്ങനെ പോകുന്ന അദ്ദേഹത്തിന്റെ അഭിപ്രായം പുനഃപരിശോധന അർഹിക്കുന്ന ഒന്നാണ്‌.

ഒരു കഥാപാത്രം ഒരു കലാസൃഷ്ടിതന്നെയാണ്‌. അതിന്റെ യോഗ്യതയും യോജ്യതയും നിർണ്ണയിക്കുന്നതിനു സുനിശ്ചിതങ്ങളായ ചില മാനദണ്ഡങ്ങൾ വച്ചുകൊണ്ടുള്ള ഒരു താരതമ്യപഠനം ഉണ്ടായാലേ ഒക്കുകയുമുള്ളു. ദുഷ്ഷന്തൻ ശകുന്തളയെ കണ്ടിട്ടറിയാതിരുന്നതിന്റെ കാരണം കാളിദാസനാണെന്നു പറയുന്നതു് ഏതാണ്ടു ബാലിശമാണ്‌. ദുഷ്ഷന്തന്റെ മറവിയാണ്‌ പ്രത്യക്ഷമായ കാരണമെന്നിരിക്കെ കാളിദാസനാണു കാരണം എന്നു പറയുന്നതായാൽ, കുറെക്കൂടി പടികൾ പിന്നിട്ടുപോയി ദൈവമാണു കാരണമെന്നും, ദൈവനിശ്ചയത്തെ മനുഷ്യനു നിരൂപിക്കാൻ കെല്പില്ലെന്നും സമാധാനിക്കാൻ വയ്യായ്കയില്ല. പക്ഷെ അതല്ല നിരൂപകന്റെ ധർമ്മം. മനഃപൂർവ്വമല്ലെന്നു ബോദ്ധ്യമുള്ള ദുഷ്ഷന്തന്റെ വിസ്മൃതിക്കു ഹേതു അന്വേഷിക്കുന്നതിൽ അയാൾ അത്ര തെററുകാരനുമല്ല. ഒരിരുളടഞ്ഞ വള്ളിക്കുടിലിൽ വച്ചു് അല്പനേരത്തേക്കുമാത്രമുണ്ടായ ഗൂഢസമാഗമത്തിൽ ശകുന്തളയുടെ ബാഹ്യരൂപം ദുഷ്ഷന്തന്റെ മനോമുകുരത്തിൽ ഗാഢമായി പതിഞ്ഞിരുന്നില്ല എന്നോ, അന്നത്തെ രാജാക്കന്മാർ ഏകശയ്യാവലംബികളല്ലായിരുന്നതിനാൽ ദുഷ്ഷന്തനു ശകുന്തളയെ പെട്ടെന്നു വേർതിരിച്ചറിയാൻ കഴിഞ്ഞില്ലാ എന്നോ ഒക്കെ ഒരു നിരൂപകൻ അഭ്യൂഹിക്കുന്നു എങ്കിൽ അതിലെന്തപാകമാണുള്ളതു്? ഇപ്രകാരമൊരു കാരണം കണ്ടുപിടിക്കുന്നതിന്‌ "ഇല്ലാത്ത" മനഃശാസ്ത്രപരിചയമൊന്നും അയാൾക്കൊട്ടു വേണ്ടാതാനും. പശ്ചാത്തലത്തെപ്പററി ഒരു സാമാന്യബോധമേ ആവശ്യമായിട്ടുള്ളു.

മനശ്ശാസ്ത്രത്തിലെ അവ്യവസ്ഥിതവും, അക്ലുപ്തവുമായ അർത്ഥതത്വങ്ങൾ മലയാളത്തിൽ ആദ്യമായി പ്രയോഗിച്ചതും, അദ്യാപി പ്രയോഗിച്ചുപോരുന്നതും മി: ഏ. ബാലകൃഷ്ണപിള്ളയാണ്‌. അദ്ദേഹത്തിന്റെ ത്രാസ്സിനും പടിക്കും ഇനിയും സുദൃഢമായ ഒരു നാണ്യത ലഭിക്കേണ്ടതായിട്ടാണിരിക്കുന്നതും. മററു നിരൂപകപ്രമുഖന്മാർ മനശ്ശാസ്ത്രം മനശ്ശാസ്ത്രമെന്നുരുക്കഴിക്കുന്നതല്ലാതെ അതിലെ മൗലികഗ്രന്ഥങ്ങൾപോലും പരിചയിച്ചിട്ടുള്ളവരല്ലെന്ന്‌ അവരുടെ നിരൂപണനിബന്ധനകൾതന്നെ സാമാന്യമായി തെളിയിക്കുന്നതാണ്‌. മനശ്ശാസ്ത്രതത്വങ്ങളെ ഒരു മലയാളകവിയുടെയോ കഥാപാത്രത്തിന്റെയോ പിടലിക്കു കെട്ടിവയ്ക്കാൻ ഒരുമ്പെടുന്ന അവസരങ്ങളിൽ മി: ബാലകൃഷ്ണപിള്ളയെപ്പോലുള്ള പണ്ഡിതനായ ഒരു നിരൂപകൻപോലും എന്തെല്ലാം അവിചാരിതങ്ങളായ പതനങ്ങളിൽ ചെന്നുചാടുന്നു എന്നു അദ്ദേഹത്തിന്റെ അടുത്തകാലത്തെ ഒരു നിരൂപണത്തിലെ ഒരുഭാഗത്തിൽനിന്നും വിശദമാകുന്നതാണു. മി: തകഴിയുടെ ഒരു ഗ്രന്ഥത്തെ വിമർശിക്കുന്ന അവസരത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞുകാണുന്നു. "ഒരു നല്ല മനശ്ശാസ്ത്രനോവലെഴുത്തുകാരനു ഒന്നുകിൽ ചിത്തഭ്രമം ചുഴലി എന്നീ മാനസികരോഗങ്ങളോ അല്ലെങ്കിൽ ഗാഢമായ മനശ്ശാസ്ത്രജ്ഞാനമോ ഉണ്ടായിരുന്നേ മതിയാവൂ". മാനസികവ്യാപാരങ്ങളെ നല്ലവണ്ണം പ്രതിഫലിപ്പിക്കുന്ന ഒരു കൃതി നാം

കണ്ടാൽ ഒന്നുകിൽ അതിന്റെ രചയിതാവ് ഒരു മനശ്ശാസ്ത്രവിചക്ഷണനെന്നോ, അല്ലാത്തപക്ഷം അയാൾ ചിത്തഭ്രമമോ ചുഴലിദീനമോ ഉള്ളവനെന്നോ ധരിച്ചുകൊള്ളണം. മററുവിധത്തിൽ പറകയാണെങ്കിൽ, ഒരു കലാകാരനിൽ അനാരോഗ്യപരങ്ങളായ ചില പ്രതിഘാതപരമ്പരകൾ പ്രവർത്തിക്കുമ്പോൾ മാത്രമേ അയാൾക്കു മനശ്ശാസ്ത്രപരമായ ഒരു കല്പിതകൃതി രചിക്കാൻ സാദ്ധ്യമാകയുള്ളു. ഈ പ്രതിഘാതങ്ങൾ ചിത്തഭ്രമംകൊണ്ടോ ചുഴലികൊണ്ടോ, മികച്ച മനശ്ശാസ്ത്രജ്ഞാനംകൊണ്ടോ ആകാം സംഭവിക്കുന്നതു്. ഇങ്ങനെ, ചില സന്ദർഭങ്ങളിൽ മനശ്ശാസ്ത്രജ്ഞാനം മനസ്സിനെ ഒരനാരോഗ്യാവസ്ഥയിലേക്കു നയിക്കുവാൻ ഉതകുന്നതായിവേണം മി: പിള്ളയുടെ മുൻഅഭിപ്രായം സാധുവാണെങ്കിൽ വിചാരിക്കുവാൻ. ഇതു തികച്ചും യുക്തിഹീനമായ ഒരു നിലയാണെന്നു സ്പഷ്ടമല്ലോ.

പക്ഷേ, മനശ്ശാസ്ത്രനിയമങ്ങളുടെ ഇന്നത്തെ അപക്വത, അപഗ്രഥനവഴിക്കുള്ള നിരൂപണം ഒരു വ്യർത്ഥശ്രമമാകുന്നു എന്നുള്ള ശ്രീ: ഭാസ്കരൻനായരുടെ അഭിപ്രായത്തിനു യാതൊരു പിൻബലവും നൽകുന്നില്ല. എന്തെന്നാൽ അപഗ്രഥനപരമായ നിരൂപണം ഒരു പാനരീതി എന്നനിലയ്ക്കു്, വളരെമുമ്പുതന്നെ ആരംഭമെടുത്തിട്ടുള്ളതാണു്. അതിന്റെ ഉപജ്ഞാതാക്കന്മാർ മനശ്ശാസ്ത്രക്കാരല്ല. മനശ്ശാസ്ത്രരീത്യാ അല്ലാതെ സാമാന്യതത്വങ്ങൾ മുൻനിർത്തിയാണു് ഇപ്രകാരമുള്ള വിമർശങ്ങൾ നടന്നിട്ടുള്ളതും നടക്കേണ്ടതും. ആ രീതി അനാവശ്യമെന്നുവയ്ക്കുന്നതു് രുചിഭേദമനുസരിച്ചുള്ള ഒരു പ്രത്യേകവീക്ഷണഗതിയേ ആകുന്നുള്ളു. നിരൂപണകലയെ പൊതുവേ പരിഗണിക്കുമ്പോൾ അതു് ശാസ്ത്രീയമെന്നു പറവാൻവയ്യ. സാഹിത്യത്തിനു് ഒരുദ്ദേശമുണ്ടെങ്കിൽ അതു് മനുഷ്യജീവിതത്തേയും ചര്യകളേയും സമ്യക്കായി വിശകലനംചെയ്തു് പരിശോധിച്ചു് അങ്ങനെ പരിശോധന നടത്തുന്നവ്യക്തിയിൽ തദാരാളുണ്ടാകുന്ന അനുഭൂതികളെയും, ആശയവിശേഷങ്ങളെയും സരസമായും വ്യക്തരൂപത്തിലും, വെളിപ്പെടുത്തുക എന്നുള്ളതാകുന്നു. ജീവിതത്തെ വരവള്ളി വ്യത്യാസം കൂടാതെ പകർത്തുന്നതു് ഫോട്ടോഗ്രാഫിയേപ്പോലുള്ള ഒരു കരകൗശലമാകുമെങ്കിലും, അനുഗൃഹീതനായ ഒരു ചിത്രകാരന്റെ ചിത്രത്തെപ്പോലെ ഒരു കലാസൃഷ്ടി ആകയില്ല. വസ്തുതകളെയും സംഭവങ്ങളെയും അപഗ്രഥിച്ചു് ആവശ്യമായതിനെ സ്വീകരിച്ചു സ്വരൂപിച്ചു് സൃഷ്ടിക്കുന്ന ഒരു കലാഫലത്തെ അതിന്റെ സംയോജനത്തിലുള്ള രസികത്വം ശരിക്കുമനസ്സിലാക്കുവാൻ നിരൂപകൻ അപഗ്രഥിച്ചുനോക്കേണ്ടതു് അയാളുടെ അഭിപ്രായങ്ങളുടെ സാധുതയ്ക്കു് അത്യാവശ്യമാകയാൽ വളരെ യുക്തമായ ഒരു പർച്ചാരീതിയാകുന്നു. അറിസ്റ്റോട്ടിൽമുതൽ ഇങ്ങോട്ടുള്ള നിരൂപകന്മാരെല്ലാം ഈരീതിയെ ആദരിക്കയും ആശ്രയിക്കയും ചെയ്തിരിക്കുന്നു. ഷേക്സ്പീയർ നാടകങ്ങൾ ക്ലാസ്സിൽ അർത്ഥഗ്രഹണസമർത്ഥമാംവിധത്തിൽ ഭാവപ്രകടനങ്ങളോടെ വായിക്കമാത്രം ചെയ്തിരുന്നതായി ശ്രീ: നായർ പറയുന്ന പ്രൊഫസർറാലി, ഷേക്സ്പീയരെസംബന്ധിച്ചു, അപഗ്രഥനരീതിയിൽ പാത്രസ്വഭാവ നിരൂപണങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം (E. M. L. Series) രചിച്ചിട്ടുണ്ടെന്നാണു ഒരു പഴയഓർമ്മ: അദ്ദേഹംതന്നെയാണെന്നു തോന്നുന്നു. (The English Novel) എന്നതിന്റെ സുസമ്മതമായ നിരൂപണ ഗ്രന്ഥത്തിൽ നോവലിന്റെ ഘടകങ്ങൾ,

ഇതിവൃത്തം,വ്യാപ്തി,പരിസരങ്ങൾ മുതലായിപലതിനെയും അപഗ്രഥനരീതി അവലംബിച്ചുംകൂടി പ്രതിപാദിച്ചിട്ടുള്ളതും. ഇങ്ങനെയൊക്കെയുള്ളപ്പോൾ പ്രസ്തുതസമ്പ്രദായം ഒരുവ്യഥായത്നമാണെന്നുള്ള ശ്രീ: നായരുടെ ആവത്തിച്ചുള്ള അഭിപ്രായം സ്വീകാൎയ്യയോഗ്യമായിരിക്കുന്നില്ല എന്നുതന്നെ പറയണം.

നമ്മുടെ നിരൂപകന്മാരുടെ കഴപ്പം അവരുടെ അപഗ്രഥനമുറയ്ക്കുള്ള ചർച്ചാരീതിയോ, "ഇല്ലാതത" (എന്നുപറയാറായിട്ടില്ലാത്ത) മനശ്ശാസ്ത്രതത്വങ്ങളുടെ ഇറക്കുമതിയോഅല്ല. സമകാലീനന്മാരെ നിരൂപിക്കുമ്പോൾ അവരിലാരുംതന്നെ സാമാന്യതയിൽനിന്നോ, വ്യക്തിപരിചയത്തിന്റെയും മുൻകൂറായുള്ള മൂല്യനിൎണ്ണയത്തിന്റെയും പിടിയിൽനിന്നോ ഉയൎന്നു നിരൂപണം ഒരു കലയാണെന്നുള്ള ബോധത്തോടെ പ്രവൎത്തിച്ചു കണ്ടിട്ടില്ല. നിരൂപണത്തെക്കുറിച്ചു പാശ്ചാത്യരും പൌരസ്ത്യരുമായ പൂൎവ്വന്മാരുടെ മാനദണ്ഡങ്ങൾ അത്രകാൎയ്യമായി കണക്കാക്കാത്ത നിരങ്കുശന്മാരാണു അവരിൽ ഏറിയകൂറും. ഒരു കൃതി വായിച്ചാൽ തനിക്കു തോന്നുന്ന (impression) അല്ലെങ്കിൽ സ്വാഭാൎയ്യാനുഭൂതിയെ ആസ്പദമാക്കി, തത്വവിചാരം യാതൊന്നുംകൂടാതെ എഴുതിവിടുന്ന നിരൂപണങ്ങളാണു നമുക്കു സുലഭങ്ങളായിരിക്കുന്നതു്. അവ സൎവ്വസാധാരണങ്ങളായിരിക്കുന്ന കഴമ്പില്ലാത്ത അഭിപ്രായങ്ങളെയും വീക്ഷണകോടികളേയും സ്വന്ത്ഥചിന്തയുടെ ഭദ്രാസനത്തിൽ പ്രതിഷ്ഠാപിക്കാനും അനുവാചകരെക്കൊണ്ടാദരിപ്പിക്കാനുംശ്രമിക്കുന്നു. അവയ്ക്കു നിസ്സന്ദേഹമായ അനുധാവനതിയിലും സാമാന്യതയിലും അത്യന്തമായ അഭിരുചി കാണുമാറുണ്ടു. സത്യത്തെ അഭിമുഖീകരിക്കാനുള്ള ഉദാസീനതയും, താദാത്മ്യഗ്രഹണത്തിനുള്ള അന്തൎദൃഷ്ടിയുടെ അഭാവവും നമ്മുടെനിരൂപണങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നു. മഹാജനത്തിനും പ്രതിഭാസമ്പന്നനായ കലാകാരനും ഇടയ്ക്കു വേണ്ടെടത്തുവയ്ക്കാൻ പഴുതില്ലാത്ത ഒരു പാലമായിത്തീരേണ്ടതിനുപകരം പലപ്പോഴും അവർതമ്മിലുള്ള ക്ലിഷ്ടമാൎഗ്ഗത്തിന്റെമദ്ധ്യത്തിലൊരു കല്ലുവെട്ടാംകുഴിയായിട്ടാണു നിരൂപണം പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്.

ഒരു കല എന്ന സ്ഥാനത്തിനെതിരായി, ഭാഷാനിരൂപണത്തിന്റെ സാധാരണതയിലേക്കുള്ള അപഥസഞ്ചരണം ആദ്യമായി കണ്ടറിഞ്ഞ നിരൂപകൻ മി. ഏ. ബാലകൃഷ്ണപിള്ളയായിരുന്നു എന്നാണു എന്റെ പക്ഷം. അതിനെ സാമാന്യതയിൽ നിന്നുദ്ധരിക്കാൻ കുറഞ്ഞൊരുകാലമായി അദ്ദേഹം മിനക്കെടുന്നതുമുണ്ടു്. എന്നാൽ ഒരു കലാകാരനു് അവശ്യം വേണ്ടതായ (Sense of proportion,) ആനുപാതികമായുള്ള പൊരുത്തത്തിന്റെ ഒരു ബോധം അദ്ദേഹത്തിൽ വിരളമാണു്. തന്റെ നിരൂപണതത്വസൂചികളെ പൊതുസമ്മതം സിദ്ധിച്ചിട്ടില്ലാത്ത നിഗമനങ്ങളും, ഔചിത്യംകുറഞ്ഞ താരതമ്യവിവേചനങ്ങളും തൎക്കംതീൎന്നിട്ടില്ലാത്ത മനശ്ശാസ്ത്രസിദ്ധാന്തങ്ങളും ആകുന്ന വലിയ വക്കോൽപ്പുതപ്പുകളിൽ അദ്ദേഹം ഒളിച്ചുവയ്ക്കുന്നു.

ഈയിടെയായി 'മംഗളോദയം' മാസികയിൽ 'ജെ. എം.' എന്ന പേരിൽ ഒരാൾ മാതൃകാപരങ്ങളെന്നു പറയാവുന്നവിധത്തിൽ ചില ശുദ്ധനിരൂപണങ്ങൾ എഴുതിക്കാണുമാറുണ്ടു്. ഇതു് ഭാഷയിലെ നിരൂപണശാഖയിൽ വരാനിരിക്കുന്ന നല്ലകാലത്തിന്റെ നാന്ദിയായിട്ടെണ്ണാമെന്നുള്ള പക്ഷം ശ്രീ: ഭാസ്കരൻനായരുടെ അവസാന പ്രാൎത്ഥന അടുത്തകാലത്തുതന്നെ സഫലമാകുമെന്നാശിക്കാം.

—ooo—

# മായ

## അരവിന്ദഘോഷ്

(തർജ്ജമ)

പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി.

നമ്മുടെ പ്രാചീന ദാർശനികന്മാർ ജഗത്തിന്റെ മൂലതത്വങ്ങളെ കണ്ടുപിടിപ്പാൻ ശ്രമിച്ചുതുടങ്ങിയപ്പോൾ, ഈ പ്രപഞ്ചത്തിന്റെ അടിത്തട്ടിൽ ഒരനശ്വരവസ്തു വ്യാപകമായിക്കിടക്കുന്നുണ്ടെന്നു മനസ്സിലാക്കി. ഇന്നത്തെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ പലകാലം ഗവേഷണം കഴിച്ചതിനുശേഷം, ബാഹ്യജഗത്തിലും ഈ അനശ്വരവസ്തു സർവ്വവ്യാപിയായി ഏകതത്വരൂപേണ വർത്തിക്കുന്നു എന്നു നിശ്ചയിച്ചിരിക്കുന്നു. അവർ ആകാശത്തേത്തന്നെ ഭൗതികപ്രപഞ്ചത്തിന്റെ മൂലതത്വമായിട്ടു് സ്ഥിരപ്പെടുത്തിയിട്ടുണ്ടു്. ഭാരതവർഷത്തിലെ പ്രാചീനശാസ്ത്രജ്ഞന്മാരും, അനേകായിരം സംവത്സരങ്ങൾക്കുമുമ്പു്, ഈ സിദ്ധാന്തംതന്നെ സ്ഥാപിച്ചിട്ടുണ്ടു്. അതായതു്– ഭൗതികപ്രപഞ്ചത്തിന്റെമൂലം ആകാശംതന്നെ; അതിൽനിന്നു് മറെറല്ലാഭൗതികാവസ്ഥകളും പ്രാകൃതികപരിണാമരൂപേണ ഉദ്ഭവിച്ചിരിക്കുന്നു. എന്നാൽ അവർ ഈ സിദ്ധാന്തത്തെ ഒരു വിശിഷ്ടസിദ്ധാന്തമായിക്കണ്ടു സന്തുഷ്ടരാകുന്നില്ല. യോഗബലംകൊണ്ടു സൂക്ഷ്മജഗത്തിൽ പ്രവേശിച്ചു്, സ്ഥൂലമായ ഭൗതികപ്രപഞ്ചത്തിന്റെ പശ്ചാദ്ഭാഗത്തു്, ഒരു സൂക്ഷ്മപ്രപഞ്ചമുണ്ടെന്നും, ഈ പ്രപഞ്ചത്തിന്റെ മൂലമായ ഭൗതികതത്വം സൂക്ഷ്മമായ ആകാശമാണെന്നും അവരറിഞ്ഞുവച്ചിട്ടും ഉണ്ടു്. ഈ സൂക്ഷ്മാകാശവും വിശിഷ്ടവസ്തു അല്ല. 'പ്രധാന'ത്തെ ആണു് അവർ വിശിഷ്ടവസ്തുവായി ഗണിച്ചിട്ടുള്ളതു്. പ്രകൃതി അഥവാ ജഗന്മയിയായ ക്രിയാശക്തി അതിന്റെ സർവ്വവ്യാപിയായ സ്പന്ദനത്തിൽ ഈ പ്രധാനത്തെ സൃഷ്ടിച്ചിട്ടു്, അതിൽനിന്നു് അനന്തകോടി അണുക്കളെ ഉൽപാദിപ്പിക്കുകയും, ആ അണുക്കളെക്കൊണ്ടു് സൂക്ഷ്മഭൂതങ്ങളെ ഘടിപ്പിക്കയും ചെയ്യുന്നു. എന്നാൽ, തനിക്കുവേണ്ടി യാതൊന്നുംതന്നെ, ഈ 'പ്രകൃതി'—ക്രിയാശക്തി—ചെയ്യുന്നില്ല. ശക്തിയുടെ ഉടമസ്ഥന്റെ തൃപ്തിക്കുവേണ്ടിയാണു് ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിയും, നാനാവിധമായ ഗതിയും. പ്രകൃതിയുടെ ഈ ക്രീഡയിൽ ആത്മാവാണു്—അഥവാ പുരുഷനാണു്—അദ്ധ്യക്ഷനും സാക്ഷിയും. 'പുരുഷനെ'ന്നതും 'പ്രകൃതി'യെന്നതും ആരുടെ സ്വരൂപവും ക്രിയയുമാണൊ, ആ അനിർവ്വചനീയമായ പരബ്രഹ്മംതന്നെയാണു് ജഗത്തിന്റെ അനശ്വരവും അദ്വിതീയവുമായ മൂലസത്യം. പ്രധാനപ്പെട്ട ഉപനിഷത്തുകളിൽ ആര്യമഹർഷിമാർ തത്വഗവേഷണം ചെയ്തുചെയ്തു് ഏതൊരു മഹാസത്യങ്ങളെ ആവിഷ്കരിച്ചിട്ടുണ്ടോ, അവയുടെയെല്ലാം കേന്ദ്രസ്വരൂപമായി ഈ ബ്രഹ്മവാദവും പുരുഷപ്രകൃതിവാദവും പ്രതിഷ്ഠിതമായിരിക്കയാണു്. ദാർശനികവിശാരദന്മാർ ഈ മൂലസത്യ

ങ്ങളെ എടുത്തു്, നാനാതൎക്കവിതൎക്കങ്ങൾകൊണ്ടും, വാദവിവാദങ്ങൾകൊണ്ടും, ഭിന്നഭിന്ന ചിന്താപ്രണാളികളെ പടുത്തിവിട്ടിരിക്കുന്നു. ബ്രഹ്മവാദികളായിത്തീൎന്നവർ വേദാന്തദർശനത്തിന്റെ പ്രവൎത്തകന്മാരായിബ്ഭവിച്ചു. പ്രകൃതിവാദത്തിൽ പക്ഷപാതികളായവർ സാംഖ്യമതക്കാരായും പരിണമിച്ചു. ഇവക്കും പുറമെ മററു ചിലകൂട്ടർ പരമാണുവിനെത്തന്നെ ഭൗതികപ്രപഞ്ചത്തിന്റെ മൂലസത്യമായി സിദ്ധാന്തിച്ചു് ഒരു നൂതന സ്വതന്ത്രമാൎഗ്ഗത്തിൽ സഞ്ചരിക്കുവാനും തുടങ്ങി. ഇത്തരത്തിൽ പല പല മാർഗ്ഗങ്ങളും കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞതിനുശേഷമാണു്, ശ്രീകൃഷ്ണഭഗവാൻ ഈ ചിന്താപ്രണാളികളുടെ സമന്വയവും സാമഞ്ജസ്യവും ഗീതാദ്വാരാ സ്ഥാപിച്ചു്, വ്യാസദേവൻ മുഖേന ഉപനിഷത്തുകളിലെ സത്യങ്ങളെ പുനഃസ്ഥാപനംചെയ്തുവെച്ചതു്. പുരാണകൎത്താക്കളും വിട്ടില്ല; വ്യാസന്റെ പുരാണത്തെ ആധാരമാക്കിക്കൊണ്ടു്, പ്രസ്തുത സത്യങ്ങളെ ബഹുധാ വ്യാഖ്യാനിക്കുകയും, ഒട്ടേറെ കെട്ടുകഥകൾകൊണ്ടു അവയെ ഉദാഹരിക്കയും, അലങ്കാരശൈലിയിൽ മോടിപ്പെടുത്തുകയുംചെയ്തുകൊണ്ടു് അവർ സ്വകൃതികളെ സാമാന്യജനങ്ങൾക്കായിട്ടു സമൎപ്പിച്ചു. വിദ്വജ്ജനങ്ങളുടെ വാദവിവാദങ്ങൾക്കു ഇതൊന്നുകൊണ്ടും അറുതി വന്നില്ല. അവർ മുറയ്ക്കു സ്വസിദ്ധാന്തങ്ങളെ പ്രകാശിപ്പിച്ചു്, വിവിക്തങ്ങളായ ദർശനശാഖകളിലെ താല്പൎയ്യങ്ങളെ യുക്തിമാൎഗ്ഗേണ സമൎത്ഥിക്കുവാനാരംഭിച്ചു. നമ്മുടെ ഷഡ്ദർശനങ്ങളുടെ ആധുനികരൂപം ഈ അർവ്വാചീന വിചിന്തനത്തിന്റെ ഫലമാണു്. പില്ക്കാലത്തു ശ്രീശങ്കരാചാൎയ്യർ ഭാരതവൎഷത്തിൽ മുഴുവൻ വേദാന്തമതം പ്രചരിക്കുന്നതിനു അപൂർവ്വവും സ്ഥായിയുമായ ഏൎപ്പാടെല്ലാം ഉണ്ടാക്കി, സാധാരണജനങ്ങളുടെ ഹൃദയത്തിൽ വേദാന്തമതത്തിന്റെ ആധിപത്യം സുപ്രതിഷ്ഠിതമാക്കിക്കളഞ്ഞു. അനന്തരകാലങ്ങളിലും നാലഞ്ചുമതങ്ങളുദിച്ചു് ഒരല്പപക്ഷക്കാരിൽ രൂഢമൂലമായിട്ടുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, അവയുടെ ആധിപത്യവും പ്രഭാവവും, വിമർശനവിഷയമാകാതെ മറഞ്ഞുപോയി. എന്നാൽ സർവ്വജനസമ്മതി സമ്പാദിച്ച വേദാന്തമതത്തിൽത്തന്നെ ചില ശാഖാന്തരങ്ങളുളവായി. അവയിൽ മൂന്നെണ്ണം മുഖ്യമായിത്തീൎന്നു. മറെറല്ലാം ഗൌണങ്ങളായും പോയി. ജ്ഞാനപ്രധാനമായ അദ്വൈതവാദം, ഭക്തിപ്രധാനമായ വിശിഷ്ടാദ്വൈതവാദം,—ഇവരണ്ടും ദ്വൈതമതത്തിനെതിരായി ഇപ്പോഴും ഹിന്ദുക്കളുടെ ഇടയിൽ നിലനില്ക്കുന്നു. ജ്ഞാനമാർഗ്ഗക്കാർ ഭക്തിമാൎഗ്ഗക്കാരുടെ ഉദ്ദാമപ്രേമത്തേയും ഭാവപ്രവണതയേയും ഉന്മാദലക്ഷണമാക്കിക്കല്പിച്ചു അവരെ പരിഹസിക്കുന്നു. ഭക്തിമാർഗ്ഗക്കാർ ജ്ഞാനമാൎഗ്ഗക്കാരുടെ തത്വജ്ഞാനസ്പൃഹയെ ശുഷ്കതൎക്കമെന്നു പറഞ്ഞു തള്ളിക്കളയുകയും ചെയ്തുവരുന്നു. ഈ രണ്ടവസ്ഥയും, അബദ്ധവും അശുദ്ധവുമാണു്. ഭക്തിരഹിതമായ തത്വജ്ഞാനം അഹങ്കാരത്തെ വൎദ്ധിപ്പിച്ചു മോക്ഷമാൎഗ്ഗത്തെ തടുക്കും, തകൎക്കും; ജ്ഞാനശൂന്യമായ ഭക്തിയോ, അന്ധവിശ്വാസത്തേയും, ഭ്രമസങ്കുലമായ താമസികത്വത്തേയും ഉൽപാദിപ്പിക്കും. എന്നാൽ, ഉപനിഷത്പ്രദർശിതമായ ധൎമ്മമാർഗ്ഗത്തിലോ—ജ്ഞാനം, ഭക്തി, കൎമ്മം ഈ മൂന്നിനും അന്യോന്യം ബന്ധവും ആനുഗുണ്യവും സുരക്ഷിതമായിരിക്കുന്നതും കാണാം.

സർവ്വവ്യാപിയും സർവ്വജനസമ്മതവുമായ ആൎയ്യധൎമ്മം പ്രചരിക്കേണമെന്നുണ്ടെങ്കിൽ അതിലേയ്ക്കു പ്രസ്തുതമായ ആൎയ്യജ്ഞാ

നത്തിനുമേൽ ആ ആൎയ്യധൎമ്മത്തെ സംസ്ഥാപിതമാക്കുകതന്നെ വേണം. ഇത്രയേറെ കാലമായിട്ടും, ദൎശനശാസ്ത്രങ്ങൾ ഏകൈകപക്ഷപ്രകാശകങ്ങളും, അസമ്പൂൎണ്ണങ്ങളും ആയിരിക്കുന്നതേ ഉള്ളൂ. സമസ്തജഗത്തും ഒരു സങ്കീൎണ്ണമതത്തിന്റെ അനുയായിയാണെന്ന തൎക്കംവഴിയ്ക്കു സീമാബന്ധം ചെയ്യാൻ പോയാൽ, സത്യത്തിന്റെ ഒരു വശം വിശദരൂപേണ വ്യാഖ്യാനിയ്ക്കപ്പെടാമെന്നതന്നെയിരുന്നോട്ടേ, പക്ഷേ, അപ്പോഴും മറ്റൊരുവശം അസ്പഷ്ടമായിട്ടുതന്നെ കിടക്കും. ഇത്തരം അസ്പഷ്ടതാഭാവത്തിനൊരു ദൃഷ്ടാന്തമാണ് അദ്വൈതവാദികളുടെ മായാവാദം. ബ്രഹ്മം സത്യം, ജഗത്തുമിഥ്യ—ഇതാണല്ലോ മായാവാദക്കാരുടെ മൂലമന്ത്രം. ഈയൊരുമന്ത്രം യാതൊരുജാതിക്കാരുടെ ചിന്താപ്രണാളിയിൽ മൂലമന്ത്രമായി പ്രതിഷ്ഠിയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ, ആ ജാതിക്കാരുടെ ഇടയിലാണ് ജ്ഞാനലിപ്സയും, വൈരാഗ്യവും, സന്ന്യാസപ്രിയതയും വൎദ്ധിച്ചുവരുന്നതു്; രജോഗുണശക്തി തിരോഭവിച്ചിട്ടു സത്വഗുണവും തമോഗുണവും പ്രബലീഭവിച്ചു വരാവുന്നതു്; തദ്ദ്വാരേണയാണ്, ഒരുവശത്തു് ജ്ഞാനികളായ സന്ന്യാസികൾ സംസാരവൈതൃഷ്ണ്യംപൂണ്ടു്, ഭക്തോത്തമരായി, ശാന്തിപ്രാൎത്ഥികളായി വൈരാഗ്യത്തോടെ വളരുന്നതും, മറുവശത്തു് താമസികരും അജ്ഞരും അകൎമ്മണ്യരുംആയ സാധാരണജനത വൎദ്ധിച്ചുവരുന്നതും. ആ മൂലമന്ത്രംതന്നെയാണ് ഭാരതവൎഷത്തിൽ മായാവാദത്തെ പ്രചരിപ്പിച്ചുവിട്ടിരിയ്ക്കുന്നതും. ജഗത്തു മിഥ്യയാണെങ്കിൽ, അപ്പോൾ ജ്ഞാനതൃഷ്ണ ഒന്നൊഴിയെ മറ്റെല്ലാം—സൎവ്വചേഷ്ടകളും—നിരൎത്ഥകവും അനിഷ്ടകരവുംആണെന്നു പറയണമല്ലോ. എന്നാൽ, മനുഷ്യന്റെ ജീവിതത്തിൽ ജ്ഞാനതൃഷ്ണയ്ക്കുപുറമേ, പ്രബലങ്ങളും ഉപയോഗികളുംആയ ഒട്ടേറെ വൃത്തികൾ വിഹരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. അവയെ ഒന്നോടെ ഉപേക്ഷിയ്ക്കുന്നതിന് ഒരു വകക്കാൎക്കും ശക്തിയില്ല. ഈ അനൎത്ഥത്തിൽനിന്നു രക്ഷനേടുവാനായിട്ടാണ്. ശ്രീശങ്കരാചാൎയ്യർ, ജ്ഞാനത്തിന് പാരമാൎത്ഥികമെന്നും വ്യാവഹാരികമെന്നും വകഭേദം കല്പിച്ചു. അവയെ രണ്ടംഗങ്ങളാക്കി, അധികാരഭേദേന ജ്ഞാനകൎമ്മങ്ങളെ വ്യവസ്ഥാപിച്ചുവച്ചിരിയ്ക്കുന്നതു്. എന്നാൽ, അദ്ദേഹം അക്കാലത്തെ ക്രിയാസങ്കുലമായ കൎമ്മമാൎഗ്ഗത്തിന്റെ കഠിനപ്രതിരോധം ചെയ്തപ്പോൾ, ഉദ്ദിഷ്ടഫലമല്ല, വിപരീതഫലമാണ് ലഭിച്ചതു്. ശങ്കരന്റെ പ്രഭാവത്താൽ ആ കൎമ്മമാൎഗ്ഗം ലുപ്തപ്രായമായിത്തന്നെപോയി. വൈദികക്രിയകൾ മറഞ്ഞുമാറി; എന്നാൽ, സാധാരണജനങ്ങൾ—ജഗത്തുമായാസൃഷ്ടം, കൎമ്മം അജ്ഞാനസന്താനം,—മുക്തിവിരോധി, അദൃഷ്ടംമാത്രമാണ് സുഖദുഃഖങ്ങളുടെ നിമിത്തം—ഇത്യാദി തമഃപ്രവൎത്തകമായമതം മനസ്സിലുറപ്പിയ്ക്കുകയും, രജശ്ശക്തിയ്ക്കു പുനഃപ്രകാശനം അസാദ്ധ്യപ്രായമാവുകയും ചെയ്തു.

ആൎയ്യജാതിക്കാരുടെ രക്ഷയ്ക്കായിട്ടു ഭഗവാൻ പുരാണങ്ങളുടെയും തന്ത്രങ്ങളുടെയും പ്രചാരമുണ്ടാക്കി, മായാവാദത്തിനെ പ്രതിരോധിക്കതന്നെ ചെയ്തു. പുരാണത്തിൽ ഉപനിഷജ്ജന്യമായ ആൎയ്യധൎമ്മത്തിന്റെ പലപല വശങ്ങളേയും സുരക്ഷിതങ്ങളാക്കി; തന്ത്രം ശാക്തോപാസനയാൽ, മുക്തിയും ഭുക്തിയും ആയ ദ്വിവിധഫലപ്രാപ്തിയ്ക്കും വേണ്ടി ലോകരെ കൎമ്മപ്രവൃത്തരാക്കിയുംവച്ചു. സ്വജാതിരക്ഷാൎത്ഥം യുദ്ധം ചെയ്തിട്ടുള്ള മിക്കവരും—പ്രതാപസിംഹൻ, ശിവാജി, പ്രതാപാദിത്യൻ, ചാന്ദറായി മുതലായവരെല്ലാം—ശക്ത്യുപാസകരോ താന്ത്രികാചാൎയ്യശിഷ്യരോ ആയിരുന്നു.

തമഃസംഭവിയായ അനത്ഥത്തിൻെറ നിവൃത്തിക്കായി ശ്രീകൃഷ്ണഭഗവാൻ കമ്മസന്ന്യാസത്തിനെതിരായ ഉപദേശം നൽകിയിട്ടുമുണ്ടല്ലൊ.

സത്യത്തിന്മേലാണു് മായാവാദത്തിന്റെ പ്രതിഷ്ഠ. ഉപനിഷത്തുകളിലും പറഞ്ഞിട്ടുണ്ടു്, ഈശ്വരൻ പരമമായാവിയാണു്, മായാദ്വാരാ ആണു് അദ്ദേഹം സൃഷ്ടികാര്യംനടത്തുന്നതു്—എന്നൊക്കെ. ത്രൈഗുണ്യമയിയായ മായതന്നെയാണു് സമസ്തജഗത്തിൻെറയും സൃഷ്ട്യാദി നടത്തുന്നതെന്നു് ഗീതയിൽ ശ്രീകൃഷ്ണഭഗവാനും പറയാതിരുന്നിട്ടില്ല. ഏകമായ അനിർവ്വചനീയബ്രഹ്മം മാത്രമാണു് ജഗത്തിൻെറ മൂലസത്യം; സമസ്ത പ്രപഞ്ചവും ബ്രഹ്മത്തിൻെറ അഭിവ്യക്തിമാത്രം; സ്വയംപരിണാമശീലത്തോടും നശ്വരസ്വഭാവത്തോടുംകൂടിയവയാണു് സകലതും. എന്നാൽ ബ്രഹ്മമൊന്നേ സനാതനസത്യമായിട്ടുള്ളു എങ്കിൽ, പിന്നെ ഭേദവും ബഹുത്വവും എവിടെനിന്നുണ്ടായി? അതെന്തൊന്നിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു? എങ്ങനെ ഇത്തരത്തിലുളവായി? ഈ ചോദ്യങ്ങൾ ഉദിക്കാതെ നിവൃത്തിയില്ല. ബ്രഹ്മം തന്നെയാണു് ഏകമാത്രസത്യമെങ്കിൽ, അതിൽനിന്നാണു ഭേദവും ബഹുത്വവും ഉളവായതും. ബ്രഹ്മത്തിൽ തന്നെയാണു് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതും, ബ്രഹ്മത്തിൻെറ ഏതോ അനിർവ്വചനീയശക്തിവഴിക്കാണു് ഉണ്ടായതും—എന്നാണു് ഉപനിഷത്തുകളുടെ ഉത്തരം. അതേ, അതേ ശക്തിയാണു് ഒരിടത്തു മായാവിയുടെ മായയായും, മറ്റൊരിടത്തു് പുരുഷാധിഷ്ഠിത പ്രകൃതിയായും, വേറൊരിടത്തു്, ഈശ്വരൻെറ വിദ്യാ/വിദ്യാമയിയായ ഇച്ഛാശക്തിയായും പറയപ്പെട്ടിരിക്കുന്നതു്. പക്ഷേ, ഇവിടെ വച്ചു വിശ്രമിക്കുന്നതിനു് മനസ്സു സമ്മതിക്കുന്നില്ല. ഒന്നു പലതായി തീൎന്നതെങ്ങനെ? അഭിന്നത്തിൽനിന്നു് ഭിന്നങ്ങളുളവായതെങ്ങനെ? ഈ ചോദ്യങ്ങൾക്കു് തൃപ്തികരമായ മറുപടി അല്ലെങ്കിൽ വ്യാഖ്യാനം നമുക്കു ലഭിക്കുന്നില്ല. നമുക്കു എളുപ്പത്തിൽ ചില ഉത്തരങ്ങൾ പറയാം;—ഒന്നു പലതാകുന്നില്ല; സനാതനമായ അഭേദത്തിൽ ഭേദം ഉദയം കൊള്ളുകയില്ല; ബഹുത്വം മിഥ്യ; ഭേദം ഭ്രാന്തി; സനാതനവും അദ്വിതീയവുമായ ആത്മാവിൽ സ്വപ്നതുല്യം മാത്രമാണു് മായാപ്രതിഭാസം; സത്യം ആത്മാവുതന്നെ; ആത്മാവുതന്നെ സനാതനം—എന്നൊക്കെ. പക്ഷേ, അവിടെയും നില്ക്കാനാകാതെ, മായയെന്നാലെന്തു്, എവിടെനിന്നു അതുണ്ടായി, അതേതൊന്നിലധിഷ്ഠിതമാണു്, എങ്ങനെയാണതുണ്ടായതു്?—ഇത്യാദി ശങ്കകൾ കാണ്ക.

ശ്രീശങ്കരൻെറ ഉത്തരമാകട്ടെ—മായ എന്തെന്നു പറയാൻ വയ്യ; മായ വെറും അനിർവ്വചനീയം; മായ ഉല്പന്നമേ അല്ല; ആവുകയില്ല; അനാദികാലമായിട്ടാമായ ഉണ്ടു്; എങ്കിലും വാസ്തവത്തിലില്ലതാനും!!

കുഴപ്പം തീൎന്നുവോ? ഉത്തരങ്ങൾ തൃപ്തികരങ്ങളോ? ഇല്ല—അല്ല. എന്നുമാത്രമല്ല, ഈ വാദവിവാദത്തിൽ, അദ്വിതീയമായ ബ്രഹ്മത്തിന്മേൽ സനാതനവും അനിർവ്വചനീയവുമായ വേറൊന്നു,—മായ—പ്രതിഷ്ഠാപിക്കപ്പെട്ടാൽ ബ്രഹ്മത്തിൻെറ ഏകത്വത്തിനു ന്യൂനതയും വന്നുകൂടുന്നില്ലയോ?

ശ്രീശങ്കരൻെറ യുക്തികളേക്കാൾ ഉപനിഷത്തുകളിലെ യുക്തികൾ അധികം ആദരണീയങ്ങളാണു്. ഭഗവാൻെറ പ്രകൃതിയാണു് ജഗത്തിൻെറ മൂലം. പ്രകൃതിയെന്നാൽ പ്രകൃതിശക്തിതന്നെ—സച്ചിദാനന്ദത്തിന്റെ സച്ചിദാനന്ദമയിയായിരിക്കുന്ന

ശക്തിതന്നെ. ആത്മപക്ഷത്തിൽ, ഭഗവാൻ പരമാത്മാവ്; ജഗത്തിന്റെ പക്ഷത്തിൽ ഭഗവാൻ പരമേശ്വരൻ; പരമേശ്വരന്റെ ഇച്ഛ ശക്തിമയിയത്രേ; ആ ഇച്ഛാദ്വാരാ ആണ്, 'ഏക'ത്തിൽനിന്നു 'ബഹു' ഉളവായത്; അഭേദത്തിൽ ഭേദം ഉളവായതും.

പരമാർത്ഥം പറയുമ്പോൾ ബ്രഹ്മംമാത്രം സത്യം, ജഗത്തുമിഥ്യ—മഹാമായാജന്യം മാത്രം; കാരണമായ മായ ബ്രഹ്മത്തിൽ നിന്നുദിച്ചു; ബ്രഹ്മത്തിൽത്തന്നെ ലയിച്ചു. ദേശകാലങ്ങളുടെ അന്തരാളത്തിലാണു പ്രപഞ്ചത്തിന്റെ അസ്തിത്വം; ബ്രഹ്മം ദേശകാലാതീതാവസ്ഥയിലായതുകൊണ്ടു ബ്രഹ്മത്തിനു പ്രപഞ്ചാസ്തിത്വം ഇല്ല. അപ്പോഴോ—ബ്രഹ്മത്തിലാണ് പ്രപഞ്ചയുക്തമായ ദേശകാലങ്ങൾ ബ്രഹ്മം ദേശകാലങ്ങളിൽ ആബദ്ധമല്ല. ജഗത്തു ബ്രഹ്മത്തിൽനിന്നുണ്ടായത്, ബ്രഹ്മത്തിൽത്തന്നെ വർത്തിക്കുന്നത്; സനാതനവും അനിർദ്ദേശ്യവുമായ ബ്രഹ്മത്തിൽ അത്യന്തവിശിഷ്ടമായ ജഗത്തിന്റെ പ്രതിഷ്ഠ; അതിൽ, ബ്രഹ്മത്തിന്റെ വിദ്യാ/വിദ്യാമയിയായശക്തി വഴിക്ക് സൃഷ്ടിക്കപ്പെട്ടു വിരാജിക്കുന്നു.

യഥാർത്ഥമായ വസ്തുവിന്റെ ഉപലബ്ധിക്കുവേണ്ടുന്ന ശക്തിക്കുപുറമേ, കാല്പനികമായി കൃത്രിമവസ്തൂപലബ്ധിശക്തികൂടി മനുഷ്യർക്കുള്ളതായി നമുക്കറിവുണ്ടല്ലോ. അതുപോലെ, ബ്രഹ്മത്തിലും വിദ്യയെന്നും അവിദ്യയെന്നും സത്യമെന്നും അസത്യമെന്നും രണ്ടുമുണ്ട്. അസത്യം ദേശകാലസൃഷ്ടം; മനുഷ്യസൃഷ്ടി ദേശകാലഗതിഭേദം അനുസരിച്ച്, സത്യത്തിൽ പരിണമിക്കാവുന്നതാണല്ലോ. അതായതു—നാം അസത്യമെന്നു കരുതുന്നതു സർവ്വഥാ അസത്യമാകുന്നില്ല. സത്യത്തിന്റെ അനുഭൂതരൂപം മാത്രമാണ് ഈ സ്ഥിതിക്കു സർവ്വം സത്യം എന്നുപറയാം. ദേശകാലാതീതമായ അവസ്ഥയിൽ ജഗത്തു മിഥ്യതന്നെ. എന്നാൽ നാം ദേശകാലാതീതരല്ല. നമ്മൾ ജഗത്തുമിഥ്യയെന്നു പറയാൻ അധികാരികളല്ല. ദേശകാലങ്ങളുടെ നടുക്കു ജഗത്തുമിഥ്യയല്ല, സത്യംതന്നെയാണ്. എപ്പോൾ ദേശകാലാതീതമായിത്തീർന്നു ബ്രഹ്മത്തിൽ വിലയംകൊൾവാനുള്ള സമയംവരുമോ—[illegible] ഉദിക്കുമോ, അപ്പോൾനാം ജഗത്തുമിഥ്യ എന്നുപറയാൻ അധികാരികളായിത്തീരും. അതിനു വിപരീതമായി, അനധികാരാവസ്ഥയിൽ നാമങ്ങനെപറയാൻ പുറപ്പെട്ടാൽ നാം മിഥ്യാചാരികളാകും; ധർമ്മത്തിന്റെ ഗതി വിപരീതമായുംഭവിക്കും. നമ്മുടെനിലയ്ക്ക്, ബ്രഹ്മംസത്യം—ജഗത്തുമിഥ്യ എന്നുപറയുന്നതിനേക്കാൾ ശരിയായിരിക്കുക, ബ്രഹ്മം സത്യം—ജഗത്തു ബ്രഹ്മമയം എന്നുപറയുന്നതാണ്. ഇതുതന്നെയാണ് ഉപനിഷത്തുകൾ ഉപദേശിച്ചുതന്നിട്ടുള്ളതും "സർവ്വം ഖല്വിദം ബ്രഹ്മം" എന്നുള്ള ഈ സത്യത്തിന്മേലാണ് ആര്യധർമ്മം. പ്രതിഷ്ഠാപിതമായിരിക്കുന്നതും*

*"ധർമ്മ കാ ജാതീയതാ" എന്ന ബങ്കാളി പുസ്തകത്തിൽനിന്ന്.

# സ്വാഗതം

കീഴ്ക്കുളം, എൻ. രാമൻപിള്ള

1. ഹാ! കഷ്ടമിവനെപ്പോലെ-
യാരു[illegible]ളൊരു മഹാശഠൻ,
നിർദ[illegible]ൻ, നീതിരഹിതൻ,
കൃതഘ്നൻ, പ്രേമഹീനനും.

2. കണ്വാശ്രമത്തിൽ നിന്നിങ്ങു
വന്നിട്ടെത്ര ദിനങ്ങളായ്
അക്കയൽക്കണ്ണിയെപ്പററി-
യാരാഞ്ഞില്ലല്ലിതെല്ലുമേ.

3. നവലാവണ്യധാമങ്ങ-
ളു[illegible]ം പ്രിയമാരുമായ്
വിലാസലഹരിച്ചാർത്തിൽ
വിളയാടുകയാണു ഞാൻ.

4. അഴകേറുന്ന പുഷ്പങ്ങൾ
പലതുണ്ടെന്നിരിക്കിലും
പനിനീർപ്പൂവിനേലുന്ന
കമനീയത വേറെയാം.

5. എന്നല്ലാശ്രമമാകുന്ന
മനോജ്ഞമലർവാടിയിൽ
ദിവ്യശോഭം വിടർന്നാളും
പൂവല്ലീയശ്ശകുന്തള.

6. അതിന്നു മധുലിട്ടാവാൻ
ഭാഗ്യമുണ്ടായതോർക്കുകിൽ
പലജന്മത്തിലുമിവൻ
പുണ്യമാർജ്ജിച്ചിരിക്കണം.

7. ദുഷ്ഷന്തനെന്നു ദുർന്നാമം
കൊത്തിയിട്ടുള്ള മോതിരം
വിശ്വാസപൂർവമച്ചാരു
വിരലിൽച്ചേർത്തുകൊണ്ടു ഞാൻ,

8. ഓരോദിവസവും വണ്ണ-
മോരോന്നായെണ്ണുമെങ്കിലേ?
അതിന്നറുതിയാളുമ്പോൾ
ചെല്ലു[illegible]ന്നല്ലി ചൊല്ലി ഞാൻ.

9. അന്നുതൊട്ടിപ്പൂപോലെത്ര
മണിഹർമ്മ്യങ്ങൾ മഞ്ജുളം
മനോരാജ്യത്തിൽ വിരചി-
ച്ചിരിക്കും രാഗലോലയാൾ.

10. നിശ്ശേഷമായതെല്ലാം മൽ
കാഠിന്യം ഞൊടികൊണ്ടുതാൻ
തട്ടിത്തകർത്തു നിസ്തർക്കം
പൊടിയാക്കിയിരിക്കണം.

11. ഇപ്രവൃത്തി മഹാശുഭ്ര
ചന്ദ്രവംശത്തിൽ വാച്ചിടും
കീർത്തിയാം മൂർത്തിമേൽക്കാർഷ്ണ്യം
ചേർത്തിടും തീർന്നു ചൊല്ലിടാം.

12. എന്തുകൊണ്ടാണു വാഗ്ദാനം
പാലിക്കാത്തതു ഞാനഹോ!
എന്നെത്ര നിരൂപിച്ചിട്ടും
കിട്ടുന്നില്ലൊരു തുമ്പുമേ.

13. അന്തഃപുരത്തിലെച്ചാരു-
ചെന്താർലോചനമാർകളെ
ശങ്കിച്ചാമെന്നുമായ് പക്ഷേ
ജനങ്ങൾ കരുതീടുമോ?

14. അതിന്നു വകയില്ലെന്റെ
നേത്രപാതത്താലിതേവരെ
ഒരുകാമിനിയും ലേശം
കലഹിച്ചിട്ടുമില്ലഹോ!

15. പ്രണയക്ഷരവാണോ തൽ-
കാരണം പരമമെന്നഞാൻ
മനസ്സിനോട്ട ചോദിച്ചി-
ട്ടുണ്ടമൗനം വഹിക്കയാം.

16. മൽപാവനമനക്ഷേത്രേ
സുപ്രതിഷ്ഠിതയാമവരം
പ്രേമസാമ്രാജ്യസർവ്വസ്വ
ശ്രീമഹാറാണിതന്നെയാം.

17. അതിരിക്കട്ടെ! കണ്വർഷി
പൂജ്യപാദൻ തപോധനൻ
ഗാന്ധർവ്വമാം വിവാഹത്തി-
ലെന്തഭിപ്രായമോതിയോ ?

18. ജലസേചനകൃത്യത്താൽ
തളർന്നസഖിമാരുമായ്
അശ്ശകുന്തളയിപ്പോഴും
നില്പൂമൽ-ചിത്തവാടിയിൽ

19. കടമേന്തുകയാൽ-കൈത്താർ
തുടുത്തു, മണികുന്തളം
അഴിഞ്ഞും, തുവിയർപ്പേങ്ങും
കിനിഞ്ഞും, വദനാംബുജം

20. മഞ്ഞുനീരണി മഞ്ജുശ്രീ
പൊഴിഞ്ഞും, മാറിടംതുലോം
നെടുവീർപ്പുകളാൽവിങ്ങി-
ച്ചുമഞ്ഞു,മിളകീട്ടുമേ,

21. പുത്തുഗോരോചനപ്പൊട്ടോ-
ട്ടലിഞ്ഞും, നയനോത്സവാൽ
അന്നുഞാൻ കണ്ടൊരച്ചിത്ര-
മിന്നുചേതോഹരം പരം.

22. മെത്തീട്ടമനുരാഗത്തിൻ
പാത്രമാണെന്നിരിക്കിലും
അസ്സാധ്വിയിൽ നമുക്കേവം
വിസ്മൃതിക്കെന്തു ബന്ധമാം.

23. ഹിതാനുവർത്തനത്തിങ്കൽ
കഴിവില്ലാതെ വല്ലതും
ഐന്ദ്രജാലികവിദ്യയ്ക്കി-
ങ്ങീഞാൻ വശഗനായിതോ ?

24. ക്രൂരിരുട്ടാം കയംതന്നിൽ
മുഴുകീടിനപോലവേ
ചിത്തവൃത്തിവിശേഷങ്ങൾ-
ക്കൊളിമങ്ങുന്നിതെത്രയും.

25. അരുണാധരിയാംനാനാ-
വികാരപരിവാരയായ്
സ്വയമിങ്ങെത്തിയെന്നും ഹാ!
സ്വപ്നമൊന്നിഹ ചൊന്നതേ.

26. കഥമതുബത! നാമിങ്ങായതിന്നായവണ്ണം
ചെറുതുമിടവരുത്താതിന്നുതാൻചെന്നമന്ദം
വനിതകൾമണിയാളെ പ്രേമവാർവൈജയന്തി-
ക്കെതിരിൽവിരുതിനോട്ടം കണ്ടടൻ കൊണ്ടുപോന്നം.

# നൃത്ത്യകല

ഗോപിനാഥ്

പ്രപഞ്ചസൃഷ്ടിയോളം പഴക്കമുള്ള ഒരു കലാവിദ്യയാണു് നൃത്ത്യകല. ഭാഷയുടേയും സാഹിത്യത്തിൻേറയും ആവിർഭാവത്തിനു എത്രയോ മുൻപുതന്നെ നൃത്ത്യകല സൃഷ്ടിച്ചുകഴിഞ്ഞിരുന്നു. സ്വാഭാവികത നോക്കുകയാണെങ്കിൽ പ്രസ്തുത കല ഒരു സ്വയം സൃഷ്ടിയാണെന്നു പറയാം. ആദിമമനുഷ്യരുടെ ഹൃദയത്തിലുദിച്ച ആനന്ദാദിവികാരങ്ങൾ ആംഗികാഭിനയംകൊണ്ടുമാത്രമെ വെളിപ്പെടുത്താൻ സാധിച്ചിരുന്നൊള്ളു. അങ്ങനെ മനുഷ്യാത്മാവിലുണ്ടായ ആനന്ദാനുഭൂതിയുടെ സ്വയംപ്രേരിതമായ ഒരു ബാഹ്യപ്രകടനമാണു് നൃത്ത്യകല.

ഭാരതീയ നാട്യകലയുടെ ഉല്പത്തിയെപ്പററി നാട്യശാസ്ത്രത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ബ്രഹ്മാവു് ഭരതമുനിക്കു് ആദ്യമായി നാട്യവേദം ഉപദേശിച്ചുകൊടുത്തു. അതിനുശേഷം ഭരതൻ ഗന്ധർവ്വന്മാരോടും അപ്സരസ്സുകളോടും കൂടി പരമശിവന്റെ മുമ്പിൽവച്ചു് നാട്യവും, നൃത്തവും, നൃത്ത്യവും പ്രയോഗിച്ചു കാണിച്ചു. അനന്തരം പരമശിവൻ സന്തുഷ്ടനായി തണ്ഡുവിനെക്കൊണ്ടു് "താണ്ഡവ"നൃത്തവും പാർവ്വതിയെക്കൊണ്ടു് "ലാസ്യ"വും ഭരതമുനിക്കു് ഉപദേശിപ്പിച്ചു. ഭരതമുനി അതെല്ലാം തൻെറ നാട്യശാസ്ത്രത്തിൽ രേഖപ്പെടുത്തി." ഇങ്ങനെയാണു് നൃത്ത്യാദികലകൾ മനുഷ്യക്കു് സിദ്ധിച്ചതെന്നാണു് ഐതിഹ്യം. ഈ ഐതിഹ്യത്തിന്റെ വാസ്തവസ്വഭാവം എങ്ങിനെയിരുന്നാലും, നൃത്താദികലകൾക്കു് ഭാരതഭൂമിയിൽ അതിപ്രാചീനമായ കാലത്തുതന്നെ ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു എന്നുള്ളതിനു സംശയമില്ല. ഗന്ധർവ്വന്മാരുടെ ഗാനത്തെപ്പററിയും അപ്സരസ്സുകളുടെ നൃത്തത്തെപ്പററിയും വേദങ്ങളിൽ പല ഭാഗങ്ങളിലും സൂചനകൾ കാണുന്നുണ്ടു്. ഭരതൻെറ "നാട്യശാസ്ത്രവും," നന്ദികേശ്വരന്റെ "അഭിനയദർപ്പണ"വുമാണു് നാട്യാദി കലകളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന രണ്ടു പ്രാമാണികഗ്രന്ഥങ്ങൾ. ആ ഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും പ്രതിപാദനരീതിയിലും നിന്നു് നാട്യനൃത്തനൃത്ത്യ കലകൾക്കു് നമ്മുടെ നാട്ടിൽ എത്രത്തോളം പ്രചാരവും പ്രാധാന്യവും ഉണ്ടായിരുന്നെന്നു് ഏകദേശം ഊഹിക്കാം. ബുദ്ധമതത്തിൻെറ പ്രചാരകാലത്തും കലകൾക്കു വേണ്ട പ്രോത്സാഹനം ലഭിച്ചിരുന്നു. അക്കാലത്തെ പ്രതിമകളും ചുവർ ചിത്രങ്ങളും ഇന്നും കലാകാരന്മാരെ അത്ഭുതപ്പെടുത്തുന്നു. ഭഗവാൻ ശ്രീബുദ്ധൻതന്നെ നൃത്തംകണ്ടു സന്തോഷിച്ചതായി ചില ജാതകകഥകൾ പറയുന്നുണ്ടു്. ചന്ദ്രഗുപ്തവിക്രമാദിത്യൻെറ കാലത്തു് നൃത്ത്യകലയ്ക്കു് എത്ര സമുന്നതമായ സ്ഥാനമാണുണ്ടായിരുന്നതെന്നു കാളിദാസൻെറ ഗ്രന്ഥങ്ങളിൽ നിന്നും നമുക്കു് സ്പഷ്ടമായി മനസ്സിലാക്കാം. രാജകുടുംബങ്ങളിലേയും പ്രഭുകുടുംബങ്ങളിലേയും ബാലികമാർ അക്കാലത്തു് നിർബ്ബന്ധമായി നൃത്തവിദ്യ അഭ്യസിച്ചുപോന്നു. വിദർഭരാജാവിൻെറ കനിഷ്ഠസഹോദരിയായ മാളവിക അഗ്നിമിത്രൻെറ മുമ്പിൽവച്ചുതന്നെ എത്ര

ഭംഗിയായിട്ടാണു് നൃത്ത്യം അഭിനയിക്കുന്നതെന്നു നോക്കുക. നൃത്ത്യകലയുടെ അസാധാരണമായ മഹത്വത്തെപ്പററിയും മാളവികാഗ്നിമിത്രത്തിൽ കാളിദാസൻ വളരെ ഭംഗിയായി വർണ്ണിച്ചിട്ടുണ്ടു്.

ഭാരതീയരുടെ നൃത്തകല, ഇതരകലകൾ പോലെ അവരുടെ ആത്മശക്തിയുടെ ഒരു ബാഹ്യ പ്രകടനമാണു്. പ്രപഞ്ചസൃഷ്ടിതന്നെ ബ്രഹ്മാവിൻെറ ആനന്ദനൃത്തത്തിൻെറ ഫലമാകുന്നു. നടരാജനായ ശ്രീപരമേശ്വരനത്രെ നടനകലയുടെ രാജാധിരാജൻ. അടുത്തകാലംവരെ, നൃത്യകല ഹിന്ദുക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ ഒരു പ്രധാന ഭാഗമായി നിലനിന്നുപോന്നു. ഉജ്ജയനിയിലെ മഹാകാലക്ഷേത്രത്തിൽ ദിവസവും നൃത്തമുണ്ടായിരുന്നെന്നു മേഘസന്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ദക്ഷിണേന്ത്യയിലെ ദേവദാസിനൃത്തവും ആ സുകുമാരകലയ്ക്കു് ക്ഷേത്രങ്ങളുമായുണ്ടായിരുന്ന അഭേദ്യബന്ധത്തെ കാണിക്കുന്നുണ്ടു്. ചിദംബരം തഞ്ചാവൂർ മുതലായ ക്ഷേത്രങ്ങളിൽ കാണുന്ന ചിത്രങ്ങളും പ്രതിമകളും ദക്ഷിണഭാരതത്തിൽ നൃത്ത്യകലയ്ക്കു് എത്രത്തോളം ദിവ്യത്വം ലഭിച്ചിരുന്നുവെന്നുള്ളതും വെളിപ്പെടുത്തുന്നു. രാസലീലയും ഗോപികാനൃത്തവുംപോലെ വൈഷ്ണവന്മാരെ ആനന്ദിപ്പിക്കുന്ന കലാവിദ്യകൾ മറെറാന്നുമില്ല. ഭക്തിയുടേയും സ്നേഹത്തിൻേറയും പരമമായ പ്രകാശനമാണു് നൃത്തം. ബങ്കാളിലെ 'ബോവൽ' സന്യാസികൾ ഗീതഗോവിന്ദത്തിലെ വൈഷ്ണവഗാനങ്ങൾ ചൊല്ലി മതിമറന്നു നൃത്തംചെയ്യുന്നതു് കാണേണ്ട ഒരു കാഴ്ചയാണു്.

സംഗീതത്തിനും നൃത്ത്യത്തിനുമായി അഭേദ്യമായ പരസ്പരബന്ധമുണ്ടു്. ഒന്നിൻെറ അഭാവത്തിൽ മറേറതു സമ്പൂർണ്ണമാകുന്നില്ല. സംഗീതം ശബ്ദമാത്രസ്വരൂപമായ നൃത്തവും നൃത്ത്യം അഭിനയസമ്മിശ്രമായ സംഗീതവുമാകുന്നു. അവ രണ്ടും നല്ലപോലെ ചേരുന്നെങ്കിൽ മാത്രമെ പ്രസ്തുത കലയ്ക്കു് സകലവിധത്തിലുമുള്ള സമ്പൂർണ്ണത ലഭിക്കുകയുള്ളു.

നൃത്തകല, ഭാരതഭൂമിയിൽ പൂർണ്ണതസിദ്ധിച്ച ഒരു വിശിഷ്ടകലയായിരുന്നെങ്കിലും ഇടക്കാലത്തു നാം അതിനെ വളരെ വിസ്മരിച്ചുകളഞ്ഞു. പ്രഭുക്കന്മാരുടെയാകട്ടെ, പൊതുജനങ്ങളുടെയാകട്ടെ പ്രോത്സാഹനംലഭിക്കാതെ ആ സരസകല നാമാവശേഷമാകാൻ തുടങ്ങി. ഭാരതീയ സാഹിത്യത്തിൻേറയും സംസ്കാരത്തിൻേറയും സംരക്ഷണത്തിനുവേണ്ടി ഈ അടുത്തകാലങ്ങളിലായിനടക്കുന്ന ഏതാനും പരിശ്രമങ്ങളുടെഫലമായിട്ടാണു് നൃത്തകലയ്ക്കു് വീണ്ടും ഒരുണർവുണ്ടായിത്തുടങ്ങിയതു്. ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ വീശിത്തുടങ്ങിയ ആ പ്രോത്സാഹനസമീരണൻ കേരളക്കരയിലും വീശാതിരുന്നില്ല.

കേരളീയരായ നാം ഇതരകലകളിലെന്നപോലെ നൃത്തകലകളിലും അദ്വിതീയമായ ഒരുസ്ഥാനം അലങ്കരിച്ചിരുന്നു. ആട്ടക്കഥ, ഓട്ടംതുള്ളൽ, മോഹിനിയാട്ടംമുതലായ കേരളകലകളിൽകാണുന്ന നൃത്തവിശേഷങ്ങൾ ഇന്നു വിദേശികളായ കലാകാരന്മാരെപ്പോലും അത്ഭുതപ്പെടുത്തുന്നുണ്ടു്. എന്നാൽഇന്നത്തെ നർത്തകന്മാരിൽകാണുന്ന ക്ഷന്തവ്യമല്ലാത്ത ഒരപരാധം ശാസ്ത്രീയമായ അഭ്യസനം അവർ സമ്പാദിക്കുന്നില്ലെന്നുള്ളതാണു്. വാസനപോലെതന്നെ അഭ്യാസവും കലാകാരന്മാർ അവശ്യംഅനുഷ്ഠിക്കേണ്ടതായ ഒന്നാണു്. കലാഭ്യസനകാര്യത്തിൽ കേരളീയരെപ്പോലെ അത്രവളരെശ്രദ്ധയും സമയവുംവേറെആരെങ്കിലും കാണിച്ചിരുന്നോ എന്നുള്ളതു് സംശയ

മല്ലൊ! നൃത്തകലയിൽ അസാധാരണമായ പ്രാവീണ്യവും ശാസ്ത്രീയമായ പാണ്ഡിത്യവും പണ്ടുനമുക്കു് സമ്പാദിക്കാൻ കഴിഞ്ഞതുതന്നെ ഇത്തരത്തിലുള്ള നിർബ്ബന്ധപൂർവ്വമായ അഭ്യസനരീതികൊണ്ടായിരുന്നു.

കേരളീയരുടെ നൃത്താദിവിദ്യകളിൽവച്ചു കഥകളിയാണു് പ്രാഥമ്യം അർഹിക്കുന്നതു്. കേരളക്കരയിലെ ഔദാര്യനിധികളായ മഹാരാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും പ്രോത്സാഹനങ്ങൾകൊണ്ടും, സംസ്കാരസമ്പന്നരായ നമ്പൂതിരിബ്രാഹ്മണരുടെ പരിലാളനങ്ങൾകൊണ്ടും വളർന്നുവളർന്നു അഭിവൃദ്ധിപ്രാപിച്ച കഥകളി, നാട്യത്തിന്റേയും നൃത്യത്തിന്റേയും നൃത്തത്തിന്റേയും അക്ഷയമായ ഒരു കലവറയാണെന്നുപറയാം.

ഇൻഡ്യയിലെ പൌരാണികനൃത്താദികളെ താണ്ഡവം ലാസ്യം എന്നു രണ്ടായി വിഭജിച്ചിരിക്കുന്നു. അതിൽ അഭിനയദർപ്പണകാരൻ ലാസ്യനൃത്തത്തിനാണു് കൂടുതൽപ്രാധാന്യം കല്പിച്ചിരിക്കുന്നതു്. ഇന്നു ലോകത്തു അധികം നടപ്പിലിരിക്കുന്നതും ലാസ്യനൃത്തംതന്നെ. താണ്ഡവനൃത്തം അംഗങ്ങളുടെ ശക്തിയുംസ്വാധീനവും നിയന്ത്രണവും വെളിപ്പെടുത്തുമ്പോൾ ലാസ്യംപ്രത്യംഗങ്ങളുടേയും ഉപാംഗങ്ങളുടേയും താളലയസമ്പൂർണ്ണമായ ചലനങ്ങൾ കൊണ്ടുണ്ടാകാവുന്ന അലൌകികമായ സൌന്ദര്യവിശേഷത്തെ പ്രകടിപ്പിക്കുന്നു. ഉദ്ധതമായതാണ്ഡവം പൌരുഷംനിറഞ്ഞതും കോമളമായലാസ്യം സൌന്ദര്യംതികഞ്ഞതുമാകുന്നു. ഈ രണ്ടുവിധനൃത്തങ്ങൾക്കും കേരളത്തിൽ സമപ്രാധാന്യമായിരുന്നു. കഥകളിതന്നെ താണ്ഡവനൃത്തത്തിന്റേയും ലാസ്യനൃത്തത്തിന്റേയും ഒരു സമാഹാരമാണു്. ശൃംഗാരപദങ്ങളും പ്രകൃതിവർണ്ണനകളും അഭിനയിക്കുന്നഭാഗങ്ങളിൽ ലാസ്യനൃത്തമേ പ്രയോഗിക്കാറുള്ളു. വധത്തിലുംവിജയത്തിലും ലാസ്യത്തിനു പ്രസക്തിയില്ല. താണ്ഡവനടനത്തിന്റെ കലാചാര്യനായ ഭഗവാൻ ശ്രീപരമേശ്വരന്റെ സംഹാരനൃത്തമാണു് താണ്ഡവത്തിന്റെ ഉത്തമമായ ഒരു മാതൃക. ഓജസ്സിന്റേയും പ്രതാപത്തിന്റേയും പ്രകടനത്തിനു അത്യുൽകൃഷ്ടമായ ആ മാതൃക ഇന്നുനമുക്കു് ചിത്രങ്ങളിലും പ്രതിമകളിലുംമാത്രമെ ശരിക്കുകാണാൻകഴിയുന്നുള്ളു.

കേരളത്തിലെമോഹിനിയാട്ടം ഭരതനാട്യം എന്നപേരിൽ അറിയപ്പെടുന്ന ദേവദാസിനൃത്തത്തിന്റെ വേറൊരു മാതൃകയാകുന്നു. ഭരതനാട്യത്തിനു പ്രസിദ്ധിപെററ സ്ഥലം തഞ്ചാവൂരാണു്. പൂർവ്വകാലങ്ങളിൽ ഈശ്വരസേവയ്ക്കുവേണ്ടി ആത്മസമർപ്പണംചെയ്ത ഭഗവത്ഭക്തകളായിരുന്നു ദേവദാസികൾ. എന്നാൽ ആ പ്രസ്ഥാനം ക്രമേണകലാപരമായി ദുഷിച്ചുതുടങ്ങി. ഇപ്പോഴിതാ ദേവദാസികൾക്കു് ആരാധനാക്ഷേത്രങ്ങളുമായുള്ള ശാശ്വതബന്ധം നിയമംമൂലം നിരോധിക്കപ്പെട്ടിരിക്കുന്നു. എങ്കിലും കലാരസികന്മാരായ സഹൃദയന്മാരുടെ പ്രോത്സാഹനങ്ങൾകൊണ്ടു് ആ നൃത്തകലയും ദക്ഷിണേന്ത്യയിൽ ഇന്നുജീവിച്ചുതന്നെ കിടക്കുന്നു.

ഉത്തരഭാരതത്തിലും ഇന്നു പലമാതിരി നൃത്തസമ്പ്രദായങ്ങൾ നടപ്പിലുണ്ടു്. അതിൽ ബംഗാളിലെ മണിപ്പൂരിനൃത്തം, ലക്നോവിലെ കഥക്നൃത്തം, ഗുജറാത്തിലെ ഗാർബാനൃത്തം, കത്ത്യവാഡിനൃത്തം എന്നിവ പൌരാണികങ്ങളും പ്രസിദ്ധിപെററവയുമാകുന്നു. മണിപ്പൂരിനൃത്തത്തിനു താണ്ഡവനൃത്തത്തിന്റെ ഒരു ഛായയുണ്ടു്. മഹത്തായ ഒരു പാരമ്പര്യമുള്ളതും പ്രശംസാർഹമായ പ്രോത്സാഹനം ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ആ നൃത്തത്തിനാണു്

ബങ്കാളിൽ കൂടുതൽ പ്രചാരമുള്ളതു്. കഥക് നൃത്തവും, ഗുജറാത്തിലെ ഗാർബാനൃത്തവും ലാസ്യവിഭാഗത്തിൽപെടുന്നു. ഗാർബാനൃത്തത്തിനു നമ്മുടെ കൈകൊട്ടിക്കളിയോടും കോലടിക്കളിയോടും ഏകദേശം സാമ്യമുണ്ടു്. ഇവകൂടാതെ ഭാരതീയനൃത്തങ്ങളോടുവളരെ സാമ്യമുള്ളവയും എന്നാൽ ബാഹ്യരൂപത്തിൽ അല്പാല്പം വ്യത്യാസമുള്ളവയുമായ ചില നൃത്തസമ്പ്രദായങ്ങൾ സയാം—കംബോഡിയാ—ജാവാ— ബാലി എന്നീദിക്കുകളിൽ കണ്ടുവരുന്നു. അവയെല്ലാംതന്നെ സാങ്കേതികമായി വളരെ സാദൃശ്യമുള്ളതിനാൽ എല്ലാം ഒരു കുടുംബത്തിൽപെട്ടവയാണെന്നു നിശ്ചയിക്കുന്നതിൽ വലിയതെററില്ല. പഴയകാലങ്ങളിൽ ഈ പ്രദേശങ്ങൾക്കു് ഇൻഡ്യയുമായുണ്ടായിരുന്ന സംസ്ക്കാരബന്ധം ചരിത്രകാരന്മാർ സമ്മതിച്ചും കഴിഞ്ഞിരിക്കുന്നല്ലോ?

നാട്യം, നൃത്ത്യം, നൃത്തം എന്നു നടനം മൂന്നുവിധത്തിലുണ്ടെന്നു് ഭരതമുനി അഭിപ്രായപ്പെടുന്നു. അതിൽ വാക്യാർത്ഥരൂപത്തിലുള്ളതും രസാഭിനയപ്രധാനവുമാണു് നാട്യം; പദാർത്ഥരൂപ[illegible] പാഭിനയപ്രധാനം നൃത്ത്യം; ഭാവാഭിന[illegible]മില്ലാതെ താളലയപ്രധാനമായതു് നൃത്തം. നൃത്തത്തിൽ താളലയാപേക്ഷമായ അംഗവിക്ഷേപമല്ലാതെ അഭിനയമില്ല. എങ്കിലും സൌന്ദര്യജനകമാകയാൽ നൃത്തവും നാട്യാംഗമാണെന്നാണു് ഭരതമതം. പാശ്ചാത്യനൃത്തങ്ങളിൽ അധികവും അഭിനയങ്ങളില്ലാത്ത അംഗവിക്ഷേപങ്ങളാണു്. അംഗങ്ങളുടെ താളസമ്മിശ്രമായ മനോഹരചലനങ്ങൾകൊണ്ടുണ്ടാകുന്ന സൌന്ദര്യവിശേഷം മാത്രമെ അതിൽ നാം കാണുന്നുള്ളു. നേരെമറിച്ചു് പൌരസ്ത്യനൃത്താദികളിലധികവും രസഭാവവ്യഞ്ജകങ്ങളായ നൃത്ത്യങ്ങളാകുന്നു. അർത്ഥമില്ലാത്ത അംഗവിക്ഷേപങ്ങളെക്കാൾ രസഭാവങ്ങളുടെ പ്രകടനത്തിലാണു് അവയ്ക്കു പ്രാധാന്യം. സാത്വികഭാവങ്ങൾക്കു് പ്രാധാന്യമുള്ള അഭിനയം ഉത്തമമായിട്ടും രസഭാവാഭിനയങ്ങളില്ലാത്ത നൃത്തം അധമമായിട്ടുമാണു് ശാസ്ത്രകാരന്മാർ കണക്കാക്കിയിരിക്കുന്നതു്.

ആംഗികം വാചികം ആഹാര്യം സാത്വികം എന്നു അഭിനയത്തിനു നാലു വിഭാഗങ്ങളുണ്ടു്. അതിൽ ആംഗികവും, സാത്വികവും നൃത്യകലയിൽ പ്രാധാന്യമർഹിക്കുന്നു. പാശ്ചാത്യർ മേക്കപ്പ് (Make up) എന്നു പറഞ്ഞുവരുന്ന ആഹാര്യത്തിനു നാം ഒരപ്രധാനസ്ഥാനമെ കല്പിച്ചിട്ടുള്ളു. ആംഗികാഭിനയം അംഗം, പ്രത്യംഗം, ഉപാംഗം. എന്നിവകൊണ്ടു വരുത്തേണ്ടതാകുന്നു. രസാഭിനയത്തിൽ നേത്രവിക്ഷേപങ്ങൾക്കാണു് കൂടുതൽ സ്ഥാനം. ശൃംഗാരാദി നവരസങ്ങൾ പ്രകടിപ്പിക്കുന്നതിനു നേത്രങ്ങൾക്കു് ഒൻപതുവിധം ചലനങ്ങളുണ്ടു്. ഇവകൂടാതെ, ശിരസ്സു്, കണ്ഠം മുതലായവയും രസഭാവങ്ങളുടെ പ്രകടനത്തിനു ഉപയോഗപ്പെടുന്നു.

ആസ്യം അല്ലെങ്കിൽ മുദ്ര, ഭാരതീയനൃത്യത്തിന്റെ പ്രധാന ജീവനാകുന്നു. ഓരോ മുദ്രയ്ക്കും അവർ നിശ്ചിതമായ അർത്ഥം കല്പിച്ചിട്ടുണ്ടു്. ആ അർത്ഥം പരിഷ്കൃതമനുഷ്യന്റെ സൌന്ദര്യബോധത്തിനും മനഃശാസ്ത്രതത്വങ്ങൾക്കും വളരെ യോജിച്ചതുമാകുന്നു. മുദ്രക്കൈകളുടെ ഒരു സാമാന്യബോധമുണ്ടെങ്കിൽ മാത്രമെ ഭാരതീയ നടനങ്ങൾ ശരിയായ മനസ്സിലാക്കിഅനുഭവിച്ചാനന്ദിക്കുവാൻ സാധിക്കുകയുള്ളു. കഥകളി സംജ്ഞകളുടെ ഒരു സങ്കേതിസ്ഥാനമാകുന്നു. മുദ്രക്കൈകൾ മനസ്സിലാക്കിയിട്ടില്ലാത്തവർക്കു് കഥകളി ആസ്വദിക്കാൻ സാധിക്കുകയില്ല.

കഥകളി നാട്യനൃത്ത്യനൃത്താദികലകളിൽപ്പെട്ടുന്നുവെങ്കിലും അതുമുഴുവൻ പരിഷ്കൃതമായ ഒരു നടനസമ്പ്രദായമായി ബാഹ്യലോകം ഇനിയും അംഗീകരിച്ചുകഴിഞ്ഞിട്ടില്ല. അതിന്നുള്ള പ്രതിബന്ധങ്ങൾ പലതാകുന്നു. ഒന്നാമതായി കഥകളിയിലെ മുദ്രക്കൈകളെല്ലാം മലയാളികളല്ലാത്ത കലാകാരന്മാൎക്ക് ഒരുപോലെ പരിചിതങ്ങളല്ല; പരിചയപ്പെട്ടുകയെന്നുള്ളതു് അത്ര എളുപ്പത്തിൽ സാധിക്കാവുന്നതുമല്ല. ദേശപരമായും ഭാഷാപരമായുമുള്ള സകല പരിധികളേയും സങ്കേതങ്ങളേയും അതിക്രമിച്ചു് സർവ്വസ്വതന്ത്രമായി പ്രവൎത്തിക്കുന്ന ഒരു മനുഷ്യാത്മാവിനു് അത്തരത്തിലുള്ള മറെറാരു മനുഷ്യാത്മാവുമായി മൌനഭാഷയിൽ സംഭാഷണം ചെയ്യാൻ സാധിക്കുന്ന സംജ്ഞകളത്രെ യഥാൎത്ഥമായ കലാമുദ്രകൾ. അത്തരം മുദ്രകൾക്കു് വൎണ്ണങ്ങളില്ല, ഭാഷകളില്ല, വിദേശമില്ല, സ്വദേശമില്ല. കലകളുടേയും കലാകാരന്മാരുടേയും ഭാഷ എല്ലാ പരിഷ്കൃതജനസമുദായത്തിന്റേയും ഭാഷയായിരിക്കേണ്ടതാണു്.

കഥകളിയിൽകാണുന്ന വേറൊരുവിഷമം അതിലെ വൎണ്ണനകളുടേയും കഥകളുടേയും ദൈൎഘ്യമാകുന്നു. ഈവിധകാരണങ്ങളാണു് മാമൂൽരീതിയിലുള്ള കഥകളിയുടെ കേരളത്തിനുവെളിയിലുള്ള പ്രചാരത്തിനു പ്രതിബന്ധമായി നിൽക്കുന്നതു്. എന്നാൽ വ്യാധനൃത്തം മയൂരനൃത്തം ആരാമനൃത്തം എന്നിത്യാദി നൃത്തവിധങ്ങൾ കഥകളിയിൽനിന്നു ഭിന്നങ്ങളല്ല. അതുകൊണ്ടു് കഥകളിയിലുള്ള നാട്യ-നൃത്ത-നൃത്ത്യങ്ങളെവേർപെടുത്തി ശാസ്ത്രവിരുദ്ധമാകാത്തവിധം അല്പാല്പം വേണ്ടുന്ന വ്യത്യാസങ്ങൾവരുത്തി പ്രചരിപ്പിക്കുന്നതു കൂടുതൽപ്രയോജനകരമായ ഒരു പദ്ധതിയായിരിക്കും. എന്നുമാത്രമല്ല ജനതാമദ്ധ്യത്തിൽ കഥകളിയുടെ മഹനീയസ്ഥാനത്തിനു അതുമൂലം പ്രശസ്തിവൎദ്ധിക്കുകയും ചെയ്യും.

# ഗ്രന്ഥനിരൂപണം.

## പരിണാമം

(ഗ്രന്ഥകർത്താ: കെ. ഭാസ്കരൻനായർ. തിരുവിതാംകൂർ സർവ്വകലാശാല പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം)

ഉത്തമമെന്നു പറയാവുന്ന ഒററ ശാസ്ത്രഗ്രന്ഥംപോലും മലയാളഭാഷയിൽ ഇതുവരെ ഉണ്ടായിട്ടില്ല. സാഹിത്യപരിഷത്തു തുടങ്ങിയ പല സാഹിത്യസമാജങ്ങളും ഈ കുറവിനെ ചൂണ്ടിക്കാണിച്ചു പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്. പക്ഷേ ഈ പ്രമേയങ്ങളൊന്നും പ്രായോഗികമായിത്തീർന്നിട്ടില്ല. തിരുവിതാംകൂർ സർവ്വകലാശാലയുടെ ആവിർഭാവത്തിനുശേഷം ഒരു ജീവൽഭാഷയെ സംബന്ധിച്ചിടത്തോളം അപരിത്യാജ്യമായ ശാസ്ത്രഗ്രന്ഥങ്ങളുടെ കുറവു പരിഹരിക്കപ്പെട്ടുമെന്ന് കേരളീയർ ആകമാനം പ്രത്യാശിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ പ്രതീക്ഷയുടെ മുമ്പിൽ സർവ്വകലാശാലാ അധികൃതർ ചില ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. പ്രസ്തുതഗ്രന്ഥാവലിയിലെ ഒരു ഗ്രന്ഥമാണ് പരിണാമം.

ഇരുപതിനായിരം വർഷങ്ങൾക്കുമുമ്പു് ഭൂമിസൂര്യനിൽനിന്നും വേർപെട്ടു് ഒരു ഗോളമായി ഘനീഭവിയ്ക്കാൻ തുടങ്ങിപോലും. ഈ അതിദീർഘകാലത്തിൽ വ്യാപിച്ചു കിടക്കുന്ന ജീവജാലങ്ങളുടെ പൂർവ്വചരിത്രത്തെ വെളിച്ചപ്പെടുത്തുവാനുള്ള മഹായത്നത്തിന്റെ ഫലമാണ് പരിണാമചരിത്രം. ശാസ്ത്രജ്ഞന്മാർ ഈ മാർഗ്ഗത്തിൽ ചെയ്തിട്ടുള്ള സ്തുത്യർഹമായ ഗവേഷണങ്ങൾ ലോകത്തെതന്നെ അമ്പരപ്പിച്ചിട്ടുണ്ട്. ഈ മഹായജ്ഞത്തിന്റെ ചരിത്രവും, അതിന്റെ പരിണതഫലവും എട്ടദ്ധ്യായങ്ങളിലായി പരിണാമകർത്താവു പ്രതിപാദിക്കുന്നു. അതിദീർഘങ്ങളായ നിരവധി ഗ്രന്ഥങ്ങളുടെ സഹായംകൊണ്ടുമാത്രം നമുക്കു ഗ്രഹിക്കാൻകഴിയുന്ന വിജ്ഞാനം സംക്ഷിപ്തരൂപത്തിൽ പരിണാമം പ്രദാനംചെയ്യുന്നതാണ്.

'പരിണാമ'ത്തിൽ ആദ്യമായി ജീവജാലത്തെ ജാതികളായും വിശേഷങ്ങളായും തരംതിരിക്കുന്നതു് എങ്ങിനെയെന്നു വിവരിക്കുന്നു. ജീവജാലത്തിന്റെ ഭൂതകാലചരിത്രത്തെ പരിശോധിച്ചു് പരിണാമത്തിന്റെ പരമാർത്ഥതയെ തെളിയിക്കുന്നതിനാണ് അടുത്ത ശ്രമം. പിന്നീടു് ജീവികളുടെ ശരീരഘടനയിലും ഭ്രൂണചരിത്രത്തിലും, അവയുടെ വിവരണത്തിലും വൈവിദ്ധ്യത്തിലും പരിണാമത്തിന്നു വേണ്ടത്ര തെളിവുകളുണ്ടെന്നു് ഉദാഹരണസഹിതം സ്ഥാപിക്കുന്നു. പരിണാമത്തിന്റെ ഇന്നുവരെയുള്ള ഗതിയിൽ ഉണ്ടായിട്ടുള്ള പ്രധാന സംഭവങ്ങളേയും അതു സ്വീകരിച്ചിട്ടുള്ള പരിപാടികളേയും അതിന്റെ നേട്ടങ്ങളേയും കുറിച്ചാണ് ഗ്രന്ഥകാരൻ അടുത്തതായി പരിശോധിക്കുന്നതു്. അവസാനമായി പരിണാമത്തിന്റെ പ്രയാണമാർഗ്ഗങ്ങളേയും പ്രവർത്തനരീതികളേയും കുറിച്ചുള്ള ഒരു ലഘുവിവരണത്തോടെ ഗ്രന്ഥം സമാപിക്കുന്നു.

മലയാളഭാഷാഭ്യസനംകൊണ്ടുമാത്രം അദ്ധ്യയനം പൂർത്തിയാക്കിയ മലയാളിക്കു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം പുത്തിരിയാണു്. ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ എളുപ്പത്തിൽ

ഹൃദിസ്ഥമാക്കുവാൻ അങ്ങിനെയുള്ള വായനക്കാരൻ വിഷമിക്കേണ്ടിവരുമെന്നു തോന്നുന്നു. കേവലം ശുഷ്കമായ വിഷയത്തിന്റെ കാഠിന്യമോ പുതുമയോ ആയിരിക്കണം ഈ ബുദ്ധിമുട്ടിനു കാരണം. ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ചിത്രങ്ങളും മി: ഭാസ്കരൻനായരുടെ സരളമായ ഭാഷാരീതിയും ഇക്കാര്യത്തിൽ കുറെയൊക്കെ സഹായമായിത്തീരുന്നുണ്ടെന്നു പറയാം. എങ്കിലും ഗ്രന്ഥകാരൻ അവതാരികയിൽ പറയുന്നതുപോലെ "ജീവജാലത്തിന്റെ പേരിലുള്ള കൌതുകവും ഭാഷാപരിചയവും കുറച്ചൊരു ക്ഷമാശീലവുമല്ലാതെ ശാസ്ത്രത്തെക്കുറിച്ചുള്ള പ്രാഥമികജ്ഞാനംപോലും ഈ പുസ്തകം വായിച്ചുമനസ്സിലാക്കുന്നതിനു് ആവശ്യമില്ലെന്നുള്ള പ്രസ്താവന തികച്ചും വാസ്തവമാണെന്നു പറയാൻ വയ്യ. ആദ്യം കുറെ വശങ്ങൾ പ്രതിപാദനരീതിയുടെ ലാളിത്യംകൊണ്ടു് ലളിതമാണെന്നു സമ്മതിക്കാം. ഉദാഹരണത്തിനു കൊടുത്തിട്ടുള്ള ചിത്രങ്ങളുടെ സഹായംകൊണ്ടു് സാധാരണക്കാരനു കാര്യം ഗ്രഹിക്കാനും കഴിയും. പക്ഷേ ഗ്രന്ഥത്തിന്റെ മൂന്നിലൊരുഭാഗം കഴിഞ്ഞു മുന്നോട്ടുകടന്നാൽ അല്പം കുന്നും പാറയും കണ്ടുമുട്ടുമെന്നും അവയെ തരണം ചെയ്യുന്നതിനു് ക്ഷമാശീലമോ, ജീവജാലത്തിന്റെ പേരിലുള്ള കൌതുകമോ, ഭാഷാപരിചയമോ മാത്രം പോരെന്നും ഒരു സാധാരണ വായനക്കാരനു തോന്നിയേക്കാം. അങ്ങിനെ ഗ്രന്ഥകാരന്റെ പ്രതീക്ഷമുഴുവൻ ഫലിച്ചിട്ടുണ്ടെന്നു പറയാൻ വായനക്കാരൻ സന്നദ്ധനാവുകയില്ല.

ഒരു സർവ്വകലാശാലാപ്രസിദ്ധീകരണമെന്നു ഗണിക്കുമ്പോൾ പരിണാമത്തിന്റെ മറെറാരു ന്യൂനതകൂടി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഏകദേശരൂപത്തിലുള്ള തർജ്ജമയോ, വിവരണമോ കൂടാതെ ഗ്രന്ഥത്തിൽ ഇംഗ്ലീഷിലുള്ള നിരവധി സാങ്കേതിക പദങ്ങൾ പ്രയോഗിച്ചുകാണുന്നുണ്ടു്. (ഉദാ:— ബാക്ടീരിയങ്ങൾ, വൈറസ്സുകൾ, പ്രൊട്ടീൻ, ന്യൂക്ലിയസ്സ്, പ്രോട്ടോപ്ലാസം, ക്ലോറോഫിൽ, സെല്ലു്, കാർബൺഡയോക്സൈഡ്, ഫോസിൽ, ജീൻ തുടങ്ങി നിരവധിയുണ്ടു്.) ഈ വിഷയവുമായി പരിചിതനല്ലാത്ത ഒരു മലയാളിക്കു് ഇവയെല്ലാം ദുർഗ്രഹങ്ങളായിത്തന്നെയിരിക്കും. ആംഗലഭാഷാജ്ഞാനിക്കു് മൂലഗ്രന്ഥങ്ങളെ അഭയംപ്രാപിക്കുകയും ചെയ്യാമല്ലൊ. സാങ്കേതിക ശബ്ദകോശങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സർവ്വകലാശാലാധികൃതർക്കെങ്കിലും ഈ പദങ്ങളുടെ തർജ്ജിമകൂടി അതതുസന്ദർഭത്തിൽ ചേർക്കാമായിരുന്നു. ചില പദങ്ങൾക്കു് ചില വശങ്ങളിൽ മലയാളപദം ഉപയോഗിച്ചിട്ടു് അടുത്തപടിയിൽ വീണ്ടും ഇംഗ്ലീഷ്പദത്തിലേക്കു തിരിച്ചുപോകുന്നതിന്റെ ഔചിത്യവും ഗ്രഹിക്കാൻ കഴിയുന്നില്ല.

ഒരു സർവ്വകലാശാലാപ്രസിദ്ധീകരണമെന്നോ, ഭാഷയിൽ വിരളമായിട്ടുള്ള ശാസ്ത്രവിജ്ഞാനത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥമെന്നോ കരുതി വീക്ഷിക്കുമ്പോൾ ഈ പുസ്തകത്തിന്റെ കെട്ടുംമട്ടും ഒട്ടും നന്നായിട്ടില്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു. സെക്കണ്ടറിസ്കൂളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും ബയൻറും പരിണാമത്തിനു് ഒട്ടും അനുയോജ്യമല്ല. ഈ ഗ്രന്ഥം അല്പം ആകർഷകമായ രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ വില അല്പം വർദ്ധിപ്പിച്ചാലും തരക്കേടില്ലായിരുന്നു.

ഞാററുവീട്ടിൽ,

അപ്പുക്കുട്ടമേനോൻ.

# വിചാരവിപ്ലവം.

(ഗ്രന്ഥകർത്താ: കുറ്റിപ്പുഴ കൃഷ്ണപിള്ള .മംഗളോദയം ലിമിററഡ്, വില ക്ക. ൧. ൮ണ.)

"പൊലിഞ്ഞുപോയ സംസ്കാരത്തിന്റെ ശ്മശാനഭൂമികളായി എത്രകാലം നാമിങ്ങനെ ജീവിയ്ക്കുമെന്ന് ആരറിഞ്ഞു! ഈ തമോവലയത്തിൽനിന്ന് എന്നാണ് നമ്മുടെ മോചനം ലഭിയ്ക്കുന്നതു്?" ശ്രീ.കെ. ഭാസ്കരൻനായർ. അഹോ,ആരറിഞ്ഞു! കേരളസംസ്കാരത്തിന്റെ അന്തഃചൈതന്യം അണഞ്ഞുപോയിട്ട് നാളുകൾ വളരെയായെന്നുള്ള കഥതന്നെ എത്രപേർ അറിയുന്നു? ജനതയെ ഒന്നോടെ ആശ്ലേഷിക്കുന്ന ഒരു നവീനസംസ്കാരം ഇനിസ്വന്തമായി സൃഷ്ടിയ്ക്കേണ്ടകാലം അതിക്രമിയ്ക്കുന്നുവെന്നുള്ളതു് പരമാർത്ഥംതന്നെഎന്ന് എത്രപേർ അറിയുന്നു? 'വിദ്യാഭ്യാസ'ത്തിലും, 'സംസ്കാര'ത്തിലുംനാം ബ്രി:ഇൻഡ്യയുടെ മുമ്പിൽ നില്ക്കയാണല്ലോ. എങ്കിലും,ഭാരതത്തിനെ ഇനിയും വിട്ടുമാറിയിട്ടില്ലാത്ത നിശ്ചലാത്മകതയുടെ ദുർന്നീർ, തെക്കേഅററത്തോട്ട് വാർന്നൊഴുകി, അവിടെ ഒരു മന്തുകാൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് തോന്നിപ്പോവുന്നു. ജനസാമാന്യത്തിന്റെ ചിന്താമണ്ഡലത്തിൽ അത്രകണ്ട് ആലസ്യവും നിർജ്ജീവതാഭാവവുമാണ് ദൃശ്യമാകുന്നതു്. ഇനിയും, അവിടെ വേണ്ടത്രയുള്ളക്കം തട്ടിയിട്ടില്ല. അതിനു കാരണവുമുണ്ടായിരിയ്ക്കാം. സ്ഥാപിത താല്പര്യങ്ങളുടെ കിങ്കരന്മാർ, സമുദായശരീരത്തിന്റെ എല്ലാ ഞരമ്പുകളും പിടിച്ചടക്കി, ഇത്ര പരിപൂർണ്ണമായവിധത്തിൽ അവയിൽ ക്കൂടി കരപ്പു് ഇതുപോലെ മററങ്ങും കടത്തിവിട്ടിട്ടില്ലെന്നു തോന്നുന്നു. ഈഅവസ്ഥ നിശ്ശേഷം നശിയ്ക്കാതെ, ജനതയുടെ വിചാരമണ്ഡലത്തിൽ വിപ്ലവങ്ങൾ ഉണ്ടാകാതെ കാലത്തിനൊപ്പം നമുക്ക് മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. മന്തുകാലുമിഴച്ചുകൊണ്ട് എത്രദൂരമാണ് മുന്നോട്ടുപോകാൻ കഴിയുക? ഈ പരമാർത്ഥം നല്ലവണ്ണം മനസ്സിലാക്കി, ഇതാ, ശ്രീ: കുററിപ്പുഴ കൃഷ്ണപിള്ള അവർകൾ, സ്ഥാപിതതാല്പര്യങ്ങളുടെ ആയുധശാലയിലേക്ക് പിഴയ്ക്കാത്ത ഒരുബോംബ് എറിഞ്ഞിരിയ്ക്കുന്നു!

'യുക്തിവാദം,'—'മനംമയക്കുന്ന ആശബ്ദജാലം'—പുരോഹിതൻ, പോലീസ്, പട്ടാളം—സ്ത്രീകളുടെ പാരതന്ത്ര്യം—എന്നിങ്ങനെ "മതം, സമുദായം, രാഷ്ട്രം എന്നീ രംഗങ്ങളിൽ വേരൂന്നിയിട്ടുള്ള അനീതിയേയും, അന്ധതയേയും വെല്ലുവിളിയ്ക്കുന്ന ജീവൽപ്രശ്ന വിമർശങ്ങൾ," അടങ്ങിയിട്ടുള്ള ഹ്രസ്വ ഉപന്യാസങ്ങൾ;—കപിലൻ, ടോൾസ്റ്റി, മുതലായി ചിലരുടെ ലഘുജീവചരിത്രങ്ങൾ; ഇത്രയുമാണ് ഈ വിപ്ലവക്കുടുക്കയിലെ ഉള്ളടക്കം. ശ്രീ: കുററിപ്പുഴയുടെ സുശക്തമായ ചിന്താഗതിയും, ഫൽഗുനശസ്ത്രങ്ങൾപോലെ ജ്വലിച്ചുകയറുന്ന യുക്തിവാദവും, അറിയണമെന്നുള്ളവർ 'വിചാരവിപ്ലവത്തി'ന്റെ ഏതെങ്കിലുമേരേട് മറിച്ചു നോക്കിയാൽ മതി. അവിടെ, ഒരു ചിന്തകന്റെതലയും ഒരു സാഹിത്യകാരന്റെ തൂലികയും, അടിയറച്ച ഒരു വിപ്ലവകാരിയുടെ ഉദ്ഗ്ലരശക്തമായ ഹൃദയവുംകൂടി സമഞ്ജസമായി സമ്മേളിച്ചു പ്രവൃത്തി എടുത്തിരിയ്ക്കുന്നതായി നമുക്ക് അനുഭവപ്പെടും. സൂക്ഷ്മമായി കാണുവാനും സ്ഫുടമായി ചിന്തിയ്ക്കാനും ശക്തിവായ്പോടെ പറയുവാനും, അനായാസേനലക്ഷ്യത്തിലെത്തുവാനും അദ്ദേഹത്തിന് പ്രത്യേകമായഒരു കഴിവുണ്ട്. ശ്രീ: കുററിപ്പുഴയെപ്പോലെ നിർഭയരായ കുറേ ചിന്തകന്മാരെക്കൂടി നമുക്ക് വേണ്ടിയിരിയ്ക്കുന്നു.

സ്വതന്ത്രനായിരിയ്ക്കുക; എപ്പോഴും സ്വതന്ത്രനായിരിയ്ക്കുക—കുററിപ്പുഴയുടെ വ്യ

കതിത്വത്തിന്റെ ഒരു പ്രത്യേകതയാണിത്. അദ്ദേഹത്തിന്റെ ചിന്താരശ്മികൾ ആലക്തിക വീചികൾപോലെയാണ്. യാതൊന്നിന്റേയും മറ അവയെതടയുകയില്ല. 'മാനസികമായ അടിമത്വം' എന്ന ഉപന്യാസത്തിലെ ഒരു വാചകംനോക്കുക:— "കുറേക്കൂടികഴിയുമ്പോൾ ഇന്ത്യയ്ക്ക് രണ്ടുപ്രകാരത്തിലുള്ള മോചനം നേടേണ്ടിവരുമെന്നു തോന്നുന്നു, ഒന്ന് ബ്രി: ഭരണത്തിൽനിന്നു, രണ്ട് മഹാത്മാവിന്റെ മഹത്വ ഭരണത്തിൽനിന്ന്" വികാരത്തിന്റെ ശീലംകൊണ്ട് നാം ഭദ്രമായി പൊതിഞ്ഞുവച്ചിട്ടുള്ള ഒരു സ്ഥലത്താണ് കുററിപ്പുഴ അലക്ഷ്യമായി കൈവയ്ക്കുന്നത്. ക്ഷണത്തിൽ നാം ക്ഷുഭിതരായിപ്പോവാൻ മതി. പക്ഷേ, അല്പമൊന്ന് ആലോചിച്ചു നോക്കുന്നവർക്ക്, അദ്ദേഹത്തിന്റെ പ്രസ്താവം അറുപതുശതമാനവും ശരിയാണെന്ന് ബോദ്ധ്യപ്പെടാതിരിയ്ക്കയില്ല.

ഗ്രന്ഥകാരന്റെ വ്യക്തിത്വം ശാഖോപശാഖകൾ ബഹുദൂരംവീശി അങ്ങിനെ ഉയർന്നു പോവുന്നുണ്ട്. അതിന്റെ ചില്ലികൾ ചിലപ്പോൾ നമ്മുടെ മുഖത്ത് തട്ടാതിരിയ്ക്കുന്നുമില്ല. "നാസിസം, ഫാസിസം, കമ്മ്യൂണിസം, ഈ പ്രസ്ഥാനങ്ങൾ ആളെ പിടിയ്ക്കുവാനുള്ള വലകളല്ലേ നാലുപാടും വീശിയിരിക്കുന്നത്? അടിമക്കുപ്പായം ധരിച്ച് ഒരോ വലയിലും ചെന്നു ചാടുന്നവർ അസംഖ്യമത്രേ... ചുരുക്കത്തിൽ ഒരു പാർട്ടിയിലുംപെടാതെ സ്വതന്ത്രമായി ചിന്തിയ്ക്കുന്നവർക്ക് ഒരു സ്ഥാനവുമില്ലാത്ത മട്ടായിട്ടുണ്ട്. "രാഷ്ട്രീയമായ രാജപാതകൾ യാതൊന്നും അവലംബിയ്ക്കാതെ, അംഗീകരിയ്ക്കാതെ, 'അനാർക്കിസ'ത്തിന്റെ ലങ്കയിലേക്ക് കുതിച്ചു ചാടുന്ന ഒരു അരാജകവാദിയെ ഈ വരികളിൽ കൂടെ കാണുവാൻ വിഷമമില്ല. വർത്തമാനത്തിന്റെ നനഞ്ഞ മണ്ണിൽ കാൽവയ്ക്കാൻ കൂട്ടാക്കാത്ത സ്വപ്നലോക ദർശികളായ തത്വജീവികളല്ലാതെ, ഉത്തരവാദബോധമുള്ള ചിന്തകന്മാർ ഇത്ര ഉച്ഛൃംഖലരാവണമോ? സകല നിയമങ്ങളോടും വാളുമോങ്ങി നില്ക്കുന്ന ഇബ്സനെപ്പറ്റി അപ്ടൺസിംക്ലയർ പറഞ്ഞ അഭിപ്രായം ഇവിടെ സ്മരണീയമാണ്. നിരൂപകന്മാർക്ക് യാഥാർത്ഥ്യങ്ങളെ വ്യാഖ്യാനിച്ചാൽമതി; അവർക്ക് നിയമങ്ങളെ അനാദരിയ്ക്കാം. പക്ഷേ യാഥാർത്ഥ്യങ്ങളെ രൂപാന്തരപ്പെടുത്തേണ്ടിയിരിയ്ക്കുന്ന ജനതയ്ക്ക്. അതിന് നിർബന്ധിതനിയമങ്ങളും ദണ്ഡനീതികളും കുറെയൊക്കെ കൂടാതെ കഴികയില്ല. ഒരു കന്മതിൽ കെട്ടുമ്പോൾ എല്ലാക്കല്ലുകളുടേയും 'വ്യക്തിത്വം' വകവെച്ചുകൊടുക്കാനൊക്കുകയില്ല. സംഘടനയുടെബലത്തിനു വേണ്ടി അവിടവിടെ കുറെയൊക്കെ അടത്തിക്കളഞ്ഞേ പററുകയുള്ളൂ. യാതൊരു പാർട്ടിയിലുംഉൾപ്പെടാത്തവർ ചിന്തയുടെ ഗോപുരം എത്രമേൽ ഉയർത്തിയാലും,അനാദരിയ്ക്കപ്പെട്ടു പോകുന്നുവെങ്കിൽ, അതിൽ ഞാൻ പരിതപിയ്ക്കുകയില്ല. ചുമട്ടുചുമന്നുവരുന്നവന് ഗോപുരങ്ങളല്ല ചുമട്ടുതാങ്ങികളാണ് അധികം ആവശ്യമായിട്ടുള്ളത്... അതുപോകട്ടെ. ഇങ്ങിനെ അഭിപ്രായാന്തരങ്ങൾക്കിടകൊടുക്കുന്ന പ്രസ്താവങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒരു കുറ്റമായി ഞാൻ ഒരിക്കലും കരുതുകയില്ല. അഭിപ്രായാന്തരങ്ങൾക്കിടംകൊടുക്കാത്ത ചിന്തകർ, ഉണ്ടാവുകതന്നെ സാദ്ധ്യമല്ലല്ലോ?

ആകെക്കൂടി വിപ്ലവചിന്തയുടെ കത്തുന്ന പന്തവുമായി നമ്മുടെ നിദ്രാഭഞ്ജനത്തിനിറങ്ങിയിരിയ്ക്കുന്ന ഒരു ഉപദ്രവകാരിയാണ് ശ്രീ: കുററിപ്പുഴയെന്ന് പറയാം. കപിലന്റേയും, ചാർവ്വാകന്റേയും വംശപ

ബയായിൽ പെട്ട ഈ മനുഷ്യന്റെ തൂലിക ഇനിമേൽ സ്വപ്നത്തിൽപോലും വിശ്രമം കാണാതെ പണിയെടുക്കട്ടെ!

സരോജകുമാർ

---

## വാർദ്ധക്യത്തിലും യൌവനം

---

(ഗ്രന്ഥകർത്താ:—മാത്യു എം. കുഴിവേലി ബി.എ. എൽ. ടി. സ്കൂൾമാസ്റ്റർ പബ്ളിഷിങ്ങ്ഹൌസ്, തൈക്കാട്, തിരുവനന്തപുരം; വില രു. 1.)

ചെറുകഥകളും, നാടകങ്ങളും, ഗീതകങ്ങളും സാഹിത്യക്കമ്പോളത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന ഇക്കാലത്തു് ഒരു പുരാതന യവനചിന്തകന്റെ കൃതി മലയാളത്തിലേക്കു് പരിഭാഷപ്പെടുത്തുവാൻ മുതിർന്ന മി. മാത്യു. കുഴിവേലി, സാമ്പത്തികദൃഷ്ട്യാ അത്ര സുഗമപ്രദിഷ്ടമായ ഒരു പഥത്തിലാണോ വ്യാപരിക്കുന്നതെന്നു് സംശയിക്കണം. എങ്കിലും സാഹിത്യപരമായി അദ്ദേഹം മലയാളഭാഷയ്ക്കു് വിലയേറിയ ഒരു സേവനമാണു് അനുഷ്ഠിച്ചിട്ടുള്ളതെന്നു പറയുവാൻ മടിക്കേണ്ട ആവശ്യമില്ല. കവിതകളും, ചെറുകഥകളും, നാടകങ്ങളും കൊണ്ടു് മലയാളഭാഷ സ്വയം പര്യാപ്തമായെന്നു വിശ്വസിക്കുന്നവർ ധാരാളമുണ്ടെങ്കിലും, ആ വിശ്വാസം അത്രഭദ്രമായ അടിസ്ഥാനത്തിൽ പ്രതിഷ്ഠിതമാണെന്നു തോന്നുന്നില്ല. ഭാഷയുടെ സർവ്വതോമുഖമായ ഉൽക്കർഷത്തിൽ ശ്രദ്ധയുള്ളവർ, ഇന്നത്തെ ഉപരിപ്ലവമായ പുരോഗമനംകൊണ്ടുമാത്രം തൃപ്തിപ്പെടാവാൻ കഴിയാതെ, ഇനിയും സ്വീകരിക്കേണ്ടിയിരിക്കുന്ന വിവിധപരിശ്രമമാർഗ്ഗങ്ങളെപ്പറ്റി ഉൽകണ്ഠിതരായാണു കഴിയുന്നതു്. വികാരജന്മമായ സാഹിത്യമാണെങ്കിൽ അതു നമുക്കു് വേണ്ടുവോളം ഉണ്ടാകുന്നുണ്ടു്; വാസ്തവത്തിൽ നാം അതുകൊണ്ടു് കുറെയൊക്കെ മുഷിഞ്ഞുതുടങ്ങിയിട്ടുണ്ടു്.

എന്നാൽ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതും, ബുദ്ധിശക്തിക്കു് ഉണർവുനൽകുന്നതുമായ സാഹിത്യശാഖയിൽ നമ്മുടെ ദാരിദ്ര്യം നാൾക്കുനാൾ വർദ്ധിക്കുകയാണു്. ഇതിൽ ആരെയും കുറ്റപ്പെടുത്തുന്നതുകൊണ്ടു് ഫലമില്ല. എന്തുകൊണ്ടെന്നാൽ ബുദ്ധിശക്തിയുടെ വ്യാപാരവും, ചിന്താവ്യഗ്രതയും, വികാരാവേശംപോലെ അത്ര സർവ്വസാധാരണങ്ങളല്ല; ക്ഷിപ്രസാദ്ധ്യങ്ങളുമല്ല. അവ ഉൾക്കൊള്ളുന്ന സാഹിത്യകൃതികൾ ഏതു ഭാഷയിലും വിരളമായിരിക്കാനെ ഇടയുള്ളു. എങ്കിലും നൂതനപ്രസ്ഥാനങ്ങൾ കൊണ്ടു്, സാഹിത്യത്തിന്റെ ക്ഷീണവശങ്ങൾക്കു് ഉജ്ജീവനവും പോഷണവും നൽകാൻ പ്രകടമായ പരിശ്രമങ്ങൾ നടക്കുന്ന ഇക്കാലത്തു്, കേവലം ഭാവനയിലും വികാരത്തിലും മുഴകാതെ ചിന്താപരവും യുക്തിസമ്പന്നവുമായ സാഹിത്യശാഖയെക്കൂടി പോഷിപ്പിക്കുവാൻ യത്നിക്കേണ്ടതു്, അതിലേക്കു് കഴിവുള്ള ഭാഷാഭിമാനികളുടെ കടമയാകുന്നു. സ്വായത്തങ്ങളോ സ്വകല്പിതങ്ങളോ ആയ സാഹിത്യഫലങ്ങൾ പ്രദാനം ചെയ്യുവാൻ സാധ്യതയില്ലാത്തവർ, വിശ്വസാഹിത്യത്തിലെ പ്രാമാണികരായ ചിന്തകന്മാരുടെ കൃതികളിൽ നിന്നും മലയാളഭാഷയ്ക്കു് സമുചിതമായ സമ്പത്തുകൾ സമാർജ്ജിച്ചുകൊടുക്കുവാൻ യത്നിക്കുന്നതു് ശോഭനമായിരിക്കും. പുരാതനരും ആധുനികരുമായ എത്രയോ മികച്ച ചിന്തകരാണു്, വിശ്വസാഹിത്യമണ്ഡലത്തിൽ, മലയാളഭാഷയ്ക്കു് ഇന്നും അപരിചിതരായി നിൽക്കുന്നതു്! അരിസ്റ്റോട്ടിൽ പ്ലേറ്റോ. സിസറോ മുതലായ യവനചിന്തകന്മാർ, ആധുനികകാലത്തേക്കുവന്നാൽ കാർഡിനൽ ന്യൂമാൻ, ജാൺസ്റ്റുവാർട്ട്മിൽ എമേഴ്സൻ ആൽഡസ് ഹക്സിലി,—എന്നിങ്ങനെ ഒരു വലിയപരമ്പര നമുക്കു് അപ്രാപ്യരെന്നപോലെ അകന്നുനില്ക്കുന്നു. കമ്പോളത്തിൽ ഈ വിഭാഗക്കാരെപ്പററിയ

ള്ള മതിപ്പ് എത്ര തുച്ഛമാണെങ്കിലും പ്രതിഭാലോകത്ത്, അവർ എന്നും സമാദരണീയരും, അവരുടെ ഗ്രന്ഥങ്ങൾ അമൂല്യങ്ങളുമായി പരിഗണിക്കപ്പെടുമെന്നുള്ളതു തീർച്ചതന്നെ.

മി. മാത്യു കുഴിവേലി, സിസറോയുടെ വാർദ്ധക്യചിന്തകൾ മലയാളത്തിലാക്കിയതു് മേൽപറഞ്ഞ സാഹിത്യപരിപോഷണപ്രസ്ഥാനത്തിൽ അനുകരണീയമായ ഒരു മാതൃകയാണെന്നുള്ളതിനു സംശയമില്ല. യവനചിന്തകന്മാരുടെ ആശയങ്ങൾ പ്രചരിക്കാത്ത യൂറോപ്യൻ സാഹിത്യങ്ങൾ ഒന്നുംതന്നെയില്ല. ഇംഗ്ലീഷിൽ അവയുടെ അധിപ്രസരം അസാമാന്യവുമാണ്. ഇംഗ്ലീഷിലെ നൂതനപ്രസ്ഥാനങ്ങളിൽ ഭ്രമിച്ചുവശായിരിക്കുന്ന നാം, ആ വിശ്വഭാഷയുടെ സുദൃഢമായ അടിസ്ഥാനത്തിന്റെ ഏതാണ്ടൊരു രൂപമെങ്കിലും നമ്മുടെ ഭാഷയ്ക്കും ഉണ്ടായിരിക്കണമെന്ന് അഭിലഷിക്കാത്തതു് നിർഭാഗ്യകരമായിരിക്കുന്നു. പുരോഗമനത്തിന്റെ കുഴൽവിളിശബ്ദായമാനമായി മുഴങ്ങുന്ന ഇക്കാലത്ത്, ഇതൊരു പശ്ചാൽഗമനമാണെന്ന് ആക്ഷേപമുണ്ടാകുമെന്നുള്ളതു തീർച്ചതന്നെ. ആയിക്കൊള്ളട്ടെ; എന്നാലും അപ്രകാരമുള്ള ഒരു പശ്ചാൽഗമനം അത്യാവശ്യവും അനുപേക്ഷണീയവുമാണ്. വിശ്വസാഹിത്യത്തിന്റെ വിശാലത ഏറെക്കുറെയെങ്കിലും മലയാളഭാഷയ്ക്കും കൈവരണമെങ്കിൽ, അതിന്റെ നാനാവശങ്ങളിൽ നിന്നും സാരാംശങ്ങൾ നുകരുവാൻ യത്നിക്കുകതന്നെവേണം. ഏററവും വിപ്ലവകാരികളായ റഷ്യൻ സാഹിത്യകാരന്മാർപോലും, പുരാതന വിശ്വസംസ്കാരത്തിന്റെ സത്തും സാരവുംകൊണ്ടു പടുത്തിട്ടുള്ള അടിത്തറയിൽ മാത്രമേ ആധുനിക പുരോഗമനസാഹിത്യം പുലരുകയുള്ളുവെന്ന് സമ്മതിച്ചിട്ടുണ്ടു്. അവരാരും നമ്മുടെ പുരോഗമന പുതുമോടിക്കാരെപ്പോലെ അത്ര കർക്കശന്മാരാണെന്നു തോന്നുന്നില്ല.

പ്രതിപാദ്യവിഷയത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോഴും ഈ ഗ്രന്ഥത്തിന് ഒരു കുറവ് ചിലർ ആരോപിച്ചേക്കാം. അതായതു് ആധുനികമായ ഒരു ജീവൽപ്രശ്നമല്ല ഇതിലെ പ്രതിപാദ്യം. എങ്കിലും ഒരു കാര്യം ആലോചനാർഹമായി തോന്നുന്നു. വാർദ്ധക്യം മനുഷ്യരാശിയോളംതന്നെ പഴക്കമുള്ള ഒരു പ്രശ്നമാണെങ്കിലും അതു് ഇന്നും ഒരു ജീവൽപ്രശ്നമല്ലെന്ന് എങ്ങിനെ പറയാം? ആർക്കെങ്കിലും അതൊരു ജീവൽപ്രശ്നമല്ലാതിരിക്കണമെങ്കിൽ ആയാൾ യൌവനകാലത്തുതന്നെ മരിക്കാൻ തയ്യാറായിരിക്കണം. അതല്ലെങ്കിൽ, ഭാവിയിൽ അവശ്യം അഭിമുഖീകരിക്കേണ്ട ഒരു പ്രശ്നത്തെ നേരിട്ടു നോക്കുന്നതിനു പകരം അതു് കണ്ടില്ലെന്നു നടിക്കുന്ന ഒരു മനോഭാവം (ഇന്നു് യാതൊരു പുരോഗമനവാദിക്കും അഭിമാനകരമായിരിക്കുകയില്ല) ഉണ്ടെന്നു സമ്മതിക്കേണ്ടിവരും. അഥവാ വാർദ്ധക്യത്തിലും ഒരുവന്റെ മനോഭാവം യുവാവിന്റേതായിരുന്നാൽ വാർദ്ധക്യം ബാധിക്കുകയില്ലെന്നുള്ള ഉൽബുദ്ധമനോഭാവമാണ് അയാൾക്കുള്ളതെങ്കിൽ സിസറോയുടെ അഭിപ്രായവും അതല്ലാതെ മറെറാന്നുമല്ല. വാർദ്ധക്യത്തിലും യുവാവായി മനനം ചെയ്യുവാൻ സാധിക്കുന്നൊരാൾക്ക് വാർദ്ധക്യപീഡ അനുഭവിക്കേണ്ടി വരികയില്ലെന്നും, അങ്ങിനെ വാർദ്ധക്യമാകുന്ന ജീവൽപ്രശ്നത്തെ പൌരുഷത്തോടുകൂടി അഭിമുഖീകരിക്കുമെന്നാണ് സിസറോയുടെ അഭിപ്രായം. ഇങ്ങിനെ പുരോഗമനക്കാരിലും പുരോഗമിയായിട്ടാണ് ആ പഴയമനുഷ്യന്റെ നില.

അത്രമാത്രമല്ല; വളരെ അഭിലഷണീയമായ ഒരന്തരംകൂടി അദ്ദേഹത്തിന്റെ മനോഭാവത്തിൽ കാണുന്നുണ്ടു്. മനുഷ്യന്റെ കഷ്ടതകൾക്ക് സിസറൊ സമുദായത്തെ ശപിക്കുന്നില്ല. വ്യക്തികൾ നന്നായിക്കൊണ്ടാൽ സമുദായം പൊതുവേ നന്നായിക്കൊള്ളുമെന്നുള്ള അഭിപ്രായമാണ് അദ്ദേഹത്തിനുള്ളതു്. വാർദ്ധക്യപീഡ

യെസംബന്ധിച്ചിടത്തോളമെങ്കിലും സിസറൊ ഈ തത്വത്തിൽ ഉറച്ചു വിശ്വാസിയാണു്. വാൎദ്ധക്യത്തിനു പരിഹാരമായി, വൃദ്ധാലയങ്ങളോ, അശരണമന്ദിരങ്ങളോ സ്ഥാപിക്കുന്നതുകൊണ്ടു് അതിന്റെ ശാപം ശമിക്കുമെന്നു് അദ്ദേഹം ഒരിടത്തും പറയുന്നില്ല. നേരേമറിച്ചു് യൗവനത്തിൽ വിവേകത്തോടെ ജീവിക്കുകയും വാൎദ്ധക്യത്തിൽ യുവജനോചിതമായ ചിത്തവൃത്തികൾ പാലിക്കുകയും ചെയ്താൽ, വാൎദ്ധക്യം തന്നെ അനുഭവിക്കേണ്ട ആവശ്യം വരികയില്ലെന്നുള്ള ചിന്താപഥത്തെ അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. മനുഷ്യന്റെ സ്വയംകൃതാനൎത്ഥങ്ങൾക്കെല്ലാം സമുദായത്തിന്റെ നേരെ അരിശംകൊള്ളുന്നവൎക്കു് ഈ വാദം അരോചകമായിരിക്കുമെങ്കിലും അതിന്റെ യുക്തിയുക്തത നിഷേധിക്കത്തക്കതല്ല.

തത്വചിന്താപരമായ ശുഷ്കത ലേശവും തോന്നാത്തവിധം സംവാദരൂപത്തിലുള്ള ഈ ഗ്രന്ഥത്തിലെ പ്രതിപാദനരീതിയുടെ ഹൃദ്യത മി: കുഴിവേലിയുടെ സരളമായ ഭാഷാശൈലിയിൽ കൂടുതൽ ആസ്വാദ്യമായി തോന്നുന്നു. പുരാതന ഗ്രീക്കുസാഹിത്യത്തിലും അതിലെ നായകന്മാരിലും മി: കുഴിവേലിക്കുള്ള താല്പൎയ്യത്തിന്റെ ഉത്തമലക്ഷ്യമായി ഈ ഗ്രന്ഥത്തെ പരിഗണിക്കാവുന്നതാണു്. ഈ പ്രസ്ഥാനത്തിൽ കൂടുതൽ ഗ്രന്ഥരചനയ്ക്കു് മി: കുഴിവേലി ഉദ്യുക്തനാകുന്നതു് അഭിലഷണീയമായിരിക്കുമെന്നു് അഭിപ്രായപ്പെടത്തക്കവിധം ഈ യത്നം വിജയകരമായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഗ്രന്ഥകാരനു് സൎവ്വമംഗളവും ആശംസിക്കുന്നു.

പി. കെ. പരമേശ്വരൻനായർ.

---

## പ്രത്യാഖ്യാനത്തിനു മറുപടി.

1121 ചിങ്ങം ലക്കം സുപ്രഭാതത്തിൽ ഞാൻ എഴുതിയിരുന്ന 'ആശാന്റെ കാവ്യരചന' എന്ന വിഷയത്തെ അധികരിച്ചു് തുലാം ൪-ാംനു-യിലെ ദക്ഷിണഭാരതിയിൽ മി: എസ്സ്. പി. (ഇരണിയിൽ) എഴുതിയിരുന്ന 'ആശാനും വീണപൂവും' എന്ന കുറിപ്പു് ഞാൻ കണ്ടു. പ്രതിപാദ്യ വിഷയമായ 'വീണപൂവു്' എന്ന കാവ്യസൃഷ്ടിയുടെ പശ്ചാത്തലത്തെ സംബന്ധിച്ചിടത്തോളം കവിക്കു പ്രചോദനം നൽകിയതായി പറയുന്ന കാരണങ്ങൾ തനിക്കു അത്ര ബോദ്ധ്യം വരുന്നില്ലെന്നും അതിനാൽ പ്രസ്തുത സംഗതിയിൽ ആശാൻ സ്വഹസ്തലിഖിതമായ രേഖകൾ ചമച്ചിട്ടുള്ള പക്ഷം അതു പ്രത്യക്ഷപ്പെടുന്നതുവരെ ഇതു് ജീവിതകഥനമാണെന്നും ബംഗാളിഭാഷയിലെ രീതി അനുസരിച്ചു് എഴുതിയ ഒരു ഖണ്ഡകാവ്യമാണെന്നുംമാത്രമേ താൻ വിശ്വസിക്കയുള്ളു എന്നുമാണു് മി: എസ്സ് പി സ്ഥാപിക്കാൻ ശ്രമിക്കുന്നതു്.

മി: എസ്സ്. പി-യുടെ ഈ അഭിപ്രായത്തിനു യാതൊരു വിലയുമില്ലെന്നും അതു് വെറും തറയായ അടിസ്ഥാനത്തിന്മേലുള്ള ഊഹമാണെന്നും സ്ഥാപിക്കുന്നതിനാണു് ഞാൻ ഈ മറുപടികൊണ്ടു് ഉദ്ദേശിക്കുന്നതു്.

ഒന്നാമതായി ഈ സംഗതിയിൽ മററാരുടെയും അഭിപ്രായത്തേക്കാൾ കവിയുടെ അഭിപ്രായത്തിനായിരിക്കണം പ്രാമാണ്യം കല്പിക്കേണ്ടതു്. അദ്ദേഹം പറയുന്നു "വീണപൂവു്" ഒരു ജീവിത നിരൂപണമാണു്. അതു തൃപ്പാദങ്ങളെപററി എഴുതിയതാണു്. ഒരിക്കൽ ഞങ്ങൾ ഒരുമിച്ചു് വടക്കോട്ടു പോയിരുന്നു. തൃപ്പാദങ്ങൾ ചിലരുമായി എറണാകുളത്തു താമസിച്ചു. ഞാൻ കാശ്ശുവരാൻ പാലക്കാട്ടുവരെ പോയി. എറണാകുളത്തുവച്ചു് തൃപ്പാദങ്ങളെ കഠിനമായി വിഷൂചിക ബാധിച്ചു. ജീവിതം പോലും സംശയം എന്ന നിലവരെ ആയി. കൂടെ ഉണ്ടായിരുന്നവർ വിവരം എന്നെ അറിയിച്ചു. ഞാൻ അതിവേഗം എറണാകുളത്തെത്തി തൃപ്പാദങ്ങളെ ദർശിച്ചു. അപ്പോ

ഴത്തെ കിടപ്പെന്നെ വികാരാധീനനാക്കി. ഇതാണു് കവിതാവിഷയം."

കവിരേഖപ്പെടുത്തിയിരുന്ന സ്വാഭിപ്രായം അപ്പടി അദ്ദേഹത്തിന്റെ സ്വന്തം ഭാഷയിൽ തന്നെ ഉദ്ധരണി ചിഹ്നങ്ങളോടുകൂടി എടുത്തു ചേർക്കുക മാത്രമെ ഞാൻ ചെയ്തിട്ടുള്ളു.

മി: എസ്സ്. പി. ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങൾ രണ്ടാണു്. 1. വീണപൂവ് ഒരുജീവിതകഥനമാണു്. 2. ബംഗാളി ഭാഷയിലെ രീതി അനുസരിച്ചു എഴുതിയിട്ടുള്ള ഒരു ഖണ്ഡകാവ്യമാണു്.

പ്രസ്തുത കാവ്യത്തെ സംബന്ധിച്ചിടത്തോളം ഈ വാദം എത്രമാത്രം ശരിയാണെന്നു് പരിചിന്തനം ചെയ്യാം. "ഒരു മനോഹര വ്യക്തിയുടെ അധഃപതനത്തിൽ അകമലിഞ്ഞ കവി ഹൃദയത്തിലെ രോദനമാണിതെന്നും -അതല്ല അതി മനോഹരിയായ ഒരു സുന്ദരിയുടെ അകാല വിയോഗത്തിൽ ഹൃദയം നൊന്തു് കവി രചിച്ചിട്ടുള്ള ഒരു കൃതിയാണെന്നും" മി: എസ്സ്. പി. സമർത്ഥിക്കുന്നു. ഈ വാദം ശരിയല്ല. വീണപൂവ് ഒരുജീവിതകഥനമല്ല. മശഷ്യജീവിതത്തെ സംബന്ധിച്ച് വ്യംഗ്യധ്വനി ഉണ്ടെന്നല്ലാതെ വാച്യമായ യാതൊരു ജീവിതകഥയും വീണ പൂവിൽ പ്രതിപാദിച്ചിട്ടില്ല. നേരേ മറിച്ചു് കവി തന്നെ നമ്മെ അനുസ്മരിപ്പിക്കുന്നതു പോലെ, ഇതൊരു ജീവിത വിമർശനമാണെന്നു് പറഞ്ഞാൽ അതിൽ അർത്ഥമുണ്ടു്. എന്തെന്നാൽ ഇവിടെ യാതൊരു വ്യക്തിയുടേയും ജീവിതരീതി അപ്പടി പകർത്തുന്നില്ല. സ്വാമി തൃപ്പാദങ്ങളുടെ തന്നെയും ജീവിത വൃത്താന്തം ശരിക്കു ഇതിൽ പ്രതിഫലിക്കുന്നില്ല. "തൃപ്പാദങ്ങളുടെ അപ്പോഴത്തെ കിടപ്പു് എന്നെ വികാരാധീനനാക്കി. ഇതാണു് കാവ്യ വിഷയം." എന്നാണു് കവി പറയുന്നതു്. ആദികവിയുടെ മഹാകാവ്യ രചനയിൽ ഇണ ചേർന്നിരുന്ന ഒരു ക്രൗഞ്ചപക്ഷിയുടെ ദാരുണമായ വധം എത്രമാത്രം പ്രേരകമായിരുന്നുവോ അതുപോലെ തൃപ്പാദങ്ങളുടെ ദയനീയമായ ആ കിടപ്പു് കവിയെ വികാരാധീനനാക്കുകയും തദ്വാരാ കവിഹൃദയംതട്ടിഉണർത്തുകയുംമാത്രമാണു് ചെയ്തിട്ടുള്ളതു്. അതല്ലാതെ തൃപ്പാദങ്ങളുടെ ജീവിതം അപ്പടി പകർത്തുക എന്ന അപരാധത്തിനു് കവി ശ്രമിച്ചില്ല. അന്യഥാ ചിന്തനം—വെറും ഊഹാപോഹത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നിഗമനം ദിവംഗതനും ആരാധ്യപുരുഷനുമായ മഹാകവിയുടെനേർക്കുള്ള നിഷ്കരുണമായ അവഹേളനം എന്നു മാത്രമേ സഹൃദയന്മാർ കരുതുകയുള്ളു. വിശിഷ്യ, ആശാൻ വിദ്യാഭ്യാസാനന്തരം കല്ക്കത്തയിൽ നിന്നു തിരിച്ചുവന്നു് തികഞ്ഞ ഒരു ബ്രഹ്മചാരിയായി തൃപ്പാദങ്ങളുടെ കീഴിൽ സമുദായപരിഷ്കരണ മാർഗ്ഗങ്ങളിൽ ഏർപ്പെട്ടു ബദ്ധശ്രദ്ധനായി കഴിയുന്ന കാലവുമായിരുന്നു. അതുകൊണ്ടു് മി: എസ്സ്. പി. ക്കു് തോന്നിയിട്ടുള്ള സന്ദേഹങ്ങൾ അടിസ്ഥാനരഹിതമാണു് എന്നു് എനിക്കു് ധൈര്യപൂർവ്വം പറയാൻ കഴിയും. ഇനി രണ്ടാമത്തെ വാദത്തെ സംബന്ധിച്ചാണു്. ആശാൻ ജീവിച്ചിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ കാവ്യനിരൂപകന്മാരിൽ ചിലർക്കു് ഈ അഭിപ്രായമുള്ളതായി പ്രസ്താവനഉണ്ടായി. അന്നു് ആശാൻതന്നെ അവരുടെ ആ നിഷ്ഫലവാദത്തെ മുളയിലേ നുള്ളിക്കളയുകയാണു് ചെയ്തിട്ടുള്ളതു്. അതിൽ കൂടുതലായ ഒരു വിശദീകരണം അക്കാര്യത്തിൽ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സി. ഒ. കേശവൻ

---

അഭിപ്രായത്തിനു അയച്ചുതന്നഗ്രന്ഥങ്ങൾ.

അപ്പൂപ്പൻ:— കാരൂർ നീലകണ്ഠപ്പിള്ള
മേൽവിലാസം:— "
ബലാബലം:—എൻ. കൃഷ്ണപിള്ള
കഥാബീജം:—മഹമ്മദ് ബഷീർ
ബലിപീഠത്തിൽ:—ഈ. കെ. ദിവാകരൻപോററി

## TRADESCOMBINE

*Dealers in*

**Handloom Textile Goods**

**MERCHANTS & AGENTS**

PUTHENCHANTHAI,
TRIVANDRUM.

## SHORTHAND IN 30 DAYS

(PITMAN'S SYSTEM)

**Experience of 35 years**

So arranged as to be taught in 30 Days
A speed of 50 WORDS per minute
guaranteed.

*Apply to:—*
THE PRINCIPAL,
**St. Michael's Institute**
Cantonment, Trivandrum.

## ശാന്താബേക്കറി

പുത്തൻചന്ത,
തിരുവനന്തപുരം

നിങ്ങളുടെ രുചിഭേദങ്ങൾക്കും ശരീര
പോഷണത്തിനും ഒരുപോലെ ഹിതമായ
ബിസ്കറ്റുകൾ, കേക്കുകൾ
എന്നിവയ്ക്കു ഞങ്ങളോടാവശ്യപ്പെടുക

## ഇംഗ്ലീഷ് ഉപാദ്ധ്യായൻ

വില 3 രൂ. 8 ണ.

മദ്രാസ് മെഡിക്കൽഹാളിന്റെ വക
വിശേഷവിധിയായ പല ഔഷധങ്ങളും
വില്പാനുണ്ട്. കാററ്ലാഗ് ഇനാം!
മദ്രാസ് മെഡിക്കൽഹാൾ (ബ്രാഞ്ച്)
പുത്തൻചന്ത,
തിരുവനന്തപുരം.

## കുളത്തുങ്കൽ ജൂവലേഴ്സ്.

**പാളയം, തിരുവനന്തപുരം.**

അഖിലഭാരതപ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള അതിമനോഹരമായ "വസുന്ധരാവള, "ബ്രിസ്റ്റ്വള, അമ്മിണിവള, കോണവള, പീകോക്ക് നെക്ക്ലേസ്, സരോജാ നെക്ക്ലേസ് തുടങ്ങിയ പരിഷ്കൃതരീതിയിലുള്ള ആഭരണങ്ങൾ കിട്ടണമെങ്കിൽ ഞങ്ങൾക്കു ആർഡർ തരിക. പുതിയ പുതിയ പരിഷ്കാരങ്ങൾ ദിവസേന വരുത്തിക്കൊണ്ടിരിക്കുന്നു.

തങ്കവും പവനും വെള്ളിയും
മൊത്തമായും ചില്ലറയായും തയാർ.

## വീരകേരള ജിംഖാന

(1924 ൽ സ്ഥാപിച്ചതു്)

(ഫ്രീ ഫിസിക്കൽ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂഷൻ)

ഗ്രാൻറ്-ഇൻ-എയിഡ്, തിരുവനന്തപുരം.

പാശ്ചാത്യവും പൌരസ്ത്യവുമായ് സകലവിധ വ്യായാമരീതികളിലും അവരവരുടെ പ്രായവും ശരീരസ്ഥിതിയുമനുസരിച്ചു ശാസ്ത്രീയമായ അഭ്യസനം സൗജന്യമായി നൽകുന്ന ഏകസ്ഥാപനം.

സമയം

കാലത്തു് 6-30 to 8-30 വൈകിട്ടു് 5-30 to 7-45

# സുപ്രഭാതം

കേരളത്തിന്റെ ഐക്യവും കേരളസംസ്കാരത്തിന്റെ
പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ടു പുറപ്പെടുവിക്കുന്ന

## ഒരു ഉൽകൃഷ്ടമാസിക

## വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | |
|---|---|
| ഒരാണ്ടത്തേയ്ക്കു് | ബ്രി. രു. 5 |
| ആറുമാസത്തേയ്ക്കു് | ബ്രി. രു. 3 |
| ഒററപ്രതിക്കു് | അണ 8 |

ലേഖനങ്ങളും മാററപ്പത്രങ്ങളും അഭിപ്രായത്തിനുള്ള പുസ്തകങ്ങളും പത്രാധിപർ, സുപ്രഭാതം തിരുവനന്തപുരം എന്നുള്ള മേൽവിലാസത്തിൽ അയച്ചുതരാനപേക്ഷ.



# ശ്രീധന്വന്തരിമഠം

## ആയുർവ്വേദഫാർമസി

പുത്തൻചന്ത,—തിരുവനന്തപുരം.

ശാസ്ത്രനിയമത്തെ ശ്രദ്ധാപൂർവ്വം അനുഷ്ഠിച്ചു് തയാറാക്കിയിട്ടുള്ള

## ഔഷധങ്ങൾ

വി. പി. ആയും അയക്കപ്പെടും.

മലയാളത്തിലൊ തമിഴിലൊ ഉള്ള കാററ്ലാഗിനു്
2 അണ സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ,
ശ്രീധന്വന്തരിമഠം ആയുർവേദഫാർമസി
പുത്തൻചന്ത,
തിരുവനന്തപുരം.



*Printed by P. M. Kesavan, Ezhukone at the Bharath Press, Trivandrum & Published from Trivandrum.*